2-25

# വള്ളത്തോൾ സുധ

## രണ്ടാംഭാഗം

സമ്പാദകൻ
കുററിപ്പുഴ കൃഷ്ണപിള്ള

K2:2
656

ദക്ഷിണഭാഷാ ബുക്കട്രസ്റ്റിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്

Digitized By Kerala Sahitya Akademi

# വള്ളത്തോൾ

## സുധ

Digitized By Kerala Sahitya Akademi

# VALLATHOL SUDHA Vol 2.

(Selected poems of Vallathol)

Compiled by
KUTTIPPUZHA KRISHNA PILLAI M. A.
December 1962
First Impression Copies 3000
Price: Rs. 2—25.
Rights Reserved
Published by
Vallathol Grandhalayam, Cheruthuruthy, Kerala

Published under the auspices of
SOUTHERN LANGUAGES BOOK TRUST
Madras-34
Second Series-Malayalam 24

Printed at
Vallathol Ptg. & Pubg. House, Cheruthuruthy.

Digitized By Kerala Sahitya Akademi

# വള്ളത്തോൾ സുധ

## രണ്ടാം ഭാഗം

തിരഞ്ഞെടുത്ത വള്ളത്തോൾ
കവിതകളുടെ സമാഹാരം

സമ്പാദകൻ:

**കുററിപ്പുഴ കൃഷ്ണപിള്ള, ബി. ഏ.**

---

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.
വില 2ക. 25നപ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ആമുഖം

ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റ്, തമിഴ്, തെലുങ്ക്, മല യാളം, കന്നഡ എന്നീ ദ്രാവിഡഭാഷകളിൽ ഉത്തമഗ്രന്ഥങ്ങളുടെ വിവർത്തനം, പ്രകാശനം എന്നീ മണ്ഡലങ്ങളിൽ സ്തുത്യർഹമായ സാഹി തീസേവനം നടത്തിപ്പോരുന്നുവെന്നു കാണുന്ന തിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഭാഷാസംസ്ഥാനങ്ങളുടെ ആവിർഭാവം വിഘടനാവാസന കളെ ഉത്തേജിപ്പിക്കുന്നുവെന്ന സന്ദേഹത്തിന്നു പ്രാബല്യം ചില കേന്ദ്രങ്ങളിലെങ്കിലും സിദ്ധിച്ചു വരുന്ന ഈ ഘട്ടത്തിൽ പ്രസ്തുത ബുക്ക്ട്രസ്റ്റി ൻെറയും അതുപോലുള്ള മററു സ്ഥാപനങ്ങളു ടെയും പ്രവർത്തനങ്ങൾ സാംസ്കാരികമണ്ഡല ത്തിലുളവാക്കുന്ന വൈകാരികമായ ഏകമതീ ഭാവം വേണം ഇന്ത്യയുടെ സമഗ്രമായ ഐക്യ ത്തിനുതന്നെ സഹായം നൽകുവാൻ. മൂല ദ്രാവിഡഭാഷയുടെ സന്താനങ്ങളെന്ന നില യിൽ സഹോദരീഭാവമുള്ള ദക്ഷിണേന്ത്യൻ ഭാഷകൾ തമ്മിൽ ഉണ്ടാകുന്ന ഐക്യം, ഭാരത ത്തിലെ ഇതരഭാഷകളുമായി അവയ്ക്കു സാമീ

Digitized By Kerala Sahitya Akademi

ച്യവും സമ്പക്ക്വും വഢിപ്പിക്കുന്നതിനുതകുന്ന ഒരു പ്രധാനോപാധിയായിത്തീരുമെന്നുള്ളതു് നിസ്തക്കമാണ്. ചുരുക്കിപ്പറഞ്ഞാൽ ഏതു ദേശാഭിമാനിയായ ഭാരതീയനും പ്രിയംകരമായിരിക്കേണ്ട ഇന്ത്യയുടെ ഐക്യത്തിനു്, ദക്ഷിണഭാരതീയരുടെ പ്രഥമസംഭാവനയാണ് ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റിൻെറതുപോലുള്ള സാഹിതീസപര്യ. ഈ സംഘടനയുടെ പ്രവത്തനങ്ങൾ ദക്ഷിണേന്ത്യൻ ഭാഷകളെ സമഞ്ജസമായി ഇണക്കിച്ചേത്തു് പരോക്ഷമായെങ്കിലും ദേശീയചിത്തവൃത്തി നാട്ടാരിൽ ദൃഢമൂലമാക്കുവാൻ പ്രയോജകീഭവിക്കട്ടെ.

ദക്ഷിണഭാഷാ ബുക്ക്ട്രസ്റ്റിൻെറ പ്രവത്തനപരിധി കൂടുതൽ വ്യാപകവും പ്രകാശമാനവും പ്രയോജനപ്രദവുമാകട്ടെ എന്നാണ് എൻെറ ആത്മാത്ഥമായ ആശംസ.

പട്ടം താണുപിള്ള

# വിഷയവിവരം


| നമ്പ്ര് | | പേജ് |
|---|---|---|
| 1. | സത്യഗാഥ | 9 |
| 2. | പുരാണങ്ങൾ | 13 |
| 3. | ഉണ്ണാനില്ല ഉടുപ്പാനില്ല | 19 |
| 4. | ഒരു ചിത്രം | 26 |
| 5. | ഒരു സന്ധ്യാപ്രണാമം | 31 |
| 6. | കോഴി | 36 |
| 7. | തുഞ്ചത്തെഴുത്തച്ഛൻ | 42 |
| 8. | ഒരുൾനാട്ടിലെ വേനൽക്കാലം | 46 |
| 9. | രാധയുടെ കൃതാർത്ഥത | 52 |
| 10. | കാറുകണ്ട കർഷകൻ | 58 |
| 11. | കർമ്മഭൂമിയുടെ പിഞ്ചുകാൽ | 63 |
| 12. | എൻെറ ഗുരുനാഥൻ | 67 |
| 13. | ഒട്ടകത്തെക്കുറിപ്പ് | 73 |
| 14. | കവിത | 78 |
| 15. | ഭക്തിയും വിഭക്തിയും | 82 |
| 16. | ആ കൊച്ചുമാറാപ്പ് | 90 |
| 17. | മലയാളത്തിൻെറ തല | 93 |
| 18. | മാപ്പ് | 104 |
| 19. | പണ്ടത്തെപ്പാട്ടുകൾ | 109 |
| 20. | എൻെറ ജോലി നോക്കട്ടെ | 112 |


Digitized By Kerala Sahitya Akademi

| | | |
|---|---|---|
| 21. | ഗുരുദക്ഷിണ | 115 |
| 22. | ജാതിപ്രാഭവം | 119 |
| 23. | ഇന്ദ്രനും മാബലിയും | 125 |
| 24. | ഇരട്ടിപ്പടി | 129 |
| 25. | പാംസുസ്നാനം | 135 |
| 26. | മിഥ്യാഭിമാനം | 141 |
| 27. | ഇന്നത്തെ നിഘണ്ടുവിൽ | 143 |
| 28. | പൊററമ്മേ, പ്രസീദ! | 146 |
| 29. | നിർവ്വാണമണ്ഡലം | 151 |
| 30. | "പാടുക പാടുക" | 155 |
| 31. | പുതുമഴപ്പാററകൾ | 158 |
| 32. | ബുഭുക്ഷ | 163 |
| 33. | പൂർണ്ണവിശ്രമസൌഖ്യം | 166 |
| 34. | ബഹിഷ്കൃതമായ അന്തർജ്ജനം | 170 |
| 35. | ലോകാസ്സമസ്താഃ സുഖിനോ ഭവന്തു! | 178 |
| 36. | ഒരു കീറത്തലയണ | 182 |
| 37. | നമ്മുടെ ഗുരുദേവൻ | 187 |
| 38. | ബധിരവിലാപം | 194 |
| 39. | അത്യാഹിതം | 206 |
| 40. | മഗ്ദലനമറിയം | 210 |
| 41. | അച്ഛനും മകളും | 221 |
| 42. | ഒരു കത്ത് | 232 |


Digitized By Kerala Sahitya Akademi

# വള്ളത്തോൾ സുധ

## രണ്ടാം ഭാഗം

### 1. സത്യഗാഥ

(ചെറുശ്ശേരി മട്ട്)

അമ്മേ, ജയിക്ക, ജയിക്കുക സൽസത്യ-
ധർമ്മാധിദേവതേ ധന്യധന്യേ!
നിന്മഹിമാവൊന്നുതാനല്ലോ നിശ്ശേഷ-
ബ്രഹ്മാണ്ഡഭാണ്ഡങ്ങൾക്കേകാലംബം.

മേൽവരമ്പറ്റമില്ലാതെ കിടക്കുമാ-
കേവലമാം മരുഭൂമിതന്നിൽ
എത്ര പുഷ്പങ്ങളെ മിന്നിത്തിളങ്ങിപ്പൂ
ചിത്രം നിൻ തേജസ്സിൻ കന്ദളങ്ങൾ!

ആലക്ഷ്യമായൂർദ്ധ്വഭാഗത്തി മാഹേന്ദ്ര-
നീലപ്പലകപ്പുറത്തു നീളേ

Digitized By Kerala Sahitya Akademi

തങ്കലിപികളാൽ കൊത്തിയിട്ടുണ്ടല്ലോ
ശങ്കരി, നിൻചരിത്രാംശലേശം.

മുപ്പാരുകൾക്കേകറാണിയാം നിന്നുടെ
തൃപ്പാണിച്ചെങ്കോലിൻ കാന്തിയത്രേ,
നാകസ്ഥലത്തേശിക്കാലേ നിയോഗിപ്പൂ
ലോകരെ വേലയ്ക്കും വിശ്രാന്തിയ്ക്കും.

ദേവി, നിൻകോവിലിൻ താഴികപ്പൊങ്കുടം
തൂവിന രമ്യമാം രശ്മിജാലം
പീവരധ്വാന്തത്തെപ്പാടനം ചെയ്തതി-
പാവനമാക്കുന്നു പാരിടത്തെ.

നീ, വിശ്വമാതാവേ, പൊക്കിപ്പിടിച്ച നൽ-
ത്തൂവെള്ളിക്കിണ്ണത്താലൂ,ൾ കുളിക്കെ
അന്നന്നൊഴുക്കിത്തരുന്നതു ദിവ്യമാം
വെൺനറുംപാലോ, നിൻ വാത്സല്യമോ!

മന്നാകെ മുക്കാനൊരുക്ഷണം ഭീഷണ-
സന്നാഹമാർത്തെത്തുമണ്ണവത്തെ
പിന്നാക്കമൊന്നു പിടിച്ചു തള്ളീടുമീ
നിന്നാജ്ഞപ്പൈതലിൻ ക്രീഡ കൊള്ളാം!

കൊണ്ടൽത്തലപ്പാറും വൃക്ഷലതാദികൾ
കൊണ്ടുള്ളടപ്പുമായ്പ്പൃവ്വതങ്ങൾ

Digitized By Kerala Sahitya Akademi

നിന്നരുളപ്പാടു കേഠംപ്പതിന്നായിതാ,
നിന്ന നിലയ്ക്കിളകാതെ നില്പൂ!

ഏകത്ര തീക്കപ്പൽ പാറമേൽച്ചെന്നടി-
ച്ചാകവേ പെട്ടെന്നുടഞ്ഞീടുന്നു;
അന്യത്ര കാർമൂടലപ്പോഴേ നീങ്ങുന്നു
നിന്നുടെ വൻകൊട്ടുംകാററിനാലേ.

മിന്നൽ നിൻപള്ളിവാഠം;മേഘം നിൻ പള്ളി-
ഉന്നതമാമിടി നിൻപടഹം; (ത്തേർ;
ശാശ്വതമാകുമകൃത്രിമശബ്ദങ്ങ-
ളീശ്വരി, നിൻജയകാഹളങ്ങഠം!

ശ്രീമത്താം നേർവഴി കാട്ടും പ്രദീപമേ,—
ഹാ, മർത്ത്യജാതിതൻ ദുർമ്മോഹങ്ങഠം—
മാറാലകൊണ്ടു മറയ്ക്കാംപോലെ,ന്നെന്നും
മാറാതെ നില്പതാം നിൻവെളിച്ചം;

അററമില്ലാത്ത നിൻപ്രേമമോ നിന്നുടെ
കററക്കിടാങ്ങളെക്കാത്തിരിപ്പൂ!
നിൻകഴൽ ചുംബിപ്പാൻ താഴും ശിരസ്സിനു
ശങ്കയില്ലെങ്ങുമുയർന്നു നില്ക്കാം.

നിൻ തൃക്കൊടിക്കുറതൻ തണലൊന്നൊഴി-
ഞ്ഞെന്തുള്ള നിർവ്വാണസ്ഥാനം വേറേ?

Digitized By Kerala Sahitya Akademi

ഈടുററ നിൻ തൃക്കാലാകം കിരീടത്തെ-
ച്ചൂടുന്നതാര,വനാണരചൻ;

ശ്രേഷ്ഠമാം നിന്നുപദേശമോരോന്നിഹ
കേട്ടു പഠിച്ചവനാണു വിദ്വാൻ;
താവകനിശ്ശബ്ദഗീതങ്ങൾ പാടുന്ന-
തേവനോ, കാവ്യകൃത്തായവൻ താൻ!

ത്വൽപ്പദപീഠത്തിൽ സർവ്വസ്വവും ശരി-
യ്ക്കർപ്പണംചെയ്യുതേ ത്യാഗധർമ്മം;
നൂനം നിൻ നിർമ്മലമഞ്ജുളരൂപത്തെ
ധ്യാനിച്ചുകൊൾവതേ രാജയോഗം!

Digitized By Kerala Sahitya Akademi

# 2. പുരാണങ്ങൾ

(കിളിപ്പാട്ട്)

ഭാരതവർഷത്തിലെ-
പ്പൂർവ്വരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു
പാർത്തുകണ്ടറിഞ്ഞവർ,
യോഗൈകനിരതന്മാർ,
ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകദ്രവിണന്മാര;-
വർതൻ വാസങ്ങളോ,

പൊട്ടപ്പുല്ലുകൾകൊണ്ടും
ശുഷ്കപത്രൗഘംകൊണ്ടും
കെട്ടിമേഞ്ഞവയായ
പാഴ്ക്കുടിലുകളത്രേ.
എങ്കിലുമവയിൽനി-
ന്നങ്ങു കിട്ടിയ മണി-
ത്തങ്കങ്ങൾ മഹാർഘങ്ങൾ,
മറ്റെങ്ങുമലഭ്യങ്ങൾ.

Digitized By Kerala Sahitya Akademi

പട്ടുമെത്തയെക്കാളു-
മിഷ്ടമായ് വാഗ്ദേവിക്കു
ശിഷ്ടരാമവരുടെ
മടിപ്പൽവിരിപ്പുകൾ:
തത്ത്വചിന്തോദ്രേകത്താ-
ലെങ്ങാനുമവധാന്യക്കു
വിസ്തീർണ്ണത്തിരുനെറ്റി
വിയത്താലപ്പോളെല്ലാം,
പ്രേമവിഹ്വലയായ്ത്തൻ
പോർമുലക്കച്ചതൊടുമ്പോൽ
കോമളം വീശിപ്പോന്ന
വാഗധീശ്വരിതൻെറ
മഞ്ജുകൈത്തണ്ടിൽച്ചിന്നി
മിന്നിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽ-
നിന്നു നാമിന്നും കേൾപ്പൂ!
അമ്മഹാശയന്മാരാം
മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം
നിർത്തി വിശ്രമിക്കുമ്പോൾ
നന്മയിൽക്കവിതയാം
ദേവിയുമായിച്ചെയ്ത
നർമ്മസല്ലാപങ്ങളേ,
നിങ്ങൾക്കു നമസ്കാരം;

Digitized By Kerala Sahitya Akademi

ഭാസകാളിദാസാദ്യ-
 ന്മാരെയും പുലർത്തിയ
ഭാസുരസാരസ്വത-
 ഭണ്ഡാരപ്പുരകളേ,
ദുർഗ്രഹമാഹാത്മ്യമാ-
 മാമ്നായാദ്രിയിൽനിന്നു
നിർഗ്ഗമിച്ചൊഴുകിയ
 നിർമ്മലനദികളേ,

ഉച്ചകൈരുപനിഷ-
 ദ്ദേവതാക്ഷേത്രങ്ങളേ,
സച്ചതുർവ്വർഗ്ഗാഭിഖ്യ-
 സാംഖ്യകക്ഷേത്രങ്ങളേ,
പേർപെറുമാര്യന്മാർതൻ
 വിജയസ്തംഭങ്ങളേ,
ശ്രീപുരാണഗ്രന്ഥങ്ങളേ,
 നിങ്ങൾക്കു നമസ്കാരം!

തേനൊലിപ്പഴങ്ങളും,
 തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തി-
 ക്കളിയ്ക്കും കുളിർകാററും,
മാനസം തെളിഞ്ഞുള്ള
 പക്ഷികളുടെ കള-
ഗാനവും ചേരും ലീലാ-
 രാമങ്ങൾ ചില ദിക്കിൽ;

Digitized By Kerala Sahitya Akademi

താമരയിലകളാൽ
പച്ചവില്ലീസ്സു പുത-
ച്ചാമട്ടിൽ വിളങ്ങുന്ന
പൊയ്കകൾ ചില ദിക്കിൽ;
പാറമേൽത്തട്ടിപ്പാരം
പളുങ്കിന്മണി ചിന്നി-
ച്ചാരവമോടേ പായും
പുഴകൾ ചില ദിക്കിൽ—

പ്രകൃതിരമണീയം,
ശാന്തഗംഭീരം ഹാ ഹാ,
സുകൃതിനികേതമേ
നിങ്ങൾതൻ മഹാരാജ്യം!

ഭണ്ഡനാധികാരത്താൽ
കണ്ണുരുട്ടിയോ, സ്നേഹാ-
ഖണ്ഡശക്തിയാൽ കൈയ്ക്കു
പിടിച്ചു നിറുത്തിയോ,
ഭംഗിയിലനുരാഗാ-
ലണച്ചു തഴുകിയോ
നിങ്ങൾ പിന്തിരിപ്പിപ്പൂ
ദുഷ്കൃതത്തിൽനിന്നൊന്നേ.
മണ്ണിനെപ്പൊന്നാക്കുന്ന
മായതൻ കളിത്തട്ടം
കണ്ണിമയ്ക്കാതെ നോക്കി-
ക്കണ്ടേററം ചിരിയ്ക്കുന്നു;

Digitized By Kerala Sahitya Akademi

മർത്ത്യജീവിതപുഷ്പം
ചേററിൽ വീഴുവതോർത്തി-
ട്ടത്തലാൽക്കരയുന്നു
തൽക്ഷണംതന്നേ നിങ്ങൾ.
നീതിയുമനീതിയും
ധർമ്മവുമധർമ്മവും
വേർതിരിച്ചിററ നിങ്ങൾ
ഭരണം നടത്തുന്നു,
പൈതലാം ലോകത്തിന്നു
വിശ്രമാനന്ദം നല്കാൻ
പ്രീതിയിൽത്താലോലിച്ചു
താരാട്ടും പാടീടുന്നു.
ചെങ്കോലു ദൂരത്തിട്ടു
യോഗദണ്ഡെടുക്കുന്നു;
പൊൻകിരീടത്തെജ്ജടാ-
ജ്ജൂടമായ് മാററീടുന്നു;
സ്വർഗ്ഗവും തൃണപ്രായം
നിങ്ങൾക്കു; ജഗത്തിങ്കൽ
മൂല്യമായൊന്നേയുള്ളു:
സ്വാതന്ത്ര്യം—സാക്ഷാൽ മോക്ഷം.
പൂതമോംകാരംപോലേ
ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം ലഭിപ്പാനായ്-
ക്കരണത്രിതയത്താൽ

Digitized By Kerala Sahitya Akademi

സാദരം പ്രയത്നിപ്പിൻ;
　　സാഫല്യപ്പെടുത്തുവിൻ,
സോദരന്മാരേ, നിങ്ങൾ
　　സൗരമാം നരജന്മം!

Digitized By Kerala Sahitya Akademi

## 3. ഉണ്ണാനില്ല ഉടുപ്പാനില്ല

I

കാലത്തു മേയാഞ്ഞതുകൊണ്ടു മാരിയേ-
റ്റോലപ്പുറംതോൽ പൊരുതുവലിഞ്ഞഹോ,
സാലസ്യമായ് പ്പട്ടിണി പെട്ടതിൽക്കഴ-
ക്കോലസ്ഥി പേർത്തുന്തിയ ഗേഹമൊന്നിതാ!

പാരം ദ്രവിയ്ക്കും പഴയോലകൾക്കുഴു-
ദ്വാരത്തിലൂടേ വെയിലാപതിയ്ക്കയാൽ,
സൈ്വരം നിലത്തിങ്ങു ലസിപ്പതുണ്ടതി-
ക്രൂരങ്ങൾ ദാരിദ്ര്യപിശാചദൃഷ്ടികൾ.

ഒട്ടുംവിടാതേ മഴയേററു ചോരൊലി-
ച്ചിട്ടുള്ള പാടല്ലിതു ശുഭ്രഭിത്തിമേൽ;
ഒട്ടുക്കു പാഴാക്കിന 'ചേട്ട' കെട്ടഴി-
ച്ചിട്ടുള്ള ചെങ്കുന്തളമായിരിയ്ക്കണം!

അല്ലായ്കിലന്തസ്സിലിരുന്ന തൻനില-
യെല്ലാമിതിന്നുട്ടിടിവേററതോക്കയാൽ
വല്ലാതെ നൊന്തിപ്പുരതൻെറ കണ്ണിൽനി-
ന്നല്ലാഘവം ചോരയൊലിച്ചതായ് വരാം!

Digitized By Kerala Sahitya Akademi

സ്വീയദേഹിപാർശ്വങ്ങളിലിരീയുരൽപ്പുറ-
പ്രായങ്ങൾ മാറാലകൾ പറ്റി നില്ക്കയാൽ,
ശ്രീയററതാമമ്മറവാതിൽ കാൺക, കാ-
രീയപ്പൂത്തുത്തോടകളിട്ട പോലെന്നായ്.

ആരാണു നോക്കുന്നതിനററകററ? - വി-
ച്ഛേരാണ്ട വീടിന്നുടമസ്ഥയായവൾ
നേരായി വീർപ്പൊന്നിടുവാനുമുൾഭ്രമം
ചേരാതെ,യഞ്ചാംപുരയിൽത്തനിച്ചതാ!

ദാരിദ്ര്യക്ലിഷ്ടാനശനവ്രതാലുടൽ-
ത്താരിൽച്ചടപ്പേറിട്ടമിത്തപസ്വിനി
പൂരിച്ച വാട്ടത്തൊടടുപ്പിനന്തികേ
നേരിട്ടിരുന്നഗ്നിസപര്യ ചെയ്കയോ?

കീറിപ്പൊളിഞ്ഞുള്ളൊരുടുപ്പിലും, വിള-
ർപ്പേറി ക്ലമപ്പെട്ട മുഖാംബുജത്തിലും,
മാറിന്നകം ഖേദമിവൾക്കിതാ, നിറം-
മാറിക്കിടപ്പുണ്ടു കുലീനതാഗുണം.

മുപ്പത്തിയെട്ടിൽപ്പുറമായ്‌വരാ വയ-
സ്സി,പ്പക്ഷ്മളാക്ഷിയ്ക്കു തികഞ്ഞ യൌവനം
ഉൽപക്ഷമുൾഭിക്ഷനിപീതശേഷമായ്-
സ്സൽപല്ലവാംഗേ വിലസുന്നിതിപ്പൊഴും.

തൈലവ്യയത്താൽച്ചികുരിയ്ക്കു തുല്യമാം
കോലത്തൊടിക്കാണ്മൊരു കേശപാശമോ,

Digitized By Kerala Sahitya Akademi

നാലഞ്ചുമാസത്തിന്ന മുമ്പുകൂടിയും
നീലത്തഴക്കൂന്തലൊത്തു ലസിച്ചിരുന്നതാം.

മാലിന്നിതേ സംഗതി: കാലവൈശസ-
ത്താലിന്നെഴും സ്വത്തുകൾ വിററു തിന്നുപോയ്;
മേലിൽപ്പൊറുപ്പാൻ വഴിയോർത്തു കാന്തനോ,
കൂലിപ്പണിയ്ക്കായ് മറുനാടു പൂകിനാൻ.

സ്നേഹം തഴച്ചും പതിയൊത്തുദാരമാം
ഗേഹത്തിനേകേശ്വരിയായ്സ്സുഖിച്ചവൾ,
ഹാഹന്ത, ദൈന്യദാഹഹതാശാൽത്തകർന്നു തൻ-
ദേഹം മറപ്പാൻ തുണിപോലുമെന്നിയേ,

ശോകത്തിലും ലജ്ജയിലും നിലീനയായ്
വേകട്ടെയെന്നാണു വിധിപ്രകല്പിതം:
ലോകപ്രഭോ, കാഞ്ചനകേതകത്തിലും
നീ കർക്കശം മുള്ള പതിപ്പതെന്തിനോ!

ആയിഷ്ടവാക്കാം വലയസ്വനത്തോടേ
പായിട്ടിരുത്തിപ്പലപോക്കു ഭക്ഷണം
ഭൂയിഷ്ഠമായ് നല്കിയ കയ്യിതൊന്നു വ-
ററായിട്ടു നാളെത്ര കഴിഞ്ഞു കഷ്ടമേ!

ഒരു പിടിയരിയിന്നവൾക്കദഞ്ചൽ-
കരുണമൊരാളയൽവീട്ടിൽനിന്നു നല്കീ;
ഒരുവിധമതുകൊണ്ടു കഞ്ഞിവെപ്പാൻ
കരുതിയടുക്കളെ പുക്കതാണിദാനീം.

Digitized By Kerala Sahitya Akademi

## II

അതാ, യുവാവായൊരുദാരരൂപ-
ൻ,താനു ശങ്കിച്ചതു പോലെ ചുററും
ത്താടമാം ദൃഷ്ടി പതിച്ചുകൊണ്ടീ
പ്രതാന്തമാകും ഭവനത്തിലെത്തി.

‘ഇല്ലാ, വഴിത്തെററു നമുക്കു വന്നി-
ട്ടില്ലാ ദൃഢം;വീടിതുതന്നെ; പക്ഷേ
വല്ലാത്തതാം മാററമിതെ;-ന്തു പററീ
ചൊല്ലാൻ മൽബന്ധുജനത്തിനാവോ?’

എന്നായ് നിനച്ചൊട്ടിട പൂമുഖത്തു
നിന്നാനവൻ തെല്ലു പരുങ്ങലോടേ;
മുൻനാളിലെപ്പോലതിഥിയ്ക്കടുക്കൽ
വന്നാരുമഭ്യർച്ചന ചെയ്തതില്ല.

മേലാകവേ ‘ചെള്ളി’ളകി,ക്കിതപ്പിൽ
സ്ഥൂലാസ്ഥിപാർശ്വങ്ങളുയർന്നുതാണും,
കോലായിലേ,താണ്ടു നമസ്കരിച്ച-
പോലായ്ക്കിടപ്പുണ്ടൊരു സാരമേയം;

അന്നായ, മുൻകാലിണ നീട്ടിവെച്ചു
നന്നായതിൽച്ചായ്ച്ച ശിരസ്സുയർത്തി,
വന്നാളെ വാർദ്ധക്യവിവർണ്ണദൃക്കാ-
ലൊന്നാകുലം നോക്കുക മാത്രമുണ്ടായ്!

Digitized By Kerala Sahitya Akademi

പില്പാടു താൻതന്നെയകത്തു പുക്കാ
നൽപ്പാന്ഥനങ്ങിങ്ങു നടന്നിടുമ്പോഠം,
തൽപാദവിന്യാസമൃദുസ്വനത്താ-
ലുൽപാദിതോദ്വേഗമെണീററു തന്വീ.

ഇളംമൃണാളിയ്ക്കെതിരാം ഭുജത്താൽ
വിളർത്ത മാത്തട്ടു മറച്ചു മന്ദം,
തളന്നു കാൽവെപ്പൊടുടൻ വടക്കേ-
ത്തളത്തിൽ വന്നൊന്നവളെത്തിനോക്കി.

ചട്ടററ തൻദാരസവിത്രിയെക്ക-
ണ്ടിട്ടങ്ങറിഞ്ഞീല കുമാരനാദ്യം:
പട്ടന്നു, പാളത്തൊലിയിന്നു;-വഠംക്ക
മട്ടത്രയം മാറിമറിഞ്ഞുവല്ലോ!

ക്ഷാമാംഗിയാകട്ടെ,യൊരൊററനോക്കിൽ
ശ്രീമാനതാരെന്നു ശരിയ്ക്കറിഞ്ഞു;
ആ മാത്രയിൽത്താനവഠംതൻ വപുസ്സിൽ-
സ്സാമാന്യമല്ലാതൊരു മിന്നൽ പാഞ്ഞു!

ഉടൻ, യുവാവസ്ഥത പൂണ്ടു നില്ക്ക-
പ്പിടഞ്ഞുകൊണ്ടുക്കിലൊരോട്ടമോടി,
വടക്കിനിക്കെട്ടിലെ മച്ചിനുള്ളിൽ-
ക്കടന്നതിൻ വാതിലടച്ചുകൊണ്ടാഠം:

ഈ വന്നവൻ ഗേഹിനി, നിൻെറ ജാമാ-
താവല്ലയോ ദൂരതരാധ്വഖിന്നൻ?

Digitized By Kerala Sahitya Akademi

നീ വല്ലതും സ്വാഗതവാക്കുമോതാ-
തീവണ്ണമെന്തോടിയൊളിച്ചതയ്യോ!

അല്ലായ്കിലാ,ണാമൊരുവന്റെ മുമ്പിൽ-
ച്ചെല്ലാനിവൾക്കെങ്ങിനെ കാല്യ നീങ്ങും?
നല്ലാർകളും കാണുകവയ്യയല്ലോ,
മല്ലാക്ഷിയാൾതന്നുടലത്ര നഗ്നം!

ഫുല്ലാക്ഷനപ്പൂരുഷനവ്വരപ്പു
തെല്ലാറിയപ്പോളനുമാനയുക്ത്യാ,
വല്ലായ്മ തൻ ശ്വശ്രുവിനിന്നതെന്നൊ-
ട്ടെല്ലാം ഗ്രഹിച്ചാശ്രു പുറത്തിറങ്ങി.

"രണ്ടാണ്ടിടയ്ക്കഗ്നിഗിരിയിത്രമാത്രം
കുണ്ടാകിൽ മൺതിട്ടുകളെന്തു പിന്നെ?
തണ്ടാരിലമ്മയ്ക്കുമുടുപ്പുമുണ്ടാ-
മുണ്ടാവുകില്ല,ത്ര നിറഞ്ഞു പഞ്ഞം!

പോരിന്റെ പീരങ്കി വമിച്ച ധൂമം
പൂരിച്ച യൂറോപ്പിലെ വാനിനേക്കാൾ
പാരിച്ചിരുട്ടാണ്ടിതു ഭാരതാഭ്രം,
ദാരിദ്ര്യതപ്തശ്വസിതോൽഗമത്താൽ!"

തുടന്നൊരേതാദൃശചിന്തയോടേ
നടന്നാ പണ്യശാലാവലിങ്കലെത്തി,
ഉടൻ കുറെച്ചേലകൾ വാങ്ങി മാന്യൻ
മടങ്ങിവന്നു ശ്വശുരാലയത്തിൽ.

Digitized By Kerala Sahitya Akademi

ജാമാതൃസത്തമ, വധൂജനനിയ്ക്കുടുപ്പാൻ
പ്രേമാർദ്രനങ്ങിവിടെ വാങ്ങിയ കോടിവസ്ത്രം
ആ മാനിനിയ്ക്കു ചരമാവരണത്തിനാവാം:
ഹാ, മാറി രംഗ;– മറവാതിൽ തുറന്നുനോക്കൂ!

ദാരിദ്ര്യമില്ല, രുജയില്ല, ജനങ്ങൾ തമ്മിൽ–
പ്പോരിട്ടു നീളെ വിഷവായു പൊഴിയ്ക്കലില്ല;
ഭൂരിപ്രശാന്തഗുണമിങ്ങിനെയുള്ളൊരേടം
ചാരിത്രശാലിനിയണഞ്ഞുകഴിഞ്ഞു താൻതാൻ!



Digitized By Kerala Sahitya Akademi

# 4. ഒരു ചിത്രം

(കൃഷ്ണഗാഥ)

നില്പിതു കാൺകൊ,രാൺകുഞ്ഞിതാ, തൻ
കയ്യിൽച്ചെറിയ പാൽപ്പാത്രവുമായ്, (കുഞ്ഞി-
പയ്യിനെക്കാലേ കറന്നീടുമമ്മതൻ
മെയ്യിൻ വലംവശം ചാരിനിൽപ്പൂ.

മാതാവോ, പൈക്കറ നിത്തി, മണിവള-
വ്രാതമണിഞ്ഞ വലത്തുകയ്യാൽ
പൈതലെപ്പേർത്തുമണച്ചുപുണർന്നതി-
പ്രീതയായ് കോൾമയിർക്കൊണ്ടീടുന്നു;

ചേലുററ പാത്രത്തിലമ്മ നറുംചുടു-
പാലും പകർന്നു കൊടുത്തതിനാൽ
ബാലൻെറ ചെന്തൊണ്ടി വായ്മലരിൽച്ചെററു
പാലഞ്ചും പുഞ്ചിരി തഞ്ചീടുന്നു.

താമരത്താരിതൾപോലെ നെടുതായി-
ത്തൂമയ്യെഴുതിയ കണ്ണിണയിൽ
പ്രേമവും ഹർഷവുമുൾക്കൊള്ളുമുണ്ണിത-
ന്നോമനവക്ത്രമിതെത്ര രമ്യം;

Digitized By Kerala Sahitya Akademi

എന്മട്ടെന്നോതുവാനേതും കഴിവില്ലാ-
ത്തിമ്മധുരാനനമൊന്നു കണ്ടാൽ,
അമ്മയ്ക്കു മാത്രമല്ലാക്കുമേ പെന്നെട-
ത്തുമ്മവെച്ചീടുവാൻ തോന്നുമല്ലോ!

കേവലഭംഗ്യാ കൊഴുത്തുരുണ്ടുള്ളൊരി-
പ്പൂവൽമെയ് പൂണ്ടോർതാൻ പുണ്യവാന്മാർ:
ലാവണ്യദുഗ്ദ്ധം കടഞ്ഞെടുത്തീടിന
തൂവെണ്ണയോ ഇതു തമ്പുരാനേ!

ക്ഷോണിയ്ക്കിരുളിനീങ്ങാൻ ദൈവംതാൻ കത്തിച്ച
ശാണിയ്ക്കും കാഞ്ചനക്കൈവിളക്കോ!
ചാണയ്ക്കുവെച്ചേറെച്ചന്തം വരുത്തിയ
മാണിക്യക്കല്ലോ ഈ മഞ്ജുരൂപം!

വെൺതിങ്കൾബിംബത്തിൻ സൌമ്യപ്രകാശവും,
മുന്തിരിസ്സത്തിന്റെ മാധുര്യവും,
പൂന്തയ്യൽത്തെന്നലിൻ പൂണ്ണകളിർമയും,
മാന്തളിർത്തൊത്തിന്റെ മാർദ്ദവവും,

വാനിൽ നവരത്നതോരണം കെട്ടുന്ന
വാർമഴവില്ലിന്റെ നല്ലഴകും,
വാടാതെ സന്ധ്യയ്ക്കു മന്ദംവിരിയുന്ന
വാസന്തിപ്പൂവിന്റെ വാസനയും—

മററുമാനന്ദമേകുന്ന പദാത്ഥങ്ങൾ
മുററുമൊത്തിട്ടുണ്ടിക്കൊച്ചുമെയ്യിൽ;

Digitized By Kerala Sahitya Akademi

മററാരുമല്ലിതു മാന്യയശോദതൻ
കററക്കിടാവായ കണ്ണനത്രേ!

അമ്മയ്ക്കു പാൽപ്പാത്രം കാണിച്ചുനിന്നീടു-
മിമ്മലർക്കോമളത്തൃക്കയ്യല്ലോ,
അമ്മാററാമല്ലരാം ചാണൂരമുഖ്യരെ-
ച്ചമ്മന്തിപ്രായമരച്ചുവിട്ടു!

ആറേഴുനാളൊരു കുന്നിനെയൊററക്കൈ-
ത്താരാൽക്കുടയായ്പ്പിടിച്ചോനിവൻ,
ഏറിയാൽ മൂഴക്കു കൊള്ളുമിപ്പാത്രത്തെ-
ക്കൈ രണ്ടുകൊണ്ടും പിടിച്ചിരിപ്പൂ!

പീലികഠം വെച്ചു മേല്പോട്ടാക്കിക്കെട്ടിയ
നീലിമ കോലുന്ന കുന്തലിന്മേൽ
മാലിന്യമേലാത്ത മുത്തുമണീമയ-
മൌലിവിഭൂഷണമൊന്നണിഞ്ഞും;

നന്മഷിക്കോലിനെ വെല്ലുന്ന ചില്ലികഠം-
തൻമദ്ധ്യഭാഗത്തായ്ത്തെല്ലുമീതെ,
ഗോപിമാർ ചുംബിച്ച നിർമ്മലനെററിമേൽ-
ഗ്ഗോപി ചെങ്കുങ്കുമം കൊണ്ടു തൊട്ടും;

കണ്ണുങ്ങഠം രണ്ടിലും കഞ്ജകുസുമത്തിൻ
കണ്ണികയ്യേററത്ത 'കുടകട്ടെക്കൻ'
കണ്ണാടിച്ചില്ലൊക്കും ഗണ്ഡത്തിൽബ്ബിംബിച്ചു
കണ്ണാടിച്ചിന്നുമാറുജ്ജ്വലിച്ചും;

Digitized By Kerala Sahitya Akademi

കൊച്ചിളംകണ്ഠത്തെ മാറോളം തൂങ്ങിയോ-
രച്ഛഹാരത്താലലംകരിച്ചും;
പിച്ചിപ്പൂമാലകൾപോലാം ഭുജങ്ങളിൽ-
പ്പച്ചക്കൽ വെച്ച വളകളിട്ടും;

മൊട്ടുള്ള പൊൻതുടർ മിന്നുമരയിങ്കൽ-
പ്പട്ടാടക്കോണമുടുത്തും ചെമ്മേ;
പട്ടുംപണിയുന്ന പാദങ്ങളിൽ വില-
പ്പെട്ടുള്ള രത്നച്ചിലമ്പു പൂണ്ടും

അമ്മതൻ മൈ ചാരിനില്പോനേ, ലോകങ്ങൾ-
ക്കമ്മയുമച്ഛനുമായവനേ,
ധർമ്മസംരക്ഷയ്ക്കായ് ക്ഷുദ്രരുടെ ജന്മ-
ധർമ്മം കൈക്കൊള്ളും പരമാത്മാവേ,

ഭാവം പാർത്ത്,ബാടിപ്പെണ്ണുങ്ങൾതൻ മുന്നിൽ-
പ്പാൽവെണ്ണയൊട്ടൊട്ടു കിട്ടുവാനായ്,
മൂവടികൊണ്ടു മൂപ്പാരുമളന്ന തൃ-
ക്കാൽവെച്ചു തത്തിക്കളിയ്ക്കുവോനേ,

ഓടക്കുഴലൂതിശ്ശീലിച്ചപോരുമാ-
പ്പാടലപേലവച്ചുണ്ടിനാലേ,
പ്രൌഢനാം ഫൽഗുനനുൽക്കൃഷ്ടധർമ്മത്തിൻ
ഗൂഢമാം സത്തുപദേശിച്ചോനേ;

ബാലകരൂപനാം നിന്നുടെയത്ഭുത-
ലീലകൾക്കേണ്ടോ പാഞ്ഞാലറാം!

Digitized By Kerala Sahitya Akademi

നീലകളേബര, നിശ്ശേഷവിശൈ്വക-
പാലക, പോററി, പണിഞ്ഞീടന്നേൻ!

വൃക്ഷവൃന്ദങ്ങളിൽച്ചെന്തെങ്ങാണങ്ങുന്നു;
നക്ഷത്രവഗ്ഗത്തിൽ ശ്ശുക്രനത്രേ;
രക്ഷിയ്ക്കും ബാന്ധവശ്രേണിയിലമ്മതാൻ;
പക്ഷികലത്തിലോ, പച്ചക്കിളി;

നാനാചെടികളിൽത്തുത്താവാകുന്നു നീ:
മാനായ ജാതിയിൽക്കൃഷ്ണമൃഗം;
ഋതുക്കളിൽ മാധവമാസം നീ;
പാനവസ്തുക്കളിൽപ്പാല്യതന്നേ;

ഗാനയന്ത്രങ്ങളിൽ വീണാപ്രകാണ്ഡം നീ
സൂനങ്ങളിൽപ്പനിനീപ്പൂവു നീ;
സ്നാനംകഴിയ്ക്കേണ്ടും തീത്ഥശതങ്ങളിൽ
വാനവഗംഗ നീ വാസുദേവ!

എന്തിലും മീതെ വിളങ്ങുന്ന ദൈവമേ,
ചിന്തിതസവ്വസ്വചിന്താമണേ,
അന്തിയ്ക്കു നാമം ജപിയ്ക്കുമ്പോൾ നിത്യമീ-
നിൻതിരുമെയ്യുള്ളിൽത്തോന്നേണം മേ!

Digitized By Kerala Sahitya Akademi

## 5. ഒരു സന്ധ്യാപ്രണാമം.

കോരിക്കൂട്ടിയ പാഴ്കരിയ്ക്കിടയിലെ-
    ത്തീക്കട്ടയോ, പായലാൽ-
പ്പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
    പൊന്താമരപ്പൂവുമോ,
മാരിക്കാറണി ചൂഴുമിന്ദുകലയോ
    പോലേ, മനോജ്ഞാംഗിയാ-
ളാരി,ക്കാണ്മൊരിരുണ്ട കൊച്ചുപുരതൻ
    കോലായിൽ നില്ക്കുന്നവൾ?

ഏങ്ങോജസ്സു തെളിഞ്ഞ വിഗ്രഹമിതി?-
    പ്പാവപ്പെട്ടും മാടമൊ-
ന്നെങ്ങോ? ഹാ, വിധി വല്ല ചേക്കുഴിയിലും
    പൂഴ്ത്തുന്നു രത്നങ്ങളെ;
ഇങ്ങോട്ടാസ്ഥയൊടെത്തിനോക്കിടുവതു-
    ണ്ടന്തിസ്സമീരസ്ഫുരൽ-
ത്തെങ്ങോലപ്പഴുതിങ്കലൂടെ, മറയാൻ
    പോകുന്ന മാർത്താണ്ഡനും!

Digitized By Kerala Sahitya Akademi

അല്പാല്പസ്ഫുരിതാധരത്തളിരുമായ്-
പ്പാർശ്വസ്ഥലം രണ്ടിലും
പൊല്പാഥോരുഹമാലയോടു ശരിയാം
കൈ തൂക്കിയിട്ടാദരാൽ,
നല്പാളും മുഖചന്ദ്രമസ്സിനെ മരുൽ-
ക്കോണിന്നു നേക്കാക്കിയും
നില്പാണീയൊരു ജോനകത്തരുണിയാ-
ളൃജ്വായതോദ്ഗ്രാംഗിയായ്.

സാമത്ഥ്യം പെരുകുന്ന നാഗരികമാ-
രെപ്പേരുമിപ്പോളണി-
പ്പൂമച്ചിൽപ്പുതുമോടി ചേപ്പതിനുഴ-
റേറാടേ ശ്രമം ചെയ്കയാം;
ഗ്രാമപ്പെണ്ണിവളോ, തപസ്വിനിയുപാ-
സിയ്ക്കുന്നു നിഷ്കമ്പയായ്
ശ്രീമദ്വിശ്രമമഞ്ചലതൻ ജനനിയെ,-
സ്സംപൂജ്യയാം സന്ധ്യയെ!

പൈന്തിങ്കൾത്തെളിനെററി ചെററ മറയും-
മാറായി, നീലാഞ്ജന-
ച്ചാന്തിൻ ചേലണിവേണിതൻ തലയിലി-
ട്ടിട്ടുള്ള ശുഭ്രാംബരം,
കാന്തിപ്പെട്ട നിതംബമണ്ഡലമണൽ-
ത്തിട്ടിങ്കലൂടേ മന-
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി-
ച്ചുംബിപ്പു കാൽപ്പൂവിനെ.

Digitized By Kerala Sahitya Akademi

പൂവൽക്കയ്യുകൾ മുൻവശത്തു രശനാ-
സ്ഥാനത്തിലപ്പിച്ചിതാ,
ദേവൻതൻ കഴൽ മൌലിയാൽ മുകരുവാൻ
കമ്പിട്ടു നില്പാകയാൽ,
താവൽകഞ്ചുകസംവൃതസ്തനഭര-
വ്യാനമ്രകമ്രാംഗിതൻ
ശ്രീവക്ത്രം ഹഹ, തണ്ടൊടിഞ്ഞ നളിനം
പോലേ വിളങ്ങുന്നിതേ.

വൈധുര്യം ഗ്രഹിയാതെഴും പ്രഭുവധൂ-
വർഗ്ഗങ്ങൾ വക്ത്രപ്രഭാ-
മാധുര്യത്തിനു മാലയാദിതിലകം
നെററിയ്ക്കു നിർമ്മിയ്ക്കവേ,
സാധുസ്ത്രീയിവൾ സന്ധ്യതൻ പദരജ-
സ്സേല്ക്കുന്നു തൂനെററിയാൽ:
സാധുശ്രീമണിമേടയല്ല, കുടിലാ-
ണീദൃഗ്ഗുണങ്ങൾക്കിടം!

സോമശ്രീമുഖി കാൽമടമ്പുകൾ നിതം-
ബാന്തം തൊടുംമാറിരു-
ന്നോ,മൽച്ചെപ്പൊളിമുട്ടുകൾക്കു പവിഴ-
ക്കൈകൊണ്ടടപ്പിട്ടിതാ,
ആമജ്ജിപ്പു നിമീലിതാക്ഷിയുഗയായ്-
ധ്യാനാമൃതത്തിൽസ്സുഖം;
ശ്രീമപ്പെട്ടൊരു താപസാവസഥമായ്
മാറുന്നിതിപ്പോഴ്ക്കുടിൽ!

Digitized By Kerala Sahitya Akademi

പോയാലും പൊടിയിൽക്കളിപ്പതിനായ്താൻ;
നിന്നമ്മതൻ മേനിയിൽ-
ച്ഛായാനും മറിയാനുമിത്തിരി കഴി-
ഞ്ഞിട്ടാമിളംപൈതലേ:
നീയാകും നിധിയെക്കൊടുത്ത പരമോ-
ദാരൻെറ പാദാരുണ-
ച്ഛായാചാതുരി നേക്കു കണ്ടൊ,രു ലയം
പ്രാപിച്ചിരിപ്പാണിവർ!

നേരിട്ടങ്ങയെ നോക്കിനിന്നു കുശലം
പ്രാൎത്ഥിച്ചുകൊണ്ടീടുമീ-
ദ്ദാരിദ്ര്യാതുരതൻ മലൎന്ന മലർപോ-
ലുള്ളോരു പാണിദ്വയം
പൂരിയ്ക്കുന്നതിനെത്ര വേണ,മമിതാ-
കാശത്തു തങ്കദ്രവം
കോരിത്തൂകുമജാതമജ്ജേ, തവകൃപാ-
സമ്പത്തുതൻ തുള്ളികൾ?

ഈ മാഹമ്മദമങ്ക, ളന്തകിരണ-
സ്പൎശാൽ ക്ഷണം ചെഞ്ചൊടി-
ശ്രീ മാറുംപടി ചെയ്തിടും നിഭൃതമാം
മന്ത്രാക്ഷരോച്ചാരണം,
പ്രേമാർദ്രസ്ഫുടഗീതി പോലെ, തി'രുവ-
ള്ളാ'വിൻെറ കണ്ണുകളിൽ-
പ്പൂമാധ്വീശകലങ്ങളെ പ്രതിപദം
തൂകുന്നതുണ്ടാം ദൃഢം!

Digitized By Kerala Sahitya Akademi

ഏതാനും പൊറുതിയ്ക്കു കിട്ടുകിലതിൽ-
 സ്സംതൃപ്തിയുറ്റംകൊണ്ടിടും
നീ താനിങ്ങൊരു ലക്ഷ്മിയാണു;- വളിണ-
 ങ്ങീലെങ്കിലെന്തുള്ള തേ?
മാതാവിന്നഭിമാനദേ, ഭവതിതൻ
 കൂലിപ്പണിക്കാരനാം
നേതാവും സ്പൃഹണീയജീവിതനഹോ,
 ഭാവൽകസദൃത്തിയാൽ!

ധ്യാനം നിർത്തി വിശാലനീലനയന-
 ദ്വന്ദ്വം തുറന്നപ്പൊഴെ-
യ്ക്കാ,നന്ദോൽപുളകാംഗി തൻെറ കുടിലിൻ
 മീതേ, നഭോവീഥിയിൽ
ദീനത്രാണപരായണം ത്രിജഗതീ-
 നാഥൻെറ തൃക്കയ്യതാ
നൂനം വാരി വിതച്ചിടുന്നു വളരെ-
 സ്സൌവർണ്ണനാണ്യങ്ങളെ!

Digitized By Kerala Sahitya Akademi

# 6. കോഴി

ഏകഭാവനയൊടേതിനത്തിലും
ലോകശില്പി നിജശില്പകൌശലം
ഹാ, കനിഞ്ഞു വെളിവാക്കിടുന്നു: കാൺ-
കാകമാനമഴകാന്ന കോഴിയെ!

കിഞ്ചനോന്നമിതമാം കഴുത്തൊടും,
ചഞ്ചലാക്ഷിപുടവീക്ഷണത്തൊടും
തഞ്ചമായ്ക്കൃശപദങ്ങൾ വെച്ചിതാ,
സഞ്ചരിപ്പിതൊരു കോഴി മെല്ലവേ.

തങ്കവർണ്ണമിതിനുള്ള കൊക്കു;-നാ-
തങ്കമുജ്ജ്വലതരം വിലോചനം;
'അങ്കവാലു' മയിലിൻെറ പീലിയോ-
ടങ്കമേല്പതിനതീവ പേശലം.

ശ്രീവളന്നിടുമിതിൻെറ കോമള-
ത്തൂവലാന്ന, സുവിചിത്രപത്രവും,
പൂവണിത്തലയു,മംഗപുഷ്ടിയും
ദൈവമേകിയൊരനുഗ്രഹങ്ങൾതാൻ.

Digitized By Kerala Sahitya Akademi

അക്ഷിമോഹനസ്വരൂപമാളുമീ-
പ്പക്ഷിയിങ്കലതിമാത്രകൌതുകാൽ
പക്ഷിവാഹനന്റെ പത്നിയാകുമാ
ലക്ഷ്മി വന്നു നിവസിച്ചിടുന്നിതോ!

സന്തതം പൊടിപുരണ്ടിരിയ്ക്കിലും,
ഹന്ത! സുന്ദരമിതിൻ കളേബരം:
ചന്തമേററമിയലുന്നൊരാകൃതി-
യ്ക്കെന്തലങ്കരണമായ് ച്ചമഞ്ഞിടാ?

ചാരമണ്ണൊടി തുടച്ചുനീക്കുവാ-
നാര?-സാദ്ധ്യമതുപോലുമെങ്കിലും,
സാരശോഭനമിതിന്റെ മേനി: സം-
സ്കാരമെന്തിനു നിസർഗ്ഗചാരുവിൽ?

കേകയോടു കിടനിന്നിടുന്ന നൽ-
ക്കുളകലൊത്ത,തിവിചിത്രരൂപിയായ്
ലോകരമ്യത കലന്ന കോഴി കീ-
ഴാകയില്ല മയിലിന്നൊരിയ്ക്കലും.

കാർത്തികേയനഴകാന്ന കേകിയെ-
പ്പാർത്തിണക്കി നിജവാഹമാക്കിനാൻ;
മൂർത്തിചാരുത മുഴുത്ത കോഴിയെ-
ച്ചാർത്തിടുന്നു കരതാരിലെപ്പൊഴും.

തന്നഭംഗതനുഭംഗിയാലിത-
ങ്ങന്നമായ്പ്പൊരുതുമെന്ന ഭീതിയാൽ

Digitized By Kerala Sahitya Akademi

അന്നവാഹനരുളീല കുക്കട-
ത്തിന്നമർത്ത്യപഥചംക്രമക്രമം.

കാമമന്യവിഹഗങ്ങളെന്നപോ-
ലി, മനോജ്ഞത തികഞ്ഞ പക്ഷിയും
വ്യോമസീമനി പറന്നിടാത്തതു-
ദ്ദാമമായ നരനേത്രഭാഗ്യമാം.

കാമമേറിയ മനുഷ്യർ സാമ്പ്രതം
വ്യോമയാനപരരായിരിയ്ക്കവേ,
ഈ മഹീതലവിഹാരമേ നിജ-
ക്ഷേമമെന്നു കരുതുന്നു കോഴി, നീ.

തിട്ടമങ്ങയുടെ ചെമ്പരുത്തി കീഴ്-
പ്പെട്ട ചൂഡയിതു താമ്രചൂഡമേ;
മട്ടറിഞ്ഞു വിധി തന്ന പക്ഷിരാട്-
പട്ടമായ്പ്പരിലസിച്ചിടുന്നിതേ.

ലോകബാന്ധവനണഞ്ഞുദിയ്ക്കുമാ-
റാകവേ, സുഭഗ, താമ്രചൂഡമേ,
നീ കഴുത്തുയരുമാറു കൂകിടും
കൂകലെത്ര രസമുണ്ടു കേൾക്കുവാൻ!

ഏതവന്നുഷസി നിൻെറ കൂജിതം
വീതജാഡ്യമൊരുണർച്ച നല്കിടാ:
പൂതവാസരസമാഗമോത്സവ-
സ്ഫീതകാഹളരവം കണക്കിനെ?

Digitized By Kerala Sahitya Akademi

തങ്കലീർഷ്യയൊടടക്കു മന്നിട-
ത്തിങ്കലെത്തുമെതിർകോഴിയോടുടൻ
ശങ്കവിട്ടു, പരണായുധേന്ദ്ര, നീ-
യങ്കമേല്പതൊരു നല്ല കാഴ്ചയാം.

വീരലോകമുറ കണ്ട നീ കിട-
ക്കാരനോടു പൊരുതുന്ന പോരിനെ
ചാരവേ ചെറുതുകാൺകിലാരുമാ
നാരപേക്ഷിയെ വൃഥാ പഴിച്ചിടാ!

വല്ലതും ഭുവി കൊഴിഞ്ഞ ധാന്യമൊ-
ന്നല്ലയോ, തവ വിശപ്പടക്കുവാൻ?
ഇല്ല ബാധ പരനു; ഞ്ഛരവൃത്തിയാം
നല്ല താപസനയി ദ്വിജേന്ദ്ര, നീ.

കോമളച്ചെറുകിടാങ്ങളൊത്തു ത-
ന്നോമനപ്പിടയടുത്തു ചെല്ലവേ,
പ്രേമരമ്യമൃദുകൂജിതത്തൊട-
ക്ഷാമഹർഷമെതിരേല്പതുണ്ടിവൻ.

സ്വീയസന്തതികളെപ്പരുന്തുമ-
മ്പായ കണ്ടകരിൽനിന്നു കാപ്പതിൽ
ജായയൊത്തതിമനസ്സുവെപ്പതു-
ണ്ടായതപ്രണയനീപ്പതത്രവാൻ.

അത്ര വന്മഴ പൊഴിച്ചിടുംവിധൌ
വിത്രസിച്ചുഴലുമിക്കിടാങ്ങളെ

Digitized By Kerala Sahitya Akademi

പത്രമാം കുട പിടിച്ചു കാത്തിവൻ
പുത്രകപ്രണയപുഷ്ടി കാട്ടിടും.

നിൻകുടുംബിനി സുഖാസുഖങ്ങളിൽ—
പ്പങ്കുകൊണ്ടനുസരിയ്ക്കുവോളിവൾ;
നിൻകുമാരരിവരംഗസൌഷ്ഠവം
തങ്കുവോർ, പതഗ, ഭാഗ്യവാൻ ഭവാൻ!

ദേഹമെന്നപടി, നിന്റെ മാംസവും
മോഹനം മധുരമെന്നിരിയ്ക്കയാൽ,
സ്നേഹശൂന്യരിഹ നിന്നെയെപ്പൊഴോ
ഹാ, ഹനിപ്പതു വയററുപോററികൾ!

ഇത്തിരിയ്ക്കുമൊരുപദ്രവം പര-
ക്കെത്തിടാതെ പുലരുന്ന നിന്നുടെ
വൃത്തികൂടിയ കഴുത്തിലുഗ്രമായ്-
ക്കത്തി വെയ്ക്കുവതിനാക്കു തോന്നിടും?

ആവതോളമിഹ നിത്യവും ഭുജി-
യ്ക്കാവതായ്പ്പല പദാത്ഥമില്ലയോ?
പാവ,മീ നിരപരാധപക്ഷിയെ-
ക്കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ!

ഭദ്രകുക്കുടകുലാസ്രുതപ്പുണാൽ
ഭദ്രകാളി ബഹുഹൃഷ്ടമട്ടിനി,
സദ്രസം കരുണ ചെയ്യുമെന്നൊരീ
ക്ഷുദ്രമാന്ത്രികമതം ഭയങ്കരം!

Digitized By Kerala Sahitya Akademi

ഭീമഘാതുകർ കഴുത്തറുക്കവേ,
രാമ, രാമ, കരുണാസ്വരത്തോടും
കീഴ്മലച്ചു പിടയുന്ന കോഴിയെ-
ക്കാണ്മവർക്കു കരൾ പൊട്ടുകില്ലയോ!

ചൊല്ലാർന്നിടും വലിയ ധർമ്മമഹിംസയാണെ-
ന്നുല്ലാസമേകമറിവെങ്ങുമുയർന്നിടട്ടെ;
വല്ലാതിവണ്ണമപമൃത്യു പെടാതെ, നിങ്ങൾ-
ക്കെല്ലാം സുഖപ്പൊറുതി കുക്കുടമേ, വരട്ടേ!

O-1M78
K2.2
16656



Digitized By Kerala Sahitya Akademi

## 7 തുഞ്ചത്തെഴുത്തച്ഛൻ

മുക്കുവത്തിയിൽപ്പാരാ-
ശര്യ്യനെന്നപോലൊരു
ചക്കാലത്തരുണിയിൽ-
ജ്ജാതനേതൊരു ദിവ്യൻ
പഞ്ചമവേദാദിസൽ-
ഗ്രന്ഥസന്തതിയാകും
പഞ്ചാമൃതത്താൽപ്പാരിൻ
താപത്തെശ്ശമപ്പിച്ചു;

ആ രാമാനുജാചാര്യ-
പുംഗവൻ ജയിക്കുന്നു—
ശ്രീരാമായണഗാന-
ഗന്ധർവ്വൻ ജയിക്കുന്നു!
ആലത്തൂർ ഗ്രാമം ഗുരു-
ശ്രേഷ്ഠ, നിന്നവതാര-
ത്താലതിപ്രശസ്തമായ്-
ച്ചമഞ്ഞിതെന്നെന്നേയ്ക്കും;

Digitized By Kerala Sahitya Akademi

മെച്ചത്തിൽ ഭവാനെയീ-
പ്പദസംസ്കാരം പഠി-
പ്പിച്ചതാ, ഗ്രാമം വാഴും-
മാർത്താണ്ഡശിഷ്യൻതാനോ?
യാതൊന്നു ദൈവജ്ഞനാം
ഭവാങ്കൽ സ്വൈരം സ്ഥിതി-
ചെയ്തിതോ, കവിമാതിൻ
നീണ്ട കൺമുനപോലെ,

പൈതലാം മലയാള-
ഭാഷതൻ ശരിയായ
ജാതകം കുറിച്ചിട്ട-
തത്തിരുനാരായം താൻ!
തൻകിടാവിനോടൊപ്പ-
മങ്ങുന്നു താഴലാലിച്ച
പൈങ്കിളിപ്പിടയുടെ
പഞ്ചമസ്വരാലാപം,

ഇരുളിൽ മയങ്ങിയ
ലോകത്തെയുണർത്തിയി-
ട്ടരുണപ്രഭ വീശും
സുപ്രഭാതത്തെക്കാട്ടീ.
തേൻ പഴം പാലും നാക-
ന്നക്കിളി, ഭവാനുടെ
മാണ്പെഴും കവിതതൻ
മാണിക്യക്കൈത്തണ്ടിന്മേൽ

Digitized By Kerala Sahitya Akademi

മാംഗല്യചഞ്ചുപുടത്താൽ
പവിഴപ്പൊളി ചാർത്തി-
ത്തുങ്ങിനിന്നാടിക്കളി-
ച്ചീടിനാൾ ചിരകാലം.
അപ്പഞ്ചവർണ്ണത്തത്ത-
തൻ ചിറകടി നല്ലൊ-
രത്ഭുതവിശറിയായ്
കൈരളീദേവിയ്ക്കന്നാൾ;

സഞ്ചിതമധുരിമ-
സാരമാമതിൻ കളി-
ക്കൊഞ്ചലോ, മൻകേൾക്കാത്ത
വീണവായനയായി!
അശ്രാന്തമോരോ ശാസ്ത്രം
ശിഷ്യരെപ്പഠിപ്പിയ്ക്കും;
വിശ്രാന്തിനേടും ബ്രഹ്മ-
ധ്യാനത്തിലന്തവേലം;

ഇത്തരം ഭവാനൊരു
സിദ്ധനാമൃഷിയെപ്പോ-
ലത്രയും പ്രശാന്തമായ്
നയിച്ചു തൻജീവിതം.
വൈരാഗ്യാമൃതരസം
വഹിയ്ക്കും ഭവച്ചിത്ത-
ക്ഷീരസിന്ധുവിൽനിന്നു
പിറന്ന 'ചിന്താരത്നം'

Digitized By Kerala Sahitya Akademi

കൈരളീസാഹിത്യത്തിൻ
നെഞ്ചിലായ്ത്തിളങ്ങുന്നു,
കൈടഭാന്തകൻ തങ്കൽ-
ക്കൌസ്തുഭരത്നംപോലെ.
ഹൃഷ്ടയായ് പ്രകൃതിതാ-
നാദരാൽപ്പനിനീർപ്പൂം-
പട്ടെങ്ങും വിരിച്ചിട്ട
താവകാശ്രമഭൂവിൽ

പ്രത്യഹം തവ ശുകി
പാടിയ ഗീതത്തിൽനി-
ന്നെത്ര രാഗങ്ങൾ പൊഴി-
ഞ്ഞുൾച്ചേർന്നു കിടപ്പുണ്ടാം!
വെട്ടത്തുനാട്ടിൻ നിത്യ-
സൌഭാഗ്യസത്സിന്ദൂര-
പ്പൊട്ടുപോലെഴും തുഞ്ചൻ-
പറമ്പേ, നമസ്കാരം!

കളഗാനത്തോടൊരു
തത്തപ്പെൺമണി തത്തി-
ക്കളിച്ച തളിർച്ചെടി-
പ്പടപ്പേ, നമസ്കാരം.
ചേണൊക്കും പുതുമല-
യാണ്മതൻ മഞ്ജുശാരൻ
വാണരുളിയ പുണ്യ-
ക്ഷേത്രമേ, നമസ്കാരം!

Digitized By Kerala Sahitya Akademi

## 8. ഒരുൾനാട്ടിലെ വേനൽക്കാലം

ഗരിഷ്ഠമാം ശാശ്വതകാലചക്ര-
ത്തിരിപ്പിനൊപ്പം തിരിയുന്ന നമ്മൾ
ശരിയ്ക്കതിൻ ചുട്ടെരിയുന്നിടം പു-
ക്കിരിയ്ക്കയാണിപ്പൊഴനല്പസാദം.

ചിന്താശതത്താലിഹ മിക്കവാറും
സന്താപമുള്ളിൽപ്പെരുകും മനുഷ്യൻ
ഹന്താധുനാ വേനലിനാൽപ്പുറത്തും
വൻതാപഭാരത്തെ വഹിയ്ക്കയായി!

ഹിതാനുകൂലം ധനദൻ ഭരിയ്ക്കു-
ന്നതായ ദിക്കിൽപ്പെരുമാറൽ മൂലം
നിതാന്തമേന്തും വസുവാൽ പ്രചണ്ഡ-
പ്രതാപനായീ ജലജാതബന്ധു!

അലംഘനീയാതപതാപഭാരാ-
കുലങ്ങളായ്ത്തീർന്ന കുളങ്ങൾതോറും
ജലം തുലോം ദുർല്ലഭമായിതു;-ള്ള
ജലത്തെയോ ചണ്ഡികൾ തീണ്ടിതാനും!

Digitized By Kerala Sahitya Akademi

വററുന്നു വല്ലാതെ ജലാശയങ്ങൾ:
ചുററുന്നു ചൂടാലിഹ ജീവജാലം:
മുററും മഹാജീവനവിപ്ലവത്തിൽ-
പ്പുററും പരീതാപമതുല്യമല്ലോ.

ഉയന്നു താപാൽ ക്ഷിതി, സൂര്യരശ്മി-
ചയത്തിന്നൂഷ്മാവു ചുരുക്കുവാനോ,
വിയത്തിലേയ്ക്കാ,വികളാക്കി മേന്മേ-
ലയച്ചു, പാഴിൽച്ചെലവാക്കി വെള്ളം!

ജലത്തിനോത്തുന്നമൃതാഹ്വയത്തിൻ
വിലപ്പെട്ടന്നൌചിതിയെത്തികച്ചും,
ജ്വലൽകഠോരാതപതാപമേററു
വലഞ്ഞ നാട്ടാരറിയുന്നിതിപ്പോൾ.

'തൃണ'ങ്ങളായ് നാം കരുതുന്നവയ്ക്കു-
മണഞ്ഞു, നാട്ടിൽപ്പെരുതായ പഞ്ഞം;
ഘ്രണം തൊടാക്ഷുദ്രകവിപ്രബന്ധം
കണക്കു, ലോകം പരിശുഷ്കമായി.

വൈലാളൽമൂലം പകൽനേരമാന്നു
മാലാററി രക്ഷിച്ച നിശയ്ക്കുപായം,
കാലാന്തരോധാലണയുമ്പൊളാത്ത്യാ
കോലാഹലം പക്ഷികൾ കൈവളർപ്പൂ.

"രാവന്തരിച്ചു; സുഖമെന്തു മേലിൽ:
പാവങ്ങൾ നാമിന്നി മരിയ്ക്കു നല്ലൂ"

Digitized By Kerala Sahitya Akademi

ഏവം നിനച്ചോ, തരുവിൻെറ കൊമ്പ-
ത്താവൽക്കലം വന്നിഹ തൂങ്ങിടുന്നു!

കാലാഗ്നിഭാസ്സാം പകൽ വന്നടക്കേ,
മാലാന്ന മന്നിൻ നെടുവീപ്പ്പോലെ
ചേലായി വീശുന്നിതു, പാതിരിപ്പൂ-
മാലാമണം ചേരുമുഷസ്സമീരൻ.

നെഞ്ചം കുളിക്കെപ്പുലർവേളയിങ്കൽ-
പ്പൂഞ്ചയ്ക്കു തേവുന്നവർ പാടിടുമ്പോറം,
ചഞ്ചൽ 'ഘടീയന്ത്ര'ഘനപ്രണാദം
തഞ്ചം പെടും 'ശങ്കിടി'യായിടുന്നു.

രാവിൻ കലാശത്തിൽ മുറയ്ക്കുറക്കം
കൈവിട്ടെഴുന്നേല്ക്കുമിളങ്കിടാങ്ങറം
മാവിൻചുവട്ടിൽ ദ്രുതമോടിയെത്തി-
യാവിർമ്മുദാ മാങ്ങ പെറുക്കിടുന്നു.

വണ്ണാഢ്യരേഖാങ്കിതപൃഷ്ഠനാക-
മണ്ണാൻ രസാലോപരി മത്തടിയ്ക്കേ,
എണ്ണാവതല്ലാസ്പൃഹ തേടുമോമൽ-
ക്കണ്ണാലിതാ, ബാലകർ നോക്കിനില്പൂ.

നീരാവമായ"ക്കാക്കകറം, മാമ്പഴങ്ങ-
ളാരാഞ്ഞു, മാവിൻമുകളിൽച്ചിലേടം,
സൂരാംശുപാളീപരസൂദിതാന്ധ-
കാരാവശേഷപ്പടി തത്തിടുന്നു.

Digitized By Kerala Sahitya Akademi

ഉന്നമ്രഭാനുദ്യുതിയാൽത്തിളങ്ങി-
നിന്നത്ര, മന്നിൻമണിമാലപോലെ,
കൊന്നദ്രുമപ്പൂങ്കുല കണ്ണുകൾക്കു
സന്നദ്ധമാക്കുന്നു സമുത്സവത്തെ.

ശ്രീ വിഷ്ണുമാകാരമിയന്ന കൊന്ന-
പ്പൂവിൻെറ നിർഗ്ഗന്ധതയെന്ന ദോഷം
ഹാ, വിസ്മരിയ്ക്കുന്നു ജനങ്ങളം മററം:
ഭുവിൽഗ്ഗുണംതന്നെ 'പുറമ്പകിട്ടും!'

ധാമാധിപൻ വ്യോമനി വന്നുദിച്ചു
യാമാദ്ധനേരം കഴിയുമ്പൊഴെയ്ക്കും
ഭീമാഭിതാപം തരുമാതപം ഹാ,
സാമാന്യമല്ലാതെരിയുന്നിതെങ്ങും!

കീലാലദുർഭിക്ഷമിയന്നിടുന്നീ-
ക്കാലാന്തരത്തിൽ,കഠിനാതപത്താൽ
നാലാനനാണ്ഡപ്പുര തീപ്പിടിച്ച
പോലായ് നിരീക്ഷിച്ചുഴലുന്നു ലോകം.

ഉച്ചണ്ഡമാമാതപമുജ്ജ്വലിയ്ക്കു-
മുച്ചയ്ക്കിതാ, വാടിയ മെയ്യുമായി,
പിച്ചയ്ക്കു തെണ്ടുന്നവർ കൈ തലയ്ക്കും
വെച്ചദ്ധ്വവൃക്ഷത്തണലിൽശ്ശയിപ്പൂ.

വൈലത്തു മൈതാനനിലങ്ങളം മേല്ക്കു-
മേലത്രയും കത്തിയെരിഞ്ഞിടുന്നു,

Digitized By Kerala Sahitya Akademi

കാലത്തു പൊട്ടിപ്പിളരുന്നൊരഗ്നി-
ശൈലത്തിനൊക്കും കടകങ്ങൾ പോലെ.

ദേഹം തപിച്ചാകെ വിയർത്തൊലിച്ചു,
ഹാ, ഹന്ത, നാനാവഴിപോയരെപ്പോൾ
ദാഹം കെടുക്കുന്നതിനെത്തിടുന്നു,
വൈഷമ്യമോടേ വഴിയമ്പലത്തിൽ.

ഉടൽക്കു പലവിധമുള്ള സ്വാപ്പാ-
ടുടൻ കഴിച്ചാളുകളുച്ചനേരം
കടന്നുകൂടുന്നു കുറെത്തണൽപ്പു-
ള്ളിടങ്ങളിൽ,ത്തെല്ലു തളർച്ച തീർപ്പാൻ.

ഹാ, പാരെരിക്കും തപനാംശുതീവ്ര-
വ്യാപാരമവ്യാഹതമായ് മുതിർന്നു;
സ്വാപാപദേശാൽച്ചിലർ കണ്ണടച്ചു;-
താപാളിതാലസ്യമിതാ, സഹിപ്പൂ.

വെയിലിൻെറ ചൂടൊന്നു നിലയ്ക്കുവ, വീണ്ടും
ജോലിയ്ക്കൊരുമ്പെട്ട കൃഷീവലന്മാർ
ചാലിട്ടതിൽത്തേവിവിടുന്ന വെള്ള-
ത്താലിങ്ങു തോട്ടങ്ങൾ നനച്ചിടുന്നു.

നീരാഹരിപ്പാനിഹ തേക്കുകാള
പാരാതെ പിന്നോട്ടു നടന്നിടുന്നു.
ആരാകിലും, ജീവനലാഭയത്താം
നേരായ മുന്നോട്ടുഗതിയ്ക്കു വിഘ്നം.

Digitized By Kerala Sahitya Akademi

വിടൎന്ന മല്ലീമലരിൻ മണത്തെ-
പ്പടൎത്തുമന്തിക്കുളിർകാററടിയ്ക്കേ
തുടൎന്നു കേഠംക്കായിവരുന്നു, തെങ്ങിൻ-
മടല്ക്കുമേൽ മൎമ്മരമഞ്ജുനാദം.

ഘോരാംശു തുകിബ്ഭൃസ്ഥബാഗ്നിപോലെ
പാരാകവേ പാരമെരിച്ച സൂൎയ്യൻ
വാരാശിയിൽച്ചെന്നു പതിച്ചിടുമ്പോ-
ളാരാ,ശ്വസിയ്ക്കാതിതുകാലമുള്ളു?

നില്ലാതിളന്തെന്നലുലച്ച പച്ച-
നെല്ലാലെ, പുഞ്ചക്കൃഷിയുള്ള പാടം
ഉല്ലാസമാശിച്ചവരെ,സ്സമീപേ
ചെല്ലാനിതാ, മാടിവിളിച്ചിടുന്നു.

കററക്കരിങ്കുഴലിമാരഴകിൽക്കുളിച്ചി-
ട്ടു,ററം ചുരുണ്ട കുഴൽ പിന്നിലഴിച്ചു ചിന്നി,
കുററം വരാതരിയ പൂക്കളറുത്തിടുന്നു
മുററത്തെ മുല്ലകളിൽനിന്നു, നിശാഗമത്തിൽ.

ഏവം നിദാഘദിനമന്ത്യദശാന്തരത്തിൽ-
ബ്ഭാവം പകൎന്നു, നിജതീക്ഷ്ണതയൊക്കെ നീക്കി,
കൈവന്ന ശാന്തനിലകൊണ്ടുലകിന്നു ഹൎഷ-
ശ്രീവൎഷമെന്ന സുകൃതം ബത, നേടിടുന്നു!

———

Digitized By Kerala Sahitya Akademi

## ൯. രാധയുടെ കൃതാർത്ഥത.

(കേക)

"ആര്യപു — ക്ഷമിച്ചാലു-
മെന്നവിവേകം: ഹാ ഹാ,
സൂര്യനെത്തൊടുവാൻ
കൈ നീട്ടിപ്പോയ് നിശീഥിനി!
അങ്ങയോടുള്ളീ ശ്രേഷ്ഠ-
സംബന്ധിയാകുമമ്മ-
തെങ്ങിനെ,യൊരു ഭാഗ്യം
കെട്ട നാവിനു കിട്ടും?

ഞാനൊരു കൃഷീവല-
കന്യക; -യവിടുന്നോ,
സ്ഥാനമാനാദിഗുണം
ചേർന്ന നാഗരികാഗ്ര്യൻ;
താവകതാരുണ്യമാം
നന്ദനപ്പൂങ്കാവിലാ-
ദേവകാമിനിയാളുംതാൻ
സൈ്വരമായ് ക്രീഡിയ്ക്കട്ടേ;

Digitized By Kerala Sahitya Akademi

എനിയ്ക്കു, സുചിരം തൽ-
സാന്നിധ്യവിശ്രുദ്ധമെൻ-
ജനകന്റെ തോപ്പേ
വിശ്രമം നല്കിക്കൊള്ളും!
ഇത്തോപ്പിലൊരു കാമ-
ദേവനെപ്പല നാറം മേ
പ്രത്യക്ഷനാക്കിത്തന്ന
പിലാവിൻതറയിന്മേൽ,

തൽപ്പദമ്മുദ്രതൈക-
സാക്ഷിയാം ചെരിപ്പിൻ പാ-
ടിപ്പൊഴും ലസിപ്പതു-
ണ്ടെന്നാരാധനത്തിന്നായ്.
'നിങ്ങൾതന്നാരാമശ്രീ-
തൻ കളിപ്പൊൻപന്തിതെ'-
ന്നി,ങ്ങുവെച്ചൊരുനാളേ-
തൊന്നിനെഞ്ചുവാൻ വാഴ്ത്തീ,

അച്ചെറുനാരങ്ങയാ-
മെൻചെറുകാണിയ്ക്കയെ
സച്ഛമാം കരതാരാൽ
മറ്റിച്ചുകൊണ്ടുവ്വണ്ണം
സാകൂതസ്മിതനായി-
ട്ടവിടുന്നു,ൽക്കമ്പത്താ-
ലാകുലമാമെന്മാറ-
ത്താഴ്ത്തിയ തെളിനോട്ടം—

Digitized By Kerala Sahitya Akademi

'സന്നതശിരസ്സായ്' നീ
ലജ്ജയെക്കനിയിയ്ക്കു-
കെ'ന്നുള്ള നിരക്ഷര-
ശാസനക്കുറിമാനം—
ഏതൊരുള്ളറയേയും
തുറക്കും മണിത്താക്കോൽ—
പൂതരാഗത്തെക്കോരി-
പ്പകരും ശംഖപ്രാന്തം—

എന്നെന്നുമുദ്രോമാഞ്ച-
ഭക്തിബാഷ്പയായ്ധ്യാനി-
യ്ക്കുന്നതിന്നനുവാദ-
മെനിയ്ക്കു നല്കേണമേ!
ഒരുനാളസാമാന്യ-
മോടിയോടിത്തോട്ടത്തിൽ-
ത്തരുണവസന്തംപോ-
ലാഗതനായ ഭവാൻ,

സാന്ധ്യസൂര്യന്റ നിറം
കൂട്ടിയ കവിറംത്തട്ടിൻ-
സാന്ദ്രകാന്തിയാലെൻകൺ
മയക്കി നില്ക്കുംനേരം,
കലശത്തഴമ്പേന്തു-
മിക്കൈകളക്കണ്ഠത്തി-
ലിലഞ്ഞിപ്പൂമാലയൊ-
ന്നിടുവിച്ചില്ലേ മന്ദം

Digitized By Kerala Sahitya Akademi

പ്രേമചാപലമിതു
മാമക,മതിങ്കൽത്താൻ
കോമളഭുജാമാല്യം
ചാൎത്തിന സുഭഗയെ
നമ്മസൂക്തികൾക്കിട-
യ്ക്കെങ്ങാനുമറിയിച്ചു,-
സ്സമ്മാന്യസഹോദരി-
യ്ക്കസ്വാസ്ഥ്യം വരുത്തൊല്ലേ.

താവകഗാത്രാശ്ലേഷ-
ധന്യയാമമ്മാലതൻ
പാവനപരിമള-
മൊരിയ്ക്കൽക്കൂടിപ്പൂശാൻ
വന്നുചേരുമാറുണ്ടു
നാൾതോറം കിതച്ചുകൊ-
ണ്ടിന്നിലത്തന്തിക്കളിർ-
ത്തെന്നൽ; ഞാൻ മറെറന്തോതും?

'ഞാനിട്ട ലാലുമാല്യ-
മപ്പൊഴേ വാടിപ്പോയീ;
ഗ്ലാനി ചേരില്ലദ്ദേവി-
യൎപ്പിച്ച മാലയ്ക്കെന്നും;
ആയതിൻപുണ്യസ്പൎശ-
മങ്ങു പോയ്നേട്ട കാററേ
നീയിങ്ങെൻ നെട്ടവീൎപ്പാൽ-
ത്തപ്തനാവതിൻമുന്നേ!'

Digitized By Kerala Sahitya Akademi

അന്നേത്തെ നക്ഷത്രംതാ-
നിയ്യന്തരിക്ഷത്തിങ്കൽ
വന്നുദിച്ചിതാ, പാഴിൽ-
ച്ചെവി പാർത്തമരുന്തോ:
കേറംപ്പോക്ക മുരളികാ-
ഗീതമാം കളിവാക്കാൽ
തോപ്പിതു 'വൃന്ദാവന'-
മാക്കിയോനിങ്ങില്ലല്ലോ!

ഈ വൃന്ദാവനമിന്നു
ശൂന്യമായ്പ്പോയാലെന്തു?
താവകീനയാം 'രാധ'
പൂർണ്ണകാമയാറംതന്നെ.
അപ്പെണ്ണബ്ബകുളപ്പൂ-
മാലയോടൊത്തത്തോളി-
ലപ്പ്ണംചെയ്താളല്ലോ
തൻെറ ജീവിതഭാരം!

എന്നുടെ സവ്സ്വമാ-
യുള്ളതാമവിടത്തെ-
പ്പൊന്നുമെയ്യത്തനചിയ്ക്കു
വശമായ്ച്ചമഞ്ഞപ്പോറം
എൻപ്രിയതാതന്നുണ്ടായ്
വേണ്ടാത്തൊരാപച്ഛങ്കഃ-
യെങ്ങിനെ വെടിയും ഞാ-
നെൻെറ ജീവനെ സ്വാമിൻ?

Digitized By Kerala Sahitya Akademi

താദൃശസൌഭാഗ്യയാം
ഭാൎയ്യയായ്ച്ചേൎന്നു ഭവാ-
നേതൊരു ഭുവനത്തെ-
ശ്ശോഭനമാക്കീടുന്നു,
ആ ലോകത്തൊരു കോണിൽ-
ജ്ജീവിച്ചാൽ കൃതാൎത്ഥ ഞാൻ;
ലാലസിയ്ക്കട്ടേ ശാന്ത്യാ
നിങ്ങൾതൻ ഗൃഹാശ്രമം!"



Digitized By Kerala Sahitya Akademi

## 10. കാറുകണ്ട കർഷകൻ

നിദാഘസന്ധ്യാർക്കമയൂഖമായ
നീർ മിക്കതും വററിയതോട്ടുകൂടി,
ആകാശമാം വാപിയിലംബുവാഹ-
മങ്ങിങ്ങു പൊങ്ങീ ചളിയെന്നപോലെ.

ഭൂചക്രപാത്രത്തിലുരത്ത വൈലാം
ചെന്തീ ചിരാൽ കത്തിയടങ്ങിയപ്പോൾ,
കാർമേഘമാകും മഷി കൈവളന്നു-
കാണായ് നഭസ്സായ മുകൾച്ചെരാതിൽ.

ഇളാതലം നല്ലൊരിളംതുടുപ്പാൽ-
ത്തിളങ്ങി, നീർക്കൊണ്ടൽ മുതിന്ന നേരം,
പ്രാണാധിനാഥന്റെ സമാഗമത്തിൽ
നവോഢതൻ പൂങ്കവിളെന്നപോലെ.

കവോഷ്ണസൂര്യാംശുസുവർണ്ണനീരിൽ-
ക്കുളിച്ചു സന്ധ്യാംഗന ചന്തമോടേ
അഴിച്ചു ചിക്കീടിന കേശപാശ-
മാകാം,മണിക്കൊണ്ടലിതംബരാന്തേ!

ത്തുമിന്നലാം കേസരി തന്നിരിമ്പു-
ക്കൂടാകുവൊന്നീ,യസിതാഭ്രക്കൂടം:

Digitized By Kerala Sahitya Akademi

ഇടയ്ക്കതിൻമേനി വെളിയ്ക്കു കാണായ്;
ഗഭീരമാം ഗൎജ്ജിതവും മുഴങ്ങീ.

ഭൂഭാഗശാലയ്ക്കൊരു നീലമേലാ-
പ്പാ,കാശവാടിയ്ക്കു തമാലജാലം,
തടിന്നടിയ്ക്കിന്ദ്രമണിക്കളിത്ത-
ട്ടേ—വം ലസിച്ചു ജലപ്രതാനം.

വേഴാമ്പൽപോലുന്മുഖനായി നില്ക്കും
കൃഷീവലന്നേറെ വിടൎന്ന കണ്ണിൽ
സുഖാഞ്ജനസ്സത്തെഴുതിച്ചു മേഘം
സൌദാമിനീരൂപ്യശലാകയാലേ!

പുത്തൻപയോദങ്ങളിൽനിന്നിടയ്ക്കു
പുറപ്പെടും പേലവഗൎജ്ജിതത്താൽ
അവന്റെ കൎണ്ണദ്വയമാസ്വദിച്ചി-
തു,ഭംഗമംഗല്യമൃദംഗനാദം.

അബ്ദങ്ങൾ വാനത്തു ചരിപ്പതീക്ഷി-
ച്ചവന്നൊരാഹ്ലാദരസം വളൎന്നു:
‘മേയുന്നിതോ, മേനി മിനുത്തുരുണ്ടു
മെച്ചപ്പെടും പോത്തുകൾ പുൽപ്പറമ്പിൽ?’

സന്ധ്യാരുണാംശൂൽക്കരമായ നെൽത്ത-
ണ്ടൊക്കെപ്പറിച്ചിട്ടുഴതൊപ്പമാക്കി,
വളത്തിനായ്ച്ചാണകമിട്ടതാരോ,
വാനായ പാടത്തണിവാരിദത്താൽ!

Digitized By Kerala Sahitya Akademi

ജൃംഭിയ്ക്കു, ജൃംഭിയ്ക്കു, കടുത്ത ചൂടേ;
സംപ്രാപ്തമായ് നിൻ തല പോം മുഹൂർത്തം:.
മുകിൽക്കരിന്തോലുറയിങ്കൽനിന്നു-
ണ്ടൂരുന്നു മിന്നൽത്തെളിവാറം മഹേന്ദ്രൻ!

ധരിത്രി, പോരും പരിതാപമമ്മേ:
ദുഃഖങ്ങറം സൌഖ്യത്തിനകമ്പടിക്കാർ;
ഇതാ, നമുക്കായമൃതം നിറച്ച
നീലാശ്മകുംഭങ്ങറം നിരന്നു വാനിൽ!

വിദ്യുന്മഹാലക്ഷ്മി പുണന്ന മെയ്യിൽ
വലാരിവില്ലാം വനമാല ചാർത്തി,
താപാർത്തരക്ഷയ്ക്കെഴുന്നള്ളിനിൽപ്പൂ
താപിഞ്ഛവർണ്ണം തടവുന്ന ദേവൻ!

ആമോദഭൃമാവുയരുംവിധം നീ-
രാടിയ്ക്കുമിന്നങ്ങയെ നീരദങ്ങറം;
നാളെ സ്വയം, നിൻതിരുമാറിൽ ഞാനെൻ
നെൽവിത്തിനാൽ പൊന്മണിമാല ചാർത്തും!

അന്തർജ്ജനംപോലറയിൽക്കിടക്കും
വിത്തേ, നിനക്കീയിരുറം വിട്ടു നാളെ,
അമ്മയ്ക്കുടുപ്പാനഴകുററ പച്ച-
പ്പൂംപട്ടു നെയ്യുന്ന പണിയ്ക്കിറങ്ങാം.

Digitized By Kerala Sahitya Akademi

ധാത്രീപ്രസാദാൽ പുനരെത്രയെത്ര
സിദ്ധിയ്ക്കുകില്ലഭ്യുദയം ക്രമാൽ തേ?
സ്വാമാത്മസേവാവിധിതാൻ മഹത്ത്വ-
സ്വർഗ്ഗത്തിലേയ്ക്കുള്ള വിമാനയാനം.

ഈ മാതിരിയ്ക്കുള്ള മനോരഥത്തി-
ലേറിക്കൃഷിക്കാരനവൻ ചരിയ്ക്കേ,
ക്ഷണാലതിൻ ഭാസ്വരമായിരുന്ന
മാർഗ്ഗത്തിലെല്ലാമിരുൾ വന്നുയർന്നു:

കയത്ത്കൊണ്ടോടിയടുത്തു ചീററം
കാററിൻെറ കല്ലേറു പൊറായ്കയാലേ
മേച്ചിൽപ്പുറം വിട്ടു കുതിയ്ക്കയായീ,
വാനത്തവൻ കണ്ട 'കരിമ്പുറ'ങ്ങൾ.

പ്രാരംഭമൊന്നും ഫലിയാതെ ജന്മം
പാഴായ്ക്കലാശിച്ച വലാഹകങ്ങൾ
ഏങ്ങെട്ടു ബാഷ്പോദകബിന്ദു മന്നിൽ
വീഴിച്ചുടൻ പോയിമറഞ്ഞിതെങ്ങോ!

കലാച്ച പുത്തൻ നവരത്നവില്ല-
മേന്തിപ്പുറപ്പെട്ട കരുത്തർപോലും,
ശരം വിടാനിങ്ങിട കിട്ടിടാതെ
തോല്ക്കുന്നു ഹാ, ജീവിതസംഗരത്തിൽ!

തൻമേനി കാട്ടാൻ തടവററമൂലം
താരങ്ങളേ നിങ്ങൾ ചിരിച്ചിടുന്നു:

Digitized By Kerala Sahitya Akademi

ദരിദ്രർതൻ ജീവനഭംഗദുഃഖം
ഗണിയ്ക്കുമോ തുംഗപദസ്ഥർ നിങ്ങൾ?

ഈവണ്ണമായ് പ്രകൃതിദേവി പെരുത്ത തങ്ക-
നാണ്യം പരത്തിയ നഭസ്ഥലിതൻ ചുവട്ടിൽ
ഹാ കഷ്ട,മെത്ര ജനമുണ്ടൊരു ചെമ്പുതുട്ടും
കാണാതെ പട്ടിണികിടന്നു പുലന്നിടുന്നു!

Digitized By Kerala Sahitya Akademi

# 11. കർമ്മഭൂമിയുടെ പിഞ്ചുകാൽ

(മഞ്ജരി)

ആററിലെഴുച്ചപൃത, ചാടൊല്ലേ, ചാടൊല്ലേ;
കാട്ടിലെപ്പൊയ്കയിൽപ്പോയി നീന്താം.
കാളക്കൂടോൽക്കടകാകോളമാളിന
കാളിയൻ പാപ്പുണ്ടിക്കാളിന്ദിയിൽ.

ആരിതെറിഞ്ഞുകൊടുത്തു: യശോദതൻ
മാറിലെത്തുമണിമാല്യമതാ,
കാളിന്ദിതന്നുടെ കാളിമാവേന്തിയ
ചേലയിൽച്ചീളെന്നു ചെന്നുവീണു!

പല്ലവം പോലുള്ള രണ്ടിളം കൈകൾവ-
ന്നാല്ലസല്ലീലമായ്ത്തല്ലുകയാൽ
വെൺമുലപ്പാൽനുര ചിന്നിച്ചിതറി ന-
ല്ലമ്മയാമന്നദിയ്ക്കാർദ്രനെഞ്ചിൽ!

കണ്ണന്റെ പൊന്നുടൽ കാനനധൂളി വി-
ട്ടുണ്ണിക്കതിരോന്റെ ബിംബംപോലേ
പേർത്തും വെളിവു പൂണ്ടപ്പുഴതന്നല-
ച്ചാർത്തിലിളകിമറിഞ്ഞു മിന്നീ.

Digitized By Kerala Sahitya Akademi

മുണ്ടുമൊരേടത്തു; മററൊരേടത്തുപോയ്-
പ്പൊങ്ങു;-മലകഠം മുറിച്ചു നീന്തും—
ഇങ്ങിനെ സംസാരനാടകമാടിനാ-
നങ്ങവൻ വാരുണരംഗത്തിങ്കൽ!

ദൂരത്തൊരേടത്തു ശാന്തമായ്പ്പേവിയ
നീരിന്നകത്തൊരിളക്കമുണ്ടായ്;
സ്ഫീതങ്ങളായങ്ങുപൊങ്ങീ കുമിളക-
ളേതോ വിപത്തിൻ മുളകഠം പോലേ.
ആററിലൊലിച്ചു വരുന്നതെന്തെന്തിതൊ,-
രായിരം കൊമ്പുള്ള മാമരമോ?
അയ്യോ, സഹസ്രഫണോഗ്രക്കരിംപാമ്പെ-
ങ്ങി!_വ്യോമൽക്കോമളപ്പൈതലെങ്ങോ!

നെഞ്ഞത്തു കൈ വെച്ചു കേണാക്കുമമ്പാടി-
ക്കുഞ്ഞുങ്ങളോടൊപ്പമാററവക്കിൽ,
മൂകര വിടൎന്നുയൎന്നുള്ള ശിരസ്സൊട്ടും
നോക്കിനില്പായീ പകച്ച കണ്ണാൽ,
വൃന്ദാവനത്തിലെപ്പുട്ടിളംപുല്ലുകഠം
തിന്നു തടിച്ചു കൊഴുത്ത പൈക്കഠം:
ആയവക്കുള്ളേകപ്രാണമരുത്തല്ലോ
പായുന്നു പാമ്പിൻെറ വായിലെയ്ക്കായ്!

കണ്ടാളുമാററിലെ വെള്ളമിടയ്ക്കിടെ
രണ്ടായ്പ്പകുത്തുകൊണ്ടപ്ഫണീന്ദ്രൻ

Digitized By Kerala Sahitya Akademi

ചീററി മുന്നോട്ടു വിടുന്ന വിഷക്കൊട്ടം-
കാററിക്കിടാവിനു പൂംതെന്നലോ!

തുംഗശരീരനസ്സപ്പുത്താൻ ബാലനു
പൊങ്ങുതടിയായ് നുറുങ്ങുനേരം;
കാലപാശോപമം കാളിയൻതന്റെ വാ-
ലോ,ലപ്പാമ്പിന്റെ വാലെന്നപോലെ
ചേലിൽപ്പിടിച്ചു വലിച്ചാൻ കുറച്ചിട
പേലവമാകിയ കൈമലരാൽ;
ദംഷ്ട്രാകരാളമാം വക്ത്രം പിളർത്തു,തി-
ലിട്ടാൻ കരങ്ങളിടയക്കുട്ടൻ.

വാൽകൊണ്ടു തല്ലിയും വട്ടത്തിൽച്ചുററിയും
വാരിയാൽ കീഴ്മേലായ് മറിഞ്ഞും
കാളിന്ദിയിട്ടു കലക്കിനാൻ കാളിയൻ,
കാട്ടാന കൊച്ചുകുളത്തെപ്പോലെ.

പൂംപൈതൽ പിന്നെയാപ്പുരിതക്രോധനാം
പാമ്പിന്റെ പൊങ്ങിയ പത്തിതോറും
ചെങ്കഴൽകൊണ്ടു ചവുട്ടിത്തുടങ്ങിനാൻ,
തങ്കച്ചിലങ്ക കിലുങ്ങുംവണ്ണം.
പീലിപ്പുരികുഴൽ കെട്ടഴിഞ്ഞുണ്ണിതൻ
തോളിൽപ്പതിഞ്ഞതിൻ തുമ്പുകളിൽ
വെള്ളത്തിൻതുള്ളികളൊട്ടൊട്ടു നിന്നാടീ,
വെള്ളിയലുക്കുകളെന്നപോലെ.

Digitized By Kerala Sahitya Akademi

ചിന്നിപ്പരന്നിതു ഹാഹാമഹാരവം
മന്നിലും വാനിലും നാലിടത്തും:
ആവൂ, കരുന്നുകാലാരോമൽക്കുഞ്ഞിനു
നോവുകയില്ലേ! മുറിപ്പെടില്ലേ!
പാരിച്ച പാമ്പിൻെറ പത്തിപ്പരപ്പിതു
പാറയേക്കാളും കഠോരമേററം!
ചോര തെറിയ്ക്കുന്നുവല്ലോ, കുമാരക,
പോരുമേ പോരുമേ സാഹസങ്ങൾ!

കൈക്കുഞ്ഞിൻകാൽച്ചവുട്ടേററു വശംകെട്ടു
മേല്ക്കുമേൽക്കക്കിയ ശോണിതത്താൽ,
ചീന്ത പടങ്ങൾ കുനിച്ചിതാ, കുങ്കുമം
ചാൎത്തിച്ചു കാളിയൻ കാളിന്ദിയെ!

ആ വിഷം നീങ്ങിയ പുണ്യസരിത്തിനെ
ദ്യോവിൽനിന്നീക്ഷിച്ച ദേവൎഷിമാർ
ശുഭ്രമേഘങ്ങളിലൂടെ പൊഴിച്ചാരൊ-
രുൾപ്പൊൎുളഞ്ചിന പുഞ്ചിരിയെ:—
'ധന്യസ്ഥൂവനമാം ദൌഷ്ട്യമേ, നിൻതല-
യെത്ര പരത്തിയുയൎത്തിയാലും,
ഇക്കൎമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കെന്നതൊക്കെച്ചവുട്ടിത്താഴ്ത്താൻ!'

Digitized By Kerala Sahitya Akademi

# 12. എൻെറ ഗുരുനാഥൻ

(കേക)

ലോകമേ തറവാടു
തനിയ്ക്കീ,ച്ചെടികളും
പുൽകളും പുഴുക്കളും
കൂടിത്തൻ കുടുംബക്കാർ;
ത്യാഗമെന്നതേ നേട്ടം;
താഴ്മതാനഭ്യുന്നതി;
യോഗവിത്തേവം ജയി-
യ്ക്കുന്നിതെൻ ഗുരുനാഥൻ.

താരകാമണിമാല
ചാർത്തിയാലതും കൊള്ളാം!
കാറണിച്ചളി നീളെ-
പ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപ-
മെന്നിവ; സമസ്വച്ഛ-
മല്ലയോ വിഹായസ്സു,-
വ്വണ്ണമെൻ ഗുരുനാഥൻ.

Digitized By Kerala Sahitya Akademi

ദുർജ്ജന്തുവിഹീനമാം
ദുർല്ലഭതീർത്ഥഹ്രദം,
കജ്ജലോൽഗമമില്ലാ-
ത്തോരു മംഗളദീപം,
പാമ്പുകറം തീണ്ടീടാത്ത
മാണിക്യമഹാനിധി,
പാഴ്‌നിഴലുണ്ടാക്കാത്ത
പൂനിലാവെന്നാചാര്യൻ.

ശസ്ത്രമെന്നിയേ ധർമ്മ-
സംഗരം നടത്തുന്നോൻ,
പുസ്തകമെന്ന്യേ പുണ്യാ-
ധ്യാപനം പുലർത്തുന്നോൻ,
ഔഷധമെന്ന്യേ രോഗം
ശമിപ്പിപ്പവൻ ഹിംസാ-
ദോഷമെന്നിയേ യജ്ഞം
ചെയ്യുവനെന്നാചാര്യൻ.

ശാശ്വതമഹിംസയാ-
ണമ്മഹാത്മാവിൻ വ്രതം;
ശാന്തിയാണവിടേയ്ക്കു
പരദേവത പണ്ടേ;
ഓതുമാറുണ്ടദ്ദേഹം:—
'മഹിംസാമണിച്ചട്ട-
യേതുടവാളിൻ കൊട്ട-
വായ്ത്തല മടക്കാത്തു?'

Digitized By Kerala Sahitya Akademi

ഭാൎയ്യയെക്കണ്ടെത്തിയ
ധൎമ്മത്തിൻ സല്ലാപങ്ങ-
ളാൎയ്യസത്യത്തിൻ സദ-
സ്സിങ്കലെസ്സംഗീതങ്ങൾ,
മുക്തിതൻ മണിമയ-
ക്കാൽത്തളക്കിലുക്കങ്ങൾ
മുററുമെൻ ഗുരുവിന്റെ
ശോഭനവചനങ്ങൾ.

പ്രണയത്താലേ ലോകം
വെല്ലുമീ യോദ്ധാവിന്നോ,
പ്രണവം ധനുസ്സാത്മാ-
വാശുഗം, ബ്രഹ്മം ലക്ഷ്യം;
ഓംകാരത്തെയും ക്രമാ-
ലലിയിച്ചലിയിച്ചു
താൻകൈക്കൊള്ളുന്നു
തുലോം സൂക്ഷ്മമാമംശംമാത്രം!

ക്രിസ്തുദേവന്റെ പരി-
ത്യാഗശീലവും, സാക്ഷാൽ-
ക്കൃഷ്ണനാം ഭഗവാന്റെ
ധൎമ്മരക്ഷോപായവും,
ബുദ്ധന്റെയഹിംസയും
ശങ്കരാചാൎയ്യരുടെ
ബുദ്ധിശക്തിയും, രന്തി-
ദേവന്റെ ദയാവായ്പും,

Digitized By Kerala Sahitya Akademi

ശ്രീഹരിശ്ചന്ദ്രനുള്ള
സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേ-
ന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ
ഗുരുവിൻ നികടത്തി-
ല,ല്ലായ്കിലവിടുത്തെ-
ച്ചരിത്രം വായിയ്ക്കുവിൻ!

ഹാ, തത്ര ഭവൽപ്പാദ-
മൊരിയ്ക്കൽ ദർശിച്ചെന്നാൽ-
ക്കാതരനതിധീരൻ
കർക്കശൻ കൃപാവശൻ;
പിശുക്കൻ പ്രദാനോൽക്കൻ;
പിശുനൻ സുവചന-
ന; -ശുദ്ധൻ പരിശുദ്ധ; -
നലസൻ സദായാസൻ!

ആതതപ്രശമനാ-
മത്തപസ്വിതൻ മുന്നി-
ലാതതായിതൻ കൈവാറം
കരിംകൂവളമാല്യം!
കൂത്ത ദംഷ്ട്രകറം ചേന്ന
കേസരിയൊരു മാൻകു-
ഞ്ഞാ;ത്തേന്തിത്തടംതല്ലും
വൻകടൽ കളിപ്പൊയ്ക!

Digitized By Kerala Sahitya Akademi

കാൎയ്യചിന്തന ചെയ്യും
നേരമന്നേതാവിന്നു
കാനനപ്രദേശവും
കാഞ്ചനസഭാതലം;
ചട്ടററ സമാധിയി-
ലേപ്പെട്ടമാ യോഗിയ്ക്കു
പട്ടണനടുത്തട്ടും
പൎവ്വതഗുഹാന്തരം!

ശുദ്ധമാം തങ്കത്തെത്താ-
നല്ലയോ വിളയിപ്പ-
തദ്ധൎമ്മകൃഷകന്റെ
സൽക്കൎമ്മം വയൽതോറും?
സിദ്ധനാമവിടത്തെ-
ത്തൃക്കണ്ണോ, കനകത്തെ-
യിദ്ധരിത്രിതൻ വെറും
മഞ്ഞമണ്ണായിക്കാണ്മു:

ചാമരചലനത്താ-
ലിളിച്ചുകാട്ടും പിശാ-
ചാ, മഹാവിരക്തന്നു
പൂജ്യസാമ്രാജ്യശ്രീയും!
ഏതു പൂങ്കഴലിന്നു-
മഴൽ തോന്നാസ്സ്വാരാരി
സ്വാതന്ത്ര്യഭഗ്ഗാധപാവിൽ-
പ്പട്ടകൾ വിരിയ്ക്കുന്നു,

Digitized By Kerala Sahitya Akademi

ആ ശ്രീതിരുവടി വല്ല
　　വല്ക്കലത്തുണ്ടുമുടു-
ത്തങ്കനഗനായല്ലോ
　　മേവുന്നു സദാകാലം!
　ഗീതയ്ക്കു മാതാവായ
　　ഭൂമിയേ ദൃഢമിതു
മാതിരിയൊരു കർമ്മ-
　　യോഗിയെ പ്രസവിയ്ക്കൂ —

ഹിമവദ്വിന്ധ്യാചല-
　　മധ്യദേശത്തേ കാണൂ
ശമമേ ശീലിച്ചെഴു-
　　മിത്തരം സിംഹത്തിനെ —
ഗംഗയാറൊഴുകുന്ന
　　നാട്ടിലേ ശരിയ്ക്കീത്ര
മംഗളം കായ്ക്കും കല്പ-
　　പാദപമുണ്ടാവുള്ളു!
　നമസ്തേ ഗതതൃഷ്!
　　നമസ്തേ ദുരാധൃഷ്!
നമസ്തേ സുമഹാത്മൻ!
　　നമസ്തേ ജഗൽഗുരോ!

Digitized By Kerala Sahitya Akademi

# 13. ഒടുക്കത്തെക്കുറിപ്പ്

(കേക)

സുപ്രദീപത്തെക്കത്തി-
ച്ചേന്തിനാളുഷസ്സേ;-ന്നാൽ
തൽപ്പുരോഭാഗത്തൊരു
വീടിതാ, തമസ്സിൽത്താൻ:
'ഭാമ'യിന്നുണന്നിട്ടി-
ല്ലോ;-'മനേ: എഴുന്നേൽക്കു;
ണ്ണുമിഴി തുറക്ക നീ;-
യിപ്പൊഴുമുറക്കമോ?'

മാതാവിൻ വിളിയ്ക്കതിൻ
മാറെറാലിമാത്രം കേൾക്കായ്;
മാന്തളിർച്ചൊടിയിതു
മൌനമുദ്രിതം, ശാന്തം!
മഞ്ഞുപോലിരിയ്ക്കുന്നു
മഞ്ജുമെയ്യെല്ലാ;-'മയ്യോ,
കുഞ്ഞേ, നീ ചതിച്ചിതോ!
കുററിയററല്ലോ വംശം!'

5*

Digitized By Kerala Sahitya Akademi

എന്തെന്തിത,കാലത്തി-
പ്പൊൻവള്ളിയൊടു ചേൎച്ച-
യെങ്ങിനെ വെടിഞ്ഞുപോയ്
പ്രാണമാരുത, ഭവാൻ!
മലൎന്നുകിടക്കുമീ
മഞ്ജുതൻ മുഖത്തങ്ക-
മലരിലൊരു നീല-
ച്ഛായയുണ്ടേതാശിക്കൊണ്മു;
ഭീകരമേതു വിഷം
തേപ്പിച്ച കരിയിതു?
ലോകമേ, നിൻഭിത്തിമേ-
ലിച്ചളി മായാത്തൊന്നാം! -
മൃത്യുവിൽക്കേറി സ്വൎഗ്ഗം-
പൂകതാൻ ചെയ്തു ഭാമ:
മൎത്ത്യലോകത്തിൻ കുപ്പ-
യെങ്ങു?-ങ്ങീ മണിപ്രേമം?
ഭൎത്താവിൻവചസ്സിൽനി-
ന്നൊള്ളിട ചലിയാതീ-
യുത്തമവധൂടി തൽ-
ഗാന്ധൎവ്വവിവാഹത്തെ
ശുദ്ധവിശ്വാസപ്പട്ടിൽ-
പ്പൊതിഞ്ഞു സൂക്ഷിച്ചാള;-
ക്ഷുദ്രനോ—നരകമേ,
നിനക്കും കശ്മലമവൻ!

Digitized By Kerala Sahitya Akademi

വെൺകടലാസ്സിൻ
ചുരുളൊന്നതാ, സുനീലാഗ്ര-
ക്കൊങ്കകളുരംത്തിങ്ങിയ
റൌക്കിതൻ നടുക്കെട്ടിൽ;
പാശ്ചത്തിൽക്കുഴഞ്ഞു
വീണീടിന മൃദുവാമി-
പ്പാണിതാൻ കുറിച്ചതാ-
ണീയന്ത്യക്കുറിമാനം:

തപ്തബാഷ്പമേ, തെല്ലൊ-
ന്നടങ്ങിനിന്നാലും നീ;
തന്വിതന്നെഴുത്തിലെ-
ന്തെന്നു നോക്കട്ടേ ഞങ്ങൾ:—
"പ്രാണേശ,—തരംകെട്ട
ഭാമതൻ വിളിയിതു
ചേണേറും ഭവാനെയി-
ങ്ങവമാനിസ്ക്കാ മേലിൽ!

കൈക്കൊൾകീയനാഥത-
ന്നന്തിമനമസ്കാരം!
ചേക്ക തേ സംതൃപ്തിയെ-
പ്പുതിയ ഗൃഹാശ്രമം!
എൻപ്രിയാവരജ നീ
സുഭദ്രേ! തവ കാന്ത-
നെൻറയീ വയററിലെ-
പ്പൈതലിൻ പിതാവത്രേ;

Digitized By Kerala Sahitya Akademi

എന്തിതിൽത്തെററധീര-
ന്ന?--ഗനമാരെ സൈ്വരം
ഹന്ത, കൈക്കൊള്ളാം, തള്ളാം;
സ്വതന്ത്രനല്ലോ പുമാൻ!
ജ്യേഷ്ഠത്തിയുടെ ഗതി
വന്നുകൂടൊല്ലേ ഗുണ-
ശ്രേഷ്ഠയാം നിനക്കെന്നു
നേരുന്നേൻ വരാകി ഞാൻ.

എന്നമ്മേ, കുലടയ-
ല്ലിമ്മകൾ; സഹജരേ,
ധന്യമാം യുഷ്മൽക്കുലം
കെട്ടത്തോളല്ലീപ്പെണ്ണൾ!
ദുഷ്ടേരാൽപ്പരിക്കേററ
തീവ്രനോവേന്തും ഹൃത്തി-
ന്നത്ഭുതൌഷധമുണ്ടു
വിശ്വവൈദ്യനാൽ സൃഷ്ടം;
അതിതാ, സമ്പാദിച്ചേൻ!
വിഷമേ, ഹാ, നീ സാക്ഷാ-
ലമൃതാണി,ടിവെന്തീ
ലോകരന്യഥാ ചൊന്നാൽ?"
ഭാമയെ—പ്രണയാഭി-
രാമയെ—ച്ചതിച്ചോനേ,
കാമിയാം നിന്നാൽ ത്യക്ത-
യാസ്സരാം സുഭദ്രയും:

Digitized By Kerala Sahitya Akademi

ഇന്നു നീ വേട്ട വധൂ-
ഭ്രൂണഹത്യകളോ, എ-
ന്നെന്നുമേ ത്യജിയ്ക്കാവ-
ല്ലാത്ത പതികളത്രേ!

Digitized By Kerala Sahitya Akademi

## 14. കവിത

മോഹിയ്ക്കോണ്ടുമഖണ്ഡകീർത്ത്യുഡുനിര-
      യ്ക്കോമൽത്രിയാമാഗമം,
ദാഹിയ്ക്കും മതിചാതകിയ്ക്കു പുതുതാം
      കാദംബിനീകന്ദളം,
സാഹിത്യത്തിരുമാറിടത്തിനു മഹാ-
      നീലപ്പതക്കം, ജഗൽ-
സൌഹിത്യത്തിനു ലാലസിപ്പു കവിതാ-
      ലക്ഷ്മീകടാക്ഷാഞ്ചലം.

മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും
      കൈവാളിളക്കത്തിലും,
മാനഞ്ചും മിഴിതൻ മനോരമണന്നിൽ-
      ച്ഛായയും കൺകോണിലും,
സാനന്ദം കളിയാടിടുന്ന ശിശുവിൻ
      ത്തുവേർപ്പണിപ്പൂങ്കവിൾ-
സ്ഥാനത്തും നിഴലിച്ചു കാണ്മൂ കവിതേ,
      നിന്മഞ്ജുരൂപത്തെ ഞാൻ.

Digitized By Kerala Sahitya Akademi

പാടുന്നു പരിതുഷ്ടി പൂണ്ടു കളക-
ണ്ഠത്തിൻ ഗളംകൊണ്ടു നീ; -
യാടുന്നു, കുളിർമാരുതൻ കുതുകിയായ്-
ക്കൈവെച്ച പൂവല്ലിമേൽ;
ചാടുന്നോ നലരിങ്കലൂടെ നിഭൃതം
തൂകുന്നു, ലോകത്തിനെ-
മ്പാടും നിത്യസുഖം, നിസർഗ്ഗസുഭഗം,
ഹാ, നിൻ വിലാസോദയം!

സല്ലോകസ്പൃഹണീയസത്തമയി നിൻ
തൂമന്ദഹാസാങ്കുരം
തെല്ലോ പാൽക്കുളിതേച്ചിടുന്നു തെളിയും
പൂവെണ്ണിലാവിന്നുമേൽ?
ഇല്ലോർത്താലിതിലത്ഭുതം: രസികർതൻ
നെഞ്ചം കുളിർപ്പിയ്ക്കുവോ-
ന്നല്ലോ നൽപ്പനിനീരുപോലെ നിയതം
നിൻ ചുട്ട കണ്ണീരുമേ!

ആരമ്യപ്രകൃതി നിന്നപാംഗമുന താൻ
സൌഭാഗ്യസൌധോത്തമ-
ദ്വാരം ദേവി, തുറന്നുവെപ്പൊരു മണി-
ത്താക്കോലശേഷാക്കുമേ;
സ്വൈരം നിൻകനിവിന്നൊരിയ്ക്കലുമയേ,
ലാക്കായ്ബ്ഭവിയ്ക്കായ്കിലോ,
ധീരൻ ഭീരു, ബുധൻ ജഡൻ, ഗിരി തൃണം,
ഭൂപാലകൻ യാചകൻ!

Digitized By Kerala Sahitya Akademi

വേദം നിന്നുടെ ശാസനക്കുറി; പുരാ-
ണൌഘം ഹിതോൽബോധനം;
സ്വാദത്യന്തമിയന്ന കാവ്യഗണമോ,
സപ്രേമസംഭാഷണം;
വൈദഗ്ദ്ധ്യത്തികവാൽജ്ജഗത്തു മുഴുവൻ
താനേ വശത്താക്കി നീ
നാദബ്രഹ്മനൃപാസനോപരി വിള-
ങ്ങുന്നു മഹാറാണിയായ്.

ചേതസ്സിൽച്ചില വേണ്ട വിത്തു പൊരുതി-
യ്ക്കായ് മേ വിതപ്പിപ്പൂ നീ;-
യാതങ്കത്തിൽ മരന്ദമഞ്ജുളമരു-
ന്നേകുന്നു സേവിയ്ക്കുവാൻ;
സ്വാതന്ത്ര്യം തടയാതെ സൽഗതി പഠി-
പ്പിയ്ക്കുന്നു; ഹാ, നിൻഗുണ-
ക്രീതൻ ദാസനിവൻ; ത്വദേകനതിയാ-
ലെൻ ജീവിതം പാവിതം!

നീരത്തിൻപെരുമാറം പെരുമ്പറയടി-
യ്ക്കുന്നു; സരാഗോദയൻ
സൂരൻ കാഞ്ചനവീണ മീട്ടി വിഹഗോൽ-
ഗീതം മുതിക്കുന്നിതേ;
താരങ്ങിങ്ങളിനാദമന്ത്രപാഠനം
ചെയ്‌വൂ; തമസ്സററുപോം-
നേരം ത്വൽഭജനൈകതാനമുലകം
ഹേ ശബ്ദചിദ്രൂപിണി!

Digitized By Kerala Sahitya Akademi

അല്ലാകും മറ നീങ്ങി വെണ്മ വിലസീ;
 പൊൻകാൽച്ചിലമ്പൊച്ചയോ
തെല്ലാരാൽ നിശമിപ്പതു? -ററൊരനഘ-
 ജ്യോതിസ്സിതാ, മുന്നിൽ മേ;
എല്ലാം സാധിതമിന്നെനിയ്ക്കു,നുപമാ-
 നന്ദൈകസാമ്രാജ്യം ജഗ-
ത്ത്! -ല്ലാ, വീണ്ടുമിരുട്ടു: നിന്നുടൽ മറ-
 യ്ക്കായ്കെൻ മനോനായികേ!

രാവിൽ സ്വൈരമനിദ്രയായ് ത്വയി ലയി-
 ച്ചാ, നീലപത്രാഭമാം
ദ്യോവിൽപ്പൊൻമഷികൊണ്ടുതന്നെ പലതും
 കുത്തിക്കുറിയ്ക്കുന്നു താൻ;
ആവില്ലെന്നഥ മായ്ച്ചിടുന്നു; കുറുകാൽ
 വീണ്ടും തുടങ്ങുന്നു പേ-
ർത്തീ; -വിശ്വപ്രകൃതിയ്ക്കുമത്ര വശയാ-
 യിട്ടില്ല ദുഷ്പ്രാപ നീ!

---

Digitized By Kerala Sahitya Akademi

# 15. ഭക്തിയും വിഭക്തിയും

(കേക)

രണ്ടു നാഴികയായീ,
പശ്ചിമജലാശയ-
ക്കുണ്ടിലെയ്ക്കിറങ്ങിയി-
ട്ടാകാശപാന്ഥൻ സൂര്യൻ;
യാത്രയ്ക്കു സമുദ്യുക്ത-
യായിട്ടില്ലിവിടെനി-
ന്നാ,ത്തപാടലാംബര-
യാകിയ സന്ധ്യാദേവി;
ദീപാരാധനയിങ്കൽ-
ഗ്ഗുരുവായൂരപ്പൻതൻ
ശ്രീപദം പണിയുവാൻ
കാത്തുനില്ക്കുകയാവാം!

ചരിതോ ദീപപ്രഭാ-
പംക്തിയാൽ പകൽപോയ്-
തറിയാതുദ്യോതിക്കും
ശ്രീഗുരുവായൂർക്ഷേത്രം,

Digitized By Kerala Sahitya Akademi

ഗോവിന്ദ, ഹരേ, കൃഷ്ണേ-
ത്യാദിനാമോച്ചാരത്താം,-
ലാവോളം മുഴങ്ങുന്നു
വൈകുണ്ഠപുരം പോലെ.
ഇടയ്ക്കൂയൊലിയൊത്തു
തിരുനാമോൽഘോഷങ്ങൾ-
ക്കിടയ്ക്കു കേൾക്കാകുന്നു
രമ്യാഷ്ടപദീഗാനം;
നടയ്ക്കൽ നാനാതര-
മാളുകൾ നില്പുണ്ടു വീ-
ർപ്പടക്കി, നെഞ്ചിൽച്ചേർത്ത
കൂപ്പുകൈകളുമായി.
ഈറനായ്ച്ചുരുൾത്തുമ്പിൽ-
ക്കെട്ടിയ കരിംകുന്തൽ-
ക്കാറിനാൽ മറഞ്ഞുള്ള
നിതംബബിംബത്തോടും,
ശുഭ്രവസ്ത്രാലങ്കാര-
ച്ചേലൊടും വിളങ്ങിനാ-
രത്ഭുതാംഗിമാരങ്ങി-
ങ്ങപ്സരസ്സുകൾ പോലെ.
ശ്രീകോവിൽനടയതാ,
തുറന്നു; പുതിയൊരു
ലോകമിതേതോ ഹന്ത,
ശോഭനതേജോമയം!

Digitized By Kerala Sahitya Akademi

കർമ്മസാക്ഷിയാം ദേവൻ
പടിഞ്ഞാറുദിച്ചിതോ!
കർമ്മനക്ഷത്രവ്രാത-
മേകത്ര കൂടിച്ചേർന്നോ!
ചന്ദനാലേപം ചാർത്തി-
ശ്ശോഭിപ്പൂ തിരുമുഖം,
മന്ദഹാസാർദ്രം, മണി-
പ്പൊൻകിരീടത്തിൻ താഴേ;
നിർന്നിമേഷമായ് നില്ക്കൂ
നേത്രമേ: ഭാഗ്യാലിതാ,
നിന്നിലെയ്ക്കൊഴുകുന്നു
സച്ചിദാനന്ദാമൃതം!
പേലവമണം വിള-
യാടിന വാടാമലർ-
മാലകൊണ്ടലംകൃത-
മാകിയ തിരുമാറിൽ
പത്മരാഗത്താൽപ്പോലേ
പററിനില്പതു ഹാഹാ,
പരന്ന പൊൻപോളയോ,
ചെംചൊയ്ത്താർമകൾ താനോ!
പാടീരവരപുഷ്ട-
കർപ്പൂരധൂപാദ്യത്തിൻ
പ്രൌഢമാം പരിമളം
നാലുഭാഗത്തും വീശി

Digitized By Kerala Sahitya Akademi

നിർവൃതിപുളകിത-
　　രാക്കി ലോകരെ വീണ്ടും
നിഷ്കളസ്വരൂപൻെറ
　　ഭക്തവാത്സല്യംപോലേ!
മണ്ഡപത്തിലും മററും
　　തൂക്കിയ മണികളും
മന്നിൽവാനവരുടെ
　　കൈവിരൽസ്പർശംമൂലം
ചിക്കെന്നങ്ങുണർന്നപോ-
　　ലുച്ചത്തിൽ സ്തുതിയ്ക്കയായ്
ചിൽക്കാമ്പാം മുകുന്ദനെ-
　　ച്ചലിയ്ക്കും നാക്കുകളാൽ!
'തീർത്ഥ'വും 'പ്രസാദ'വും
　　വാങ്ങാനോ, രജനിതൻ
താർത്തെന്നലവിടത്തി-
　　ലൊതുങ്ങിപ്പെരുമാറീ!
പൂനിലാവിനാൽ വെള്ളി
　　പൂശിയ തിരുമുററം
പാൽനറുംകടൽ പോലേ
　　തിളങ്ങീ ചുഴലവും;
അമ്പലം വലംവെയ്ക്കു-
　　ന്നവർതൻ ധൌതാംബര-
ത്തുമ്പുകൾ കാററത്തുല-
　　ഞ്ഞലകളതിൽച്ചേർത്തു!

Digitized By Kerala Sahitya Akademi

മണ്ഡപത്തറയിന്മേൽ
മേവിന മറയോർതൻ-
മണ്ഡലത്തിൽനിന്നൊ,രു
കേരളക്ഷമാദേവൻ,
ഭജനനതികളാൽ
സ്പഷ്ടമായ് ലഭിച്ചോരു
ഭഗവൽപ്രസാദത്താ-
ലങ്കിതലലാടനായ്

പുറത്തെയ്യെഴുന്നള്ളി-
സ്സൽക്ഷേത്രപ്രദക്ഷിണം
മുറയ്ക്കു തുടങ്ങിനാൻ
ജപസംചലിതോഷ്ഠൻ.
അധീരശാന്താത്മാവിൻ
പിന്നാലെക്കൂടിയൊരു
ശ്രദ്ധനാം നമ്പൂതിരി
മന്ദമൊന്നുരചെയ്താൻ:—
"ഉണ്ടൊരു കൃതി—അല്ലാ,
വികൃതി—എന്റേതായ്;ച്ചൊൽ-
ക്കൊണ്ടെഴമങ്ങുന്നതിൻ
പിഴകൾ തീർത്താൽക്കൊള്ളാം;
'പച്ച'യാണിതെന്നാലും,
പട്ടേരി നോക്കിത്തന്നേ
ചന്തിയാവുള്ളൂ"—ഭട്ട-
തിരിയോ മുന്നിൽ? അതേ:

Digitized By Kerala Sahitya Akademi

ആയിരംസുസംസ്കൃത–
ശ്ലോകപുഷ്പത്താൽ ഗുരു–
വായുമന്ദിരേശനെ–
പ്പൂജിച്ച വഴിപോലെ
'ആയുരാരോഗ്യസൌഖ്യം'
നേടിയ കവീന്ദ്രനാം
ശ്രീയുതനാരായണ–
ഭട്ടപാദരോടത്രേ,

കൈരളീമയമാകും
തൻകൃഷ്ണകർണ്ണാമൃതം
സാരമായ്സ്സംശോധിപ്പാൻ
സാദരമപേക്ഷിച്ചു,
പൂന്തേനാം പല കാവ്യം
കണ്ണനു നിവേദിച്ച
പൂന്താനം ജ്ഞാനപ്പാന
പാടിയ പുംസ്കോകിലം!

തെല്ലൊരസ്വാരസ്യത്തിൽ–
ച്ചൊല്ലി മേല്പത്തൂർ: 'മററു
വല്ലവരേയും കാട്ടി–
ക്കൊള്ളുക ഭാഷാശ്ലോകം.'
കഷ്ടം,മീ ബ്രഹ്മജ്ഞൻതൻ
സമഗ്രജ്യോതിസ്സിലും
തട്ടിയോ തവ നിഴൽ
പാണ്ഡിത്യദൈർഗ്ഗവേ!

Digitized By Kerala Sahitya Akademi

കിന്നു്ിദമൃചിതം തേ:
കൈരളീ വരാകീയം
സന്നതാ നിരസ്യതേ
യതസ്സ്രവണി, ത്വയാ?
ഉത്തരക്ഷണത്തിൽത്താൻ
മറഞ്ഞു പൂന്താനു;-മ-
ശ്ശുദ്ധബ്രാഹ്മണനാശാ-
ഭംഗത്തിൽ മുങ്ങിപ്പോയോ!

ഭട്ടപാദക്കു ശമി-
ച്ചിരുന്ന വാതവ്യാധി
പെട്ടെന്നു പെരുതായി-
ത്തീൎന്നിതാ രാവിൽത്തന്നേ;
കൈകാൽകറം കോച്ചി-
വലിച്ചാൎത്തനായവിടുന്നു
ഹാ, കൃഷ്ണ, ഹരേ! എന്നു
കേണാരുളുകയായീ!

ഒടുവിലൊരുവിധ-
മൊന്നു കണ്ണടച്ചപ്പോ-
ളൊരു കോമളബാല-
നരികേ കാണാരുന്നു:
പീലികറം തിരുകിയ
കാർകുഴൽക്കെട്ടും, നൽപ്പൊ-
ന്നേലസ്സു കിലുങ്ങിടു-
മരയിൽ മഞ്ഞപ്പട്ടും,

Digitized By Kerala Sahitya Akademi

ചെന്തളിർക്കയ്യിലൊരു
കൊച്ചോടക്കുഴലും —ഹാ,
ഹന്ത, കൈതൊഴാം, തൊഴാ-
മമ്പാടിമണിക്കുഞ്ഞേ!
ആയിളംചൊടിയിൽനി-
ന്നന്തണവരന്നു കേ‌ൾ-
ക്കായിതിങ്ങിനെയൊരു
മുരളീകളഗീതം:—

"അബ്ഭാഷാകവിയുടെ
സങ്കടം തീക്കുകി;-നി-
ത്തൽപ്രീതിയല്ലാതില്ലാ
മരുന്നീ രോഗം മാറാൻ;
കേളിയേറിന മേല്പ-
ത്തൂരിന്റെ വിഭക്തിയെ-
ക്കാളിഹ പൂന്താനത്തിൻ
ഭക്തിയാണെനിയ്ക്കിഷ്ടം!"



Digitized By Kerala Sahitya Akademi

## I6. ആ കൊച്ചുമാറാപ്പ്

(കാകളി)

‘വീട്ടിലെനിക്കില്ല വേണ്ടുവോളം സ്ഥലം;
നീട്ടിയുണ്ടാക്കണം മാളികയൊന്നുടൻ—
പാട്ടിലാകുന്നതില്ലെൻദിനചര്യകൾ;
നോട്ടത്തിനിനിയും ഭൃത്യരെ നിർത്തണം—.
തോട്ടംവയൽകൾക്കു പാട്ടം പുറപ്പാടു
കൂട്ടിവെയ്ക്കാം—’ ‘ഹരേ, റാം, ഹരേ, റാം ഹരേ!’

ഈ രാമനാമമാം മുള്ളു കാലിൽത്തറ—
ഞ്ഞാറേ നിലച്ചിതന്നെൻ നിനവിൻഗതി!
നാമസംകീർത്തനക്കല്ലു കടിയ്ക്കയാ-
ലാ മനപ്പായസമുണ്ണാതെ നിറുത്തി ഞാൻ
ആരിൽനിന്നിശ്ശബ്ദമെന്നു വീക്ഷിയ്ക്കയെൻ-
ചാരത്തു വന്നെത്തി തീർത്ഥചാരിയൊരാൾ:
എന്നസന്തുഷ്ടിയെയീശ്വരസന്നിധി-
തന്നിൽപ്പിടിച്ചുണപ്പാനെന്നപോലവേ!

രുദ്രാക്ഷമാലാപരീതഗളൻ; ഭസ്മ-
ദിഗ്ദ്ധകളേബരൻ, സൌമ്യമുഖനയാൾ,

Digitized By Kerala Sahitya Akademi

കാൽമുട്ടുകളാംവരെ ഞാത്തിയടുത്തൊരു
കാവിമുണ്ടിൻെറയിരുകോന്തലകളാൽ
സ്വസ്തികം ബന്ധിച്ചു, ശൈത്യാദിയാലഴ-
ലെത്താതെ രക്ഷിച്ചിരുന്നു തന്മെയ്യിനെ;
ചട്ട തനിസ്സൂരക്കച്ചതാൻ, സന്നാഹ-
മൊട്ടേറെ വേണ്ടുന്ന ജീവിതപ്പോരിതിൽ! -

വാർദ്ധക്യവസ്ത്രത്തിനായ് സ്വയം വെള്ളന്തു-
ലാസ്ഥയാ നൂൽക്കുന്ന തൽക്കേശമീശകൾ,
വസ്ത്രമുടുപ്പിസ്സുവാനുമാം വേണ്ടുമെൻ
വക്ത്രത്തെ നോക്കിച്ചിരിച്ചതായ്ത്തോന്നി മേ!
എൻപുരോഭാഗേ വെറുംനിലത്തന്തിയ്ക്കു
ചമ്രംപടിഞ്ഞിരുന്നാനന്ദസാന്ദ്രനായ്
ഉത്തമസ്തോത്രം ചിലതയാൾ പാടിനാൻ,—
ഭക്തി താൻ വീണ വായിപ്പതു പോലവേ!

പിൻപയാളോടു ഞാൻ ചെയ്തേൻ പലതരം
സംഭാഷണമൊരു വെങ്കലഭാഷയിൽ:
ഏല്ലാമയാൾക്കു തൻനാടാണു; ചെന്നെട-
ത്തെല്ലാം ഗ്രാമമുണ്ടു; ചിലരും ബാന്ധവർ—
ഏന്തില്ലനീറാതേ, നിൻചെറുഭാണ്ഡത്തി-
ലെ? - നാം ദരിദ്രം ദൂരതൻ നിലവറ!
പാരം ചെറുതാണയാൾതൻ ചുമലിലെ
മാറാപ്പു; നെഞ്ചിലേതങ്ങിനെയല്ലഹോ:

Digitized By Kerala Sahitya Akademi

രണ്ടു പിടി നല്ല ഭസ്മ,മൊരു ചര -
ത്തൊണ്ടൊ, രു കമ്പിളിസ്സുണ്ടിവ മാത്രമേ
കണ്ടുള്ള തോളത്തു; ഏതിൽപ്പല കൂട്ട-
മുണ്ടു ബഹുരാജ്യസഞ്ചരണാർജ്ജിതം!

തീർത്ഥസഹസ്രങ്ങൾ ചൂഴമീയൂഴിയെ—
ത്തീർത്ഥപാദർഷിവര്യർതന്നമ്മയെ—
കാൽനടയായ് വലംവെച്ചോൻ പലവുരു,
കായം ചടയ്ക്കിലും നൽക്കരുത്തനയാൾ.
കയ്യിലുള്ളോരു വടിതാൻ വഴിത്തുണ;
കട്ടിയിരുമ്പുകൊണ്ടാണതെന്നാകിലും,
നീളെ നാനാവിധതീർത്ഥനിമ്മജ്ജനം-
മൂലമോ, വൈമല്യമാന്നിരുന്നു തുലോം!

ശാസ്ത്രപാണ്ഡിത്യമയാൾക്കില്ല; വേദാന്ത-
സൂത്രമൊന്നെങ്കിലും തോന്നില്ല ചൊല്ലുവാൻ;
മായ പരബ്രഹ്മമെന്നീപ്പദങ്ങളാൽ
മാല കോക്കും കലാകോവിദനല്ലയാൾ;
എന്നാൽ, കിടച്ചതുകൊണ്ടു തൃപ്തിപ്പെടാൻ
നന്നായറിയാമയാൾക്കു നിസ്സംശയം!

പാർപ്പിടമെത്ര പരപ്പിൽ പണികിലും
വീർപ്പുമുട്ടുന്ന മനുഷ്യരേ, നോക്കുവിൻ:
അക്കൊച്ചുമാറാപ്പിൽ വിശ്രമിപ്പു സുഖ,-
മഗ്ര്യവിശാലമാണപ്പിക്ഷുവിൻ ജീവിതം!

Digitized By Kerala Sahitya Akademi

## 17. മലയാളത്തിന്റെ തല

"എന്നുടെ തല വേണ-
    മങ്ങേയ്ക്കു മുക്തിയ്ക്കെങ്കിൽ—
അന്യൂനഭവാതങ്ക-
    വൃത്രനെക്കൊൽവാനെങ്കിൽ,
എന്നോടായതു ചൊൽവാ-
    നിത്രയും സങ്കോചമോ?
ധന്യനാം ദധീചിതൻ
    നാട്ടുകാരല്ലെന്നോ നാം!

എത്ര നിസ്സാരം ഭവാൻ
    ചോദിച്ചതീ, മൃൽപിണ്ഡം —
അസ്ഥിരശരീരത്തിൻ
    താഴികക്കുടം— ശ്രീമൻ
ത്വത്തപസ്സിനു പൂർത്തി
    വരുത്തുമെങ്കിലെ,നി-
യ്ക്കത്യല്പവിലയ്ക്കല്ലോ
    കിട്ടുന്നു മഹാപുണ്യം.

Digitized By Kerala Sahitya Akademi

അൎത്ഥിയ്ക്കായ്, സ്സഹജമാം
    മെയ്ച്ചട്ടയടത്തേകി,
മൃത്യുദണ്ഡിനു നേരേ
    മാറു കാട്ടിയ കൎണ്ണൻ
നമ്മറംതൻപ്രപൂൎവ്വിക-
    നാണെങ്കിലെ,ന്നെക്കൊണ്ടെൻ
ധൎമ്മമേ ചെയ്യിപ്പാന-
    ഞ്ഞെന്തിനു മടിയ്ക്കുന്നു?

പന്നഗങ്ങളിലൊന്നി-
    ന്നായുസ്സു നീട്ടാൻവേണ്ടി,-
ത്തന്നുടെ താരുണ്യശ്രീ
    പൂണ്ട സുന്ദരഗാത്രം
പൈ മൂത്ത ഗരുഡന്റെ
    കൊക്കത്തു കോൎക്കാനിട്ട
ജീമൂതവാഹൻ സാധോ,
    നമുക്കു രാജാവല്ലീ?

ദീനനാം പിറാവിനു
    പകരം, പരുന്തിന്റെ
തീനിനായ്ശ്ശിബി പണ്ടു
    തന്നവയവമാംസം
കൈവാളാലരിഞ്ഞപ്പോറം-
    ത്തെറിച്ച ചെഞ്ചോരയാം
കാശ്മീരക്കുറി മാഞ്ഞി-
    ട്ടില്ലസ്മൽക്ഷിതിയ്ക്കിന്നും!

Digitized By Kerala Sahitya Akademi

ലോകത്തിൻസുഖത്തിന്നായ് –
ദുഃഖങ്ങളൊക്കെത്തങ്ക –
ലാകവേ നാശംസിച്ച –
തേതൊരു മഹാത്മാവോ?
ആ രന്തിദേവനുടെ
ദേഹജഭസ്മാണുക്കൾ
പാറിടുന്നുണ്ടങ്ങിങ്ങീ,
നാം ശ്വസിച്ചിടും കാററിൽ!"

രുദ്രസലോകപ്രാപ്തി –
തൃഷ്ണയാൽ നിജകണ്ഠ –
രക്തത്തിനായ് ത്താൻ കമ്പിൾ
കാട്ടിയ കാപാലിയെ,
തണ്ണീരൊട്ടിരന്നോനെ –
യെന്നപോലെ,ലിവോലും
കണ്ണിനാൽ നോക്കിച്ചൊന്നാൻ
ശങ്കരാചാര്യൻ വീണ്ടും:—

"അന്യഥാ കരുതായ്ക
മാമുനേ, ഭവാദൃശർ –
തന്നനുഗ്രഹത്തിന്നായ് –
ത്താഴാത്തതല്ലെൻ ശീഷം.
അത്യുഗ്രതപശ്ശുഷ്ക –
വിഗ്രഹനങ്ങുന്നെനി –
യ്ക്കൂർത്ഥിയാണ,തിഥിയാണ, –
ഖിലംകൊണ്ടും പൂജ്യൻ.

Digitized By Kerala Sahitya Akademi

സിദ്ധമാം ക്രതുവങ്ങ-
യ്ക്കെന്നറിഞ്ഞിട്ടു, മതി-
ന്നിത്തിരി തീച്ചൂടേല്പാൻ
ചായില്ലെൻതലയെങ്കിൽ,
ഇക്കർമ്മഭൂഖണ്ഡത്തിൻ
പ്രഥമാകീർത്തിപ്പൊതി-
യ്ക്കൊക്കുവൊന്നിതെന്തിന്നെൻ
തോൾകളാൽ ഭൂസിയ്ക്കുന്നു!

ആനന്ദക്കുളിർബാഷ്പ-
മാകിന ജലത്തോടേ
ഞാനിതാ, തന്നേനങ്ങു
ചോദിച്ച ഹോമദ്രവ്യം;
ശിഷ്യരിലാരും ചാര-
ത്തില്ലാത്ത തക്കം നോക്കി-
ശ്ശിക്ഷിതാത്മാവേ, കൊണ്ടു-
പോയ്ക്കൊൾകിതിഷ്ടംപോലെ.”

ആശ്രമാങ്കണനടീറ്റി
പച്ചപ്പുൽവിരിപ്പിൽ വാ-
ണാശ്രമം നാലാമത്തേ-
താണ്ട കൈപ്പിള്ളിദ്വിജൻ,
സർവ്വജ്ഞശിരസ്സൊന്നു
ഹോമിച്ചിട്ടുടലോടേ
ശർവ്വന്റെ ലോകം പൂകാൻ
മുതിർന്നു മുതുക്കന്നായ്

Digitized By Kerala Sahitya Akademi

ജ്ഞാനവിജ്ഞാനമണി-
ച്ചെപ്പാകും സ്വാശിരസ്സ്
ഓനംചെയ്തരുളിയ
വാക്കിതു കേട്ടിട്ടും ഹാ,
കോൾമയിർക്കൊണ്ടീലത്രേ,
പുഷ്പാക്ഷിസാഹസ്രത്താൽ
സ്വാമിയെസ്സന്ദർശിക്കും
ശ്രീശൈലം വനനീലം;

മല്ലികാൎജ്ജുനക്ഷേത്രം-
കൊണ്ടൊരു കിരീടം വെ-
ച്ചുല്ലസിച്ചമരുമ-
പ്പർവ്വതത്തിനു താഴേ;
തൻതോളിൽനിന്നെപ്പൊഴോ
വീണൊരു വെള്ളപ്പട്ടിൻ
പന്തിയില,ലകളാൽ
ച്ചുളിഞ്ഞ നദിതാനും—

പാതാളാഭിധയായ
ഗംഗയും—മുന്നെപ്പോലേ
ഗീതികൾ പാടിക്കൊണ്ടു
ശാന്തയായ് പ്രവഹിച്ചു;
വീശാതെ വിരമിച്ചു
നിന്നീല ക്ഷണംപോലും
ശ്രീശൈലദ്രുമസുമ-
ഗന്ധിയാം കുളിർകാററും—

Digitized By Kerala Sahitya Akademi

അൎത്ഥിയെ പ്രാണൻകൊണ്ടു-
മാരാധിയ്ക്കുകയൊരു
പുത്തനാമേടല്ലല്ലോ
ഭാരതചരിത്രത്തിൽ.
പൈശാചച്ചിരിയൊന്ന-
ക്കാപാലികാസ്യത്തിങ്കൽ
വീശി വാഞ്ഛിതലാഭ-
സന്തോഷപ്രകാശത്തെ:

സൎവ്വജ്ഞത്തല കിട്ടീ,
തീക്കുഴി തീക്കാം, ഹോമം
നിൎവ്വഹിച്ചീടാം, മെയ്യോ-
ടൊത്തു കൈലാസം കേറാം!
വൻകടൽ പൂകീ സൂൎയ്യൻ
സാന്ധ്യമാം സ്നാനത്തിന്നായ്,-
ശ്ശങ്കരയതീന്ദ്രൻെറ
ശിഷ്യരത്തുവിണ്ണാറം.

രക്തമായ് മിന്നീ
പശ്ചിമാംബരം: കാപാലിക-
നസ്താദ്രിതടത്തിലോ
വഹ്നിയെജ്ജ്വലിപ്പിച്ചു!
ശാരീരകാഖ്യാതാവീ-
ശ്ശാന്തമാം മുഹൂൎത്തത്തിൽ,-
ഭൈരവയജ്വാവിനെ-
പ്പൂരിതകൎമ്മാവാക്കാൻ,

Digitized By Kerala Sahitya Akademi

ഏകനായേകാന്തത്തിൽ-
സ്സുസ്ഥിരമാകും ധ്യാന-
യോഗത്താൽച്ചിദാനന്ദ-
ലീലനായ് സ്ഥിതിചെയ്യാൻ.
അസ്സത്വഗുണത്തിൻെറ
പിൻവശത്തെത്തി ലാക്കിൽ,-
കുത്സിതക്രൂരാകാര-
ധാരിയാം തമോഗുണം—

അപ്പരോപകാരത്തിൻ
പിറകേ പൊന്തിക്കാണായ്
നിർഭരമാകും സ്വാർത്ഥ-
ലോഭത്തിൽ നിഴൽക്കൂട്ടം:
ചെമ്പരത്തിപ്പൂ തോററ
കൺകളും കവിളൊട്ടി-
ച്ചെമ്പിച്ച മീശപ്പല്ലു
വളന്ന വദനവും,

പാമ്പുകൾക്കൊപ്പം
ഞാന്ന ചെഞ്ചിടപ്പിരികളും,
ചാമ്പലെമ്പാടും വാരി-
പ്പൂശിയ വരൾമെയ്യും,
അസ്ഥിയുന്തിയ മാറ-
ത്തസ്ഥിമാലയു,മുട-
വസ്ത്രമായ്ക്കാൽമുട്ടോള-
മെത്തിയ പുലിത്തോലും,

Digitized By Kerala Sahitya Akademi

പാഴ്‌വലം കയ്യിലൊരു
　　തീ പാറും ത്രിശൂലവും —
ആവൂ, മുമ്പരങ്ങത്തു
　　വന്നതല്ലീ വൻവേഷം!

ഈമട്ടിലൊരു കൊട്ടം-
　　ചുടലച്ചെകുത്താനായ്,
സ്വാമികളുടെ പിന്നി-
　　ലണഞ്ഞ കാപാലികൻ

തൃപ്പൊന്നിൻകഴത്തിനു
　　നേക്കതാ,ശതകോടി-
കല്പമാം ശൂലം —ഹാഹാ,
　　പോള ക്കൂട്ടുക കണ്ണേ!

പെട്ടെന്നു, വിരിഞ്ചാണ്ഡ-
　　ഭാണ്ഡങ്ങളുടഞ്ഞുപോം-
മട്ടിലൊരുച്ചധ്വാന-
　　മുച്ചലിച്ചതുമൂലം

കെട്ടററ കരളൊട്-
　　ക്കേരളയതിശ്രേഷ്ഠ-
നൊട്ടടഞ്ഞിരുന്ന തൃ-
　　ക്കണ്ണുകഠം മീഴിച്ചപ്പോഠം
ദ്രഷ്ടനായ് മുമ്പിൽ സ്വന്തം
　　പ്രഷ്ഠശിഷ്യരിലേകൻ,

Digitized By Kerala Sahitya Akademi

വെട്ടത്തുകാരൻ നമ്പൂ
തിരിയാം സനന്ദനൻ;
പിന്നിലോ, വയർനെഞ്ചം
പിളൎന്നു കുടർമാല
ചിന്നിയ കാപാലികൻ
ചോരയിൽക്കിടക്കുന്നു!
എന്മട്ടിപ്പരിണാമം? -
അന്നഭോക്താവാ ക്ഷുദ്ര -
കൎമ്മിതന്നാത്മാവുതാ -
നുത്തരം പറയട്ടെ: —
'നിഷ്ഠുരം മമ ശൂലം
നിസ്പൃഹന്നുടെ കണ്ഠം
തൊട്ടുതൊട്ടില്ലെന്നായ -
പ്പോഴെയ്യോ, ൻ വിധിയോഗാൽ
ഝടിതി പാഞ്ഞെത്തിയ
പത്മപാദനിൽനിന്ന -
ങ്ങിടിനാദത്തോടൊരു
മിന്നലെൻ നേരേ ചാടി.
ഉടൽകൊണ്ടതു മൎത്ത്യൻ,
തലകൊണ്ടതു സിംഹം;
ഞൊടിനേരത്താലാ
ഞാൻ ഹിരണ്യകശിപുവായ്!'
രണ്ടാമതൊരു നര -
സിംഹാവതാരം സിദ്ധി -

Digitized By Kerala Sahitya Akademi

കൊണ്ടു സംഭവിപ്പിച്ച
പത്മപാദനൊനോക്കി,
വിഷ്ടപഗുരു പര-
ദുഃഖദുഃഖിതചിത്തൻ
'കഷ്ടമീത്തപസ്വിയാം
വൃദ്ധനെ'—യെന്നായ്ച്ചൊല്ലെ,
കമ്പിട്ടൊന്നുണർത്തിനാൻ,
ക്രോധശേഷാരക്താക്ഷൻ
സംഭ്രാന്തസതീർത്ഥ്യരാ-
ലാവൃതനാമശ്ശിഷ്യൻ:—
"കൈവണങ്ങുന്നേൻ,
കനിഞ്ഞരുൾകീ,യുലകൊക്കെ-
ക്കൈലാസമാക്കാൻ പോരു-
മിദ്ദിവ്യശിരസ്സേവം
ദുഷ്ടനാമൊരു കൈലാ-
സേച്ഛുവിൻ ദുരത്തിയ്യിൽ-
ച്ചുട്ടെരിച്ചാലോ സ്വാമിൻ!
ദയയ്ക്കുമതിർവേണം!"
ഇസ്സമസ്പൃഷ്ടസ്നേഹ,
മിദ്ദീനദയാലുത്വ-
മിന്നിവ്വ്യളീകൌദാര്യ,-
മീയാത്മപരിത്യാഗം
ഇഗ്ഗുരുശുശ്രൂഷണ,-
മിമ്മന്ത്രസിദ്ധിബല-

Digitized By Kerala Sahitya Akademi

മൊക്കയും ഭവൽസ്വത്താം
നമ്പൂരിദ്വിജേന്ദ്രരേ!
അദ്വിതീയമേ നിൻെറ
സർവ്വജ്ഞശിരസ്സെങ്ങും,
വർത്തിയ്ക്ക സർവ്വോൽകൃഷ്ട-
മായി നീ മലനാടേ!

Digitized By Kerala Sahitya Akademi

# 18 മാപ്പ്

തീവണ്ടിയാപ്പീസ്സിലനേകമട്ടായ്--
ത്തിങ്ങുന്നു യാത്രോദ്യതരാം ജനങ്ങൾ;
ഒററയ്ക്കൊരാളങ്ങൊരഴുക്കുമുക്കിൽ
മലർന്നു മെയ് നീണ്ടു കിടന്നിരുന്നു.

ഞെരമ്പെലിമ്പെന്നിവ ചേർത്തുവെച്ചു
ചുളിഞ്ഞ തോൽകൊണ്ടഥ മൂടിയിട്ടാൽ,
ആളെന്ന പേരായതിനൊക്കുമെങ്കി-
ലൊ'രാള്'താനാഗ്ഗളിതാംഗചേഷ്ടൻ!

കൈച്ചീട്ടു വാങ്ങാനുഴറാതെ, നേരം
നോക്കാതെ,നങ്ങാതെ കിടന്നിതായാൾ;
തീവണ്ടി ചെല്ലാത്തൊരിടത്തിലേയ്ക്കാ-
യിരുന്നു സായാസമവൻെറ യാനം:

കൺ കുണ്ടിലായി,ക്കവിളൊട്ടി, മൂക്കു
വളഞ്ഞു, വൈവർണ്ണ്യമിയന്ന വക്ത്രം,
ആ നിസ്സഹായൻ പരലോകപാന്ഥ-
നാണെന്ന,പേതാക്ഷരമുച്ചരിച്ചു!

Digitized By Kerala Sahitya Akademi

കപ്പായമില്ല, കുടയില്ല, മാറാ-
പ്പില്ലാ, വിരിപ്പില്ല, പെരിപ്പമില്ലാ;
ഇദ്ദീർഘയാത്രോദ്യതനുണ്ടു,രയ്ക്ക-
ലിരുണ്ട കീറത്തുണിയൊന്നുമാത്രം!

പൈശാചതൃഷ്ണയ്ക്കടിപെട്ടൊ,ട്ടങ്ങാ-
പ്പണിയ്ക്ക നിത്യം മുതലാളിവർഗ്ഗം,
ചെഞ്ചോര തീൻപ്പൊഴുതിട്ടെറിഞ്ഞ
മനുഷ്യദേഹങ്ങളിലൊന്നിതത്രെ!

സ്വഭാവുതം സ്വൈരമശിച്ചു ദിവ്യ—
സൌധേ രമിപ്പൂ മുതലാളിവീരൻ;
ആയാളുകൾ വിൺ തീർത്തവരോ, വിശപ്പാൽ
വല്ലേടവും വീണു മരിച്ചിടുന്നു!

മേലാളുകൾ പൂംപട്ടുകിടയ്ക്കതുന്നി-
ക്കൂട്ടുന്നതിന്നാരുടെ കൈ കഴച്ചു,
ഏതോ മരത്തിൻപൊളിയാണവന്നു
കിടച്ചതാഹന്ത, കിടന്നു ചാവാൻ!

ഉണ്ടായിരിയ്ക്കാം തനതച്ഛനമ്മ-
കുഞ്ഞുങ്ങളും ചേരും കുടിലൊന്നിവന്നും;
അഭാഗ്യവത്താകുമതിൻ നടുത്തുൺ
താനാസ്സരാം, വീണു കിടക്കുമീയാൾ!

ഈ വിശ്രമാവസ്ഥയിലും വിയർത്തി-
ട്ടുണ്ടപ്പണിക്കാരനു ഫാലദേശം
ശ്രമിച്ചു കണ്ഠം, കുറുകും കഫത്തിൽ
പ്രാണപ്രയാണവ്യഥ പൂർത്തിവെപ്പാൻ!

അവന്റെയെല്ലുന്തി വിളർത്ത മാർത്ത-
ട്ടന്നക്ഷണം ശ്വാസവിജൃംഭിതത്താൽ,
യമാഗമം നോക്കിടുവാനെണീറ്റും,
കാണാഞ്ഞിരുന്നും വിഷമിച്ചിരുന്നു!

അശക്തമാമത്തല താങ്ങുവാനോ,
തണുത്തമെയ്യൊന്നു തലോടുവാനോ,
അങ്ങാരുടേയും കൃപ കയ്യയച്ചീ-
ലെ;-ന്തിന്നവൻ ദീനദരിദ്രനായീ—

എന്തിന്നവൻ പേർപുകഴാത്തൊരാളാ-
യെ,—ന്തിന്നവൻ ഹീനകുലേ ജനിച്ചു!
മാറന്മൃതാംഗസ്നപനോചിതം നിൻ-
വെന്നീർ വൃഥാവിൽക്കളയായ്ക കണ്ണേ!

അറപ്പുമൂലം ചിലർ മാറിനിന്നാ-
ര-വന്റെ ഗാത്രം മലിനം വിഗന്ധം;
ചിലർക്കു ചിത്താർദ്രത, 'കഷ്ട'മെന്നീ-
യൊരൊറ്റവാക്കിൽച്ചെലവായ്ക്കഴിഞ്ഞു!

നോക്കിച്ചിരിച്ചു ചില ദേവകള്ളർ:
'ചാവാൻ തുടങ്ങീടുകയാണു പാവം!'

Digitized By Kerala Sahitya Akademi

ചിലക്കെിച്ചീല വികാരമൊന്നും:
'മരിയ്ക്ക സാധാരാണമല്ലി മന്നിൽ?'

മരിയ്ക്ക സാധാരണ;-മീ വിശപ്പിൽ-
ദ്ദഹിയ്ക്കലോ നമ്മുടെ നാട്ടിൽ മാത്രം—
ഐക്യക്ഷയത്താലടിമശ്ശവങ്ങ-
ളടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം!

ഇപ്പാരിടക്കാഴ്ച വെറുത്തതിൻമ-
ട്ടടഞ്ഞുതാൻ നിന്നിതു കണ്ണുരണ്ടും;
എന്നാലവന്നന്തിമമായൊരിയ്ക്കൽ-
ക്കുടിത്തുറന്നു നനവററ വക്ത്രം.

വേദാന്തമില്ലാത്തൊരു സാധുവിന്നി-
ദ്ദശാന്തരത്തിൽക്കരളം ചെററലിഞ്ഞു;
അതക്കൃതാന്തായതനാധ്വഗൻെറ
വരണ്ട ചുണ്ടൊന്നു നനയ്ക്കയുണ്ടായ്!

കിടാങ്ങളെക്കിഞ്ചന പുല്കവാനോ,
പിതാക്കളെന്തൻ തൃക്കഴൽ കൈതൊഴാനോ,
നൽപ്പാതിമെയ്യോടവസാനയാത്ര-
യുൽബ്ബാഷ്പമുൽക്കാലുരചെയ്യുവാനോ

തരപ്പെടാതത്തരുണൻ പൊറുപ്പ-
ററു— താ, മുഴങ്ങീ മണിയൊച്ച മേന്മേൽ;
അവങ്കലെത്തും ശമനൻെറ പോത്തിൻ
കണ്ഠസ്ഥലങ്ങളൊരവമെന്നപോലെ!

Digitized By Kerala Sahitya Akademi

തീവണ്ടി വന്നു, പുരുഷാരമതിൽക്കരേറി;
ദ്യോവിങ്കൽ വീണ്ടുമൊരുപാരയുയൎന്നു സൂൎയ്യൻ;
പാവങ്ങൾ ചത്തിടുകിലെന്തു,പിറക്കിലെന്തേൻ?—
പാഴ്വാക്കിതിന്നരുൾക മാപ്പു മനീഷിമാരേ!

Digitized By Kerala Sahitya Akademi

## 19. പണ്ടത്തെപ്പാട്ടുകൾ

(മഞ്ജരി)

നമ്മുടെ മാതാവു— കൈരളി — പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം—
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം—
പെററമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വററിയിട്ടില്ലാത്ത പൂംകണ്ണാൽ
പാടിയിരുന്ന പഴംകഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം;

വൃത്തവ്യവസ്ഥയില്ല,ക്ഷരവ്യക്തിയി-
ല്ല,ർത്ഥോപപത്തിയില്ലെന്നാകിലും
ആരാരെക്കോൾമതിർക്കൊള്ളിയ്ക്കില്ലിഗ്ഗീത-
മാരോമൽപ്പൈങ്കിളിക്കൊഞ്ചൽപോലെ?
നാരായക്കൂർപ്പിനാൽ നൊന്തുഞെരങ്ങിക്കൊ-
ണ്ടോരോരോ കീറോലതന്നിൽ വീഴാൻ

Digitized By Kerala Sahitya Akademi

സംഗതി വന്നിട്ടില്ലിക്കൃതിയ്ക്കാ,ളുകറം
സന്തതം നെഞ്ചേററി ലാളിയ്ക്കയാൽ:
കേട്ടു പഠിച്ചു പാടിച്ചു നടപ്പായ
പാട്ടിതു നമ്മറംക്കൊരന്യവേദം.

കൌരവപാണ്ഡവരാജ്യവിവാദവും,
ശ്രീരാമകാർമ്മുകജ്ഞാണൊലിയും,
പാർ വെന്ന തേനൻെറ വാറംവീശൽച്ചീററവും,
പാലാട്ടുകോമൻെറ പ്രേമവീഴ്ച്ചും,
പാക്കനാർതന്നുടെയുറംപ്പൊരുറംത്തേട്ടലും
കേറംക്കാമിതിങ്കൽനിന്നുറംകുളിർക്കെ!

പത്തമ്പതാളുകറം വട്ടത്തിൽച്ചുററിക്കൊ-
ണ്ടു,ദ്രസമുത്സവവേളകളിൽ
നൽക്കര 'ക്കോലടി'കൊണ്ടു താളം പിടി-
ച്ചിഗ്ഗാഥയോരോന്നുറക്കെച്ചൊല്ലി
ഒത്ത കാൽവെപ്പൊടും 'മെയ്യ്'ഴകാന്റൊരു
നൃത്തവിശേഷമുതിക്കുംനേരം,
ആവത്തരീത്യാ ചലിയ്ക്കുമൊരുഞ്ഞാലി-
ലാടുന്നു ഗീതിമാതെന്നു തോന്നും!

ജീവനോപായത്തിനായിപ്പുഴകളിൽ-
ക്കേവഞ്ചിയൂന്നുന്ന കേവലന്മാർ
നിത്യമിപ്പാട്ടു, നനഞ്ഞൊരു നൂൽ പോലെ
നിദ്രതൻ വക്ത്രത്തിലിട്ടിഴയ്ക്കേ,

Digitized By Kerala Sahitya Akademi

രാവിൻെറ മൌനം പിളൎത്തുമാ നാദം പോയ്-
ദ്ദ്യോവിൽ ചെന്നാഹ്ലാദസ്തബ്ധമാക്കും,
ചാരുവാം കിന്നരഗീതി ചെവിക്കൊണ്ടു-
പോരുന്ന നക്ഷത്രപംക്തിയേയും!

കമ്പിട്ടുനിന്നു, കൃഷീശചരിതൻ തിരു-
മുമ്പിലായ്ക്കാണിസ്സ്വ വെയ്ക്കുംപോലെ
ഞാറു നടുന്ന നിരക്ഷരപ്പെണ്ണുങ്ങൾ
ക്കുറൊടിപ്പാട്ടുകൾ നീട്ടിപ്പാടി,
മാരിയെപ്പൂത്തുകലാക്കുന്നു; പാടത്തെ-
ച്ചേറിനെക്കസ്തൂരിച്ചാറാക്കുന്നു!

സംസ്കൃതഭാഷയോടുൾക്കൊണ്ട സഖ്യമാ-
ന്നുൽകൃഷ്ടകാൎയ്യവിചാരമോടും
മേവുമിക്കാലമെങ്ങി-ക്കളിക്കുളത്തെങ്ങു?
ഭാവങ്ങളത്രയും മാറിയല്ലോ.
ഇപ്പൊഴത്തപ്പച്ചപ്പാട്ടുകളെന്നമ്മ-
യ്ക്കുള്ളമൊരുൾത്രപ ചേൎപ്പീലല്ലി?
ഗ്രാമ്യങ്ങളാകിലുമഗ്ഗേയകാവ്യങ്ങൾ
കാമ്യങ്ങൾ നാഗരികാഗ്രിമക്കും!
നൂതനനൂതന സംസ്കാരമോരോന്നു
നാൾതോറുമുണ്ടായ്വരട്ടെ നാട്ടിൽ;
കോകിലകാകളിയ്ക്കെന്തുവാൻ വ്യത്യാസം?
ഏകുമതാനന്ദമന്നുമിന്നും!

Digitized By Kerala Sahitya Akademi

# 20. എൻെറ ജോലി നോക്കട്ടെ.

(പാന)

അച്ഛനുണ്ടന്നു,ലിവേറമമ്മയും;
ഇച്ഛപോലേ കളിച്ചു നടന്നിടാം
ചിന്തയെന്തെ?-നിയ്ക്കെല്ലാ വഴികളും
ചെന്തളിർ വിരിച്ചിട്ടതാൻ കാണായി!

മാതൃതാതർ പിമ്പെങ്ങോ മറഞ്ഞുപോയ്;
മാർഗ്ഗമദ്ധ്യത്തിലേകനായ്ത്തീൻ ഞാൻ;
ഇല്ലൊരാരാം തലോടാനുമെന്നായപ്പോരം
കല്ലു തട്ടിത്തുടങ്ങിയെൻകാൽകളിൽ!

ഒട്ടുനാരംക്കുള്ളിൽ ഞാനുമൊരച്ഛനായ്-
ക്കുട്ടികരംക്കു പകുത്തേൻ മടിത്തടം;
തുഷ്ടിയോടവക്കെന്നും കളിയാടാൻ
പട്ടുപന്തലിടാനുമൊരുങ്ങിനേൻ!
പന്തലിന്നൊരു ഭാഗം ക്രമാലൊന്നു
പൊന്തിയാലാശു ചായും മറുഭാഗം;
വേ്യാമമാം നീലമേലാപ്പു തീൎത്തവ-
ന്നീ മമാരംഭമപ്രിയമാണെന്നോ!

Digitized By Kerala Sahitya Akademi

'ഹേ മനുഷ്യാ, നീയെന്തിതു നോക്കാത്തു-
കാമചാരിയാമാരുടെ ഹസ്തമോ
കത്തിരികൊണ്ടു വെട്ടിയെടുക്കുന്നു-
ണ്ടിത്തിരശ്ശയായ്ത്താവകായുസ്സിനെ;
തുണ്ടുകളവ കൊണ്ടുപോയ് വൻകടൽ-
ക്കുണ്ടിലാഴ്ത്തിക്കളകയും ചെയ്യുന്നു!'
'എങ്കിലെന്നുടെ ജീവിതത്തിന്നേവം
വൻകനമേറിയേറി വന്നീടുമോ?'
'ശങ്ക വേണ്ടാ; കനക്കുടുതൽ പല
സങ്കടമിടചേരുകകൊണ്ടത്രേ.'
'മാലിനല്ല, സുഖത്തിനല്ലോ വഴി-
പോലിവൻ വേല ചെയ്യുന്നു നിത്യവും.'
'നന്നിതെ,ന്നാൽ, സുഖാസുഖശബ്ദങ്ങൾ-
ക്കൊന്നുതന്നെയാണർത്ഥം പ്രപഞ്ചത്തിൽ!'

വയ്യ, വയ്യ മേ, ക്ലേശമാം കൂലിയ്ക്കി-
ങ്ങിയ്യുയിർച്ചുമടേന്തി നടക്കുവാൻ!
എങ്ങൊരത്താണി?.. എന്തിതാ, രെന്നുടെ
തുംഗഭാരാവരോപം തടുക്കുന്നു!

'പന്തലിൻപണി തീർന്നുവോ? വൈലേററു
നിൻതളിർപ്പിഞ്ചുപൈതങ്ങൾ വാടില്ലേ?
തൽപ്രശാന്തിയ്ക്കു തൽപ്രിയമാതാവിൻ
തപ്തബാഷ്പമോ? കൊള്ളാം തവോദ്യമം!
എത്ര കൃത്യങ്ങളല്ലിപ്പം നിന്നുടെ
വക്ത്രമീക്ഷിച്ചു നില്ക്കുന്നതില്ലഹോ?

Digitized By Kerala Sahitya Akademi

തൈക്കിടാവിതാ, കേഴുന്നു, വാനിലെ-
പ്പൂക്കൾ നുള്ളുവാൻ പൊക്കിയ കയ്യുമായ്!'
വെൺനറുംതിങ്കൾ തൂകിയ വെള്ളിയാ-
മിന്നിലാവിനെ വല്ല വിധത്തിലും
കട്ടിയാക്കിച്ചമച്ച കലവറ-
പ്പെട്ടിയിൽക്കൊണ്ടുപോവേണ്ടയോ സഖേ!
നാളെയെങ്കിലും, കാനലിൽനിന്നൊരു
ചാലു വെട്ടണം തോട്ടത്തിലേയ്ക്കല്ലോ!'

മച്ചുപലതേ, മാപ്പേകിടേണ്ട നീ:
ഇച്ചുമടിനുണ്ടെത്രമാത്രം കനം?
പാഴിലത്താണി തേടിനടക്കാതെ
പൗരുഷത്തോടെൻജോലി നോക്കട്ടെ ഞാൻ!

Digitized By Kerala Sahitya Akademi

# 21. ഗുരുദക്ഷിണ

“ജ്ഞാനസ്സാംഖ്യ, ഗുരോ, ജയിച്ചു ഭവമാ-
        ദേശം: വിദേശീയരാം
ഹീനന്മാരുടെ കല്ലറയ്ക്കടിയിൽനി-
        ന്നുത്തീർണ്ണമായിട്ടിതാ,
വാനത്തെയ്ക്കൊരു വീർപ്പയച്ചു, സുചിരാ-
        ലാശ്വസ്തമീ ഹൈന്ദവ-
സ്ഥാനം, ധർമ്മവിപത്തി കണ്ടു വിബുധ-
        ർക്കുൾത്താപമാറുംവിധം!”

ആരണ്യക്ഷിതിസീമ്നി, വന്ന വഴിയേ
        സാഷ്ടാംഗമാകും നമ-
സ്കാരം ചെയ്തു ശിവൻ നൃപൻ, ഗുരുവിനാ-
        ലുത്ഥാപിതാശ്ലേഷിതൻ,
ധീരം തന്നുടവാളും നടുക്കിലിരുന്നുകൈ-
        കൊണ്ടും പിടിച്ചാജ്ജഗൽ-
സാരജ്ഞന്റെ പദദ്വയിക്കുപദയായ്
        വെച്ചോതിനാൻ പിന്നെയും:—

Digitized By Kerala Sahitya Akademi

"രേരേ നിഷ്ഠുരരെന്നു ചീറി, മുകില-
ന്മാർതൻ ഗളം കൊയ്യുവാൻ
നേരേ പാഞ്ഞ മറാട്ടവാളലകുമേ-
ലേറിജ്ജയശ്രീയിതാ,
പാരേവം പരിശുദ്ധമാക്കിയരുളും
ത്വൽപുണ്യപാദങ്ങൾതൻ
ചാരേ വന്നു വണങ്ങിടുന്നു; കനിവിൽ-
ക്കൈക്കൊള്ളുകിദ്ദാസിയെ!

തങ്കത്തൃക്കഴലങ്ങണയ്ക്ക: ഭവദാ-
രോഹത്തെയാഹ്ലാദിയാം
സങ്കല്പത്തൊടു കാത്തിരിപ്പിതു മഹാ-
രാഷ്ട്രീയസിംഹാസനം;
വൻകർമ്മാസ്പദമായ്ഭ്രവിതു വിഭോ,
മ്ലേച്ഛാഭിമർശോത്ഥമാം
പങ്കത്തെക്കഴുകട്ടെ സംപ്രതി ഭവൽ-
പട്ടാഭിഷേകാംബുവാൽ!"

ശ്രീമാനാം പ്രിയശിഷ്യനാലിതുവിധം,
വൈരാഗ്യപീഠത്തിൽനി-
ന്നാ, മാരാഷ്ട്രനൃപാസനസ്ഥിതിയിലെ-
യ്ക്കാകൃഷ്ടനാകംവിധൌ
പ്രേമാർദ്രസ്മിതനായ്ക്കഥിച്ചു ഭഗവാൻ:—
"സ്വാസ്ഥ്യസ്ഥ നിൻസൌഹൃദ-
സ്ഥേമാവിന്നു! തപഃസ്ഥർ ഞങ്ങൾ കൃതിയാം
നിന്നാൽസ്സനാഥീകൃതർ:

Digitized By Kerala Sahitya Akademi

ചെംകോലിൻകനമിത്തപഃകൃശഭുജാ-
ഗ്രത്തിന്നു താങ്ങാവതോ?
പൊൻകോടീരമിണങ്ങുമോ ജടകളാൽ
മൂടുന്ന മൂർദ്ധാവിതിൽ!
പങ്കോത്താരിതരാജ്യലക്ഷ്മി വളരെ-
ക്കാലം യുവാവായ നി-
ന്നങ്കോല്ലാസിനിയാക; പാറയിതു താൻ
ഞങ്ങൾക്കു സിംഹാസനം!

ഏച്ചാഞ്ചല്യമൊഴിയ്ക്ക, ചെല്ലുക, മഹാ-
രാജ്യം സ്വവീര്യാർജ്ജിതം
സച്ചാരിത്രമൊടും ഭരിയ്ക്കുകി,തുതാൻ
കൃത്യം ശിവന്നിന്നിമേൽ!"
ഇച്ചാരുക്തിയൊടത്ര ഭക്തിവശനാം
ശിഷ്യന്റെ കയ്യിൽപ്പിടി-
പ്പിച്ചാൻ മുന്നിലിരുന്ന ഖഡ്ഗമതെട-
ത്താചാര്യനാജ്ഞാബലാൽ.

ധൃത്യക്ഷോഭ്യ, ശിവക്ഷിതീശ, മിഴികൾ-
ക്കിന്നാർദ്രമായശ്രു ചേ-
ർത്തത്യന്താശയൊടെന്തിനായ് ഗുരുമുഖം
വീക്ഷിപ്പു വീണ്ടും ഭവാൻ?
പ്രത്യഗ്രാരുണനാൽജ്ജഗത്തിരുളിൽനി-
ന്നഭ്യുദ്ധരിപ്പിയ്ക്കയാം
കൃത്യം ചെയ്തുകഴിച്ചടങ്ങുക വിഭാ-
തത്തിൻ സ്വഭാവം ധ്രുവം!

Digitized By Kerala Sahitya Akademi

ഇച്ഛയ്ക്കൊത്തു തിമക്കുവാൻ തുടരവേ,
പാഠാലയത്തിങ്കലെ-
യ്ക്കച്ഛൻ തള്ളിയയച്ച ബാലനുടെ മ-
ട്ടേങ്ങിക്കരഞ്ഞാ നൃപൻ,
തുച്ഛം തൻജയമൊക്കെയെന്നു, വസന-
ത്തുമ്പാലെ ബാഷ്പോദക-
പ്രച്ഛന്നാക്ഷി തുടച്ചുകൊണ്ടു തിരിയേ
പോന്നാൻ ജഡപ്രായനായ്!

പോയിട്ടക്ഷിതിനായനായ് സ്വരാജ്യമഖിലം
നല്കുന്നു ശിഷ്യൻ; തനി-
യ്ക്കായിട്ടിങ്ങൊരു പാഴ്ത്തണൽത്തരിയുമേ
വേണ്ടാത്തവൻ ദേശികൻ;
മായില്ലിക്കനകാക്ഷരങ്ങൾ: ഭരതൻ
കീഴാളർ ഗീതാംബികേ,
വായിയ്ക്കട്ടെ തവോത്തരോത്തരഗുണ-
ത്യാഗപ്രബന്ധങ്ങളെ!

---

Digitized By Kerala Sahitya Akademi

## 22. ജാതിപ്രാഭവം

(കേക)

ഭൈരവന്നഴകില്ലാ,
പണമില്ല,റിവില്ല,
പോരെങ്കിലവനൊരു
ഹീനവർണ്ണനമത്രേ;
എങ്ങിനെയവങ്കലാ-
ഗ്ഗൌരി— മേന്മയും സ്വത്തും
തിങ്ങിന തറവാട്ടിൽ-
ജ്ജനിച്ചവളന്നവൾ.
ബദ്ധരാഗയായ്ത്തീർന്നു
സുന്ദരി, പഠിപ്പുള്ളോരാൾ?
ഉത്തരമിച്ചോദ്യത്തി-
ന്നവളും കണ്ടിട്ടില്ല!

ഏററവും കറുത്തിരു-
ണ്ടിരുന്നു, കാററും വൈലു-
മേററുപോരുമത്തോട്ട-
പ്പണിക്കാരൻതൻ ഗാത്രം;

Digitized By Kerala Sahitya Akademi

അക്കരിക്കട്ടയെയും
വൻവൈരമണിയാക്കീ,
മയ്ക്കണ്ണാളുടെ മന-
ശ്ശില്പസംസ്കാരം ക്രമാൽ!
സരസം കാർമേഘത്തോ-
ടിണങ്ങീ വെള്ളിൽപ്പിട,-
യിരുളിൻപിമ്പേ നട-
കൊറംകയായ് ദീപോദ്ദീപ്തി!

ഒരുനാളിസ്സംസാരം
പരക്കെക്കേട്ടുംകൊണ്ടാ-
ണ,രുണൻ തെളിയ്ക്കും തേർ
വന്നതുമ്പർകോൻദിക്കിൽ:—
'ഭൈരവൻ വശീകര-
ണൌഷധപ്രയോഗത്താൽ-
ഗ്ഗൌരിയെഗ്ഗൂഢം
രാവിൽക്കൊണ്ടുപോയ്ക്കളഞ്ഞുപോൽ.'
എങ്കിലുമുയന്നൊളി-
കൊറംക.താൻ ചെയ്തു സൂര്യ-
നെ,ന്തിതു ജാതിഭ്രംശ-
മവിടെയ്ക്കഗണ്യമോ!

തിരഞ്ഞു പലേടത്തും
ഗൌരിതൻ ഭവനക്കാർ;
തിരിയേ ലഭിച്ചീലാ
പോയ്പ്പോയ കുലമാനം;

ലജ്ജയും വ്യസനവു-
മവരിലരിശത്തെ-
യുജ്ജ്വലിപ്പിച്ചു;പ്പെണ്ണിൻ
നാമമേ നഞ്ഞെന്നാക്കീ:
അസ്വാതന്ത്ര്യയാം നാരി,-
യാണുങ്ങൾ തീർത്ത മതി-
ലത്രയും ചാടിക്കട-
ന്നാലത്തു സഹിയ്ക്കാമോ!

ജ്ഞാതിവർഗ്ഗത്തെപ്പേടി-
ച്ചകലത്തൊരേടം പോയ്
പ്രീതരായ് ക്കൂടികൊണ്ടാർ
ഗൌരീഭൈരവരെ;-ന്നാൽ,
അത്തുലോത്സവമാകും
വസന്തം രണ്ടാമത-
പ്പത്തുദംപതിമാർതൻ
പാർപ്പിടത്തണഞ്ഞീലാ:
ആണ്ടെത്തുന്നതിന്മുന്നേ,
കടന്നക്കൂടിലിന്നെ-
ത്തീണ്ടുവാൻ തുടങ്ങീ, ഹാ,
ദുർഭിക്ഷം;-മതോടൊപ്പം
ആത്തശയ്യയിലുമായ്
ഭൈരവൻ; പാപം ഗൌരി
വൈദ്യന്നോ വയററിന്നോ
വല്ലതും കൊടുക്കേണ്ടു!



Digitized By Kerala Sahitya Akademi

ദാരിദ്ര്യ,മവളുടെ
കൃത്രിമവിഭൂഷക-
ളോരോന്നായ്ച്ചില
നാളാലശിച്ചു കഴികയാൽ,
ഒടുവിൽസ്സഹജമാം
ഭൂഷണം—സത്സൗന്ദര്യം—
കടുവാകണക്കിന്നേ
നിന്നുതിന്നുകയായീ!
തന്നുടെ ശരീരത്തെ-
പ്പോലുമത്തപസ്വിനി-
യനഘം പ്രേമാഗ്നിക്കു
ഹവിസ്സായ്സ്സമർപ്പിച്ചാൾ;
വിലസത്താരുണ്യമാ-
യിരുന്ന പൂമെയ്യത്തു
തൊലിയിൽപ്പൊതിഞ്ഞുള്ളൊ-
രസ്ഥികൂടമായ്ത്തീർന്നു.

ഉച്ചമാമവസ്ഥയിൽ-
പ്പുലർന്ന ഗൌരിയെയും
പിച്ചതെണ്ടിച്ചു ജാതി-
പ്രാഭവമെന്നേ വേണ്ടൂ!
ജാതി-ഹാ, നരകത്തിൽ-
നിന്നു പൊങ്ങിയ ശബ്ദം!
പാർ തിന്നും പിശാചിൻെറ-
യേട്ടിലെ രണ്ടക്ഷരം!

Digitized By Kerala Sahitya Akademi

അയൽവീടോരോന്നില്യ-
    മിരന്നു കഴിഞ്ഞുതാൻ;
ദയതൻ തവിടുമി-
    ല്ലങ്ങിനിക്കിട്ടാനെന്നായ്;
അതിനാലഗതിയാ-
    മവറം തൻ പിച്ചപ്പാള-
യ്ക്കകലെയ്ക്കകലെയ്ക്ക
    നീളേണ്ടതായും വന്നു.

പട്ടിണിക്കുഴിയിങ്കൽ-
    പ്പതിച്ച കണ്ണും, വിള
ത്തൊട്ടിയ കവിളു, മെ-
    ല്ലന്തിനില്ലൊരു നെഞ്ചും,
ദാരിദ്ര്യാനലധൂമ-
    രേഖകറം പോലേ, കാററിൽ-
പ്പാറിന ചകിരിനേർ-
    ക്കേശത്തുറവുകളുമായ്,
പാഴ്ചീറത്തുണിയുടു-
    ത്തി, ടർ തേടീടും തേഞ്ഞ
കാൽകളാലിഴഞ്ഞൊ, ത്തോ
    സാധുവാം പിച്ചക്കാരി
ഒരുനാറം ഗൌരീജന്മ-
    ഗൃഹത്തിൻ മുററത്തെത്തീ;
പെരുതാമാ വീടൊന്നു
    ഞെട്ടിപ്പോയടിയോളം:

Digitized By Kerala Sahitya Akademi

ആരിതാ? - ച്ചാടിപ്പോയ
ചേട്ടയോ — തറവാട്ടിൻ
പേരിനും പെരുമയ്ക്കും
പരിക്ക തട്ടിച്ചവരം —
ആട്ടിയോടിപ്പിൻ ചിക്കെ-
ന്നാങ്ങളമാരേ; കരം
നീട്ടിടായ്ക.നുകമ്പ-
യെങ്ങോ പോയലിയട്ടേ:
ദുഷ്ടനെക്കണ്ണീർകൊണ്ടു
നനച്ച വളക്കയോ?
ദൃഷ്ടിയുമടച്ചല്ല
മേവുന്നു പുരോഹിതൻ!

Digitized By Kerala Sahitya Akademi

## 23. ഇന്ദ്രനും മാബലിയും

(കാകളി)

ഇന്ദ്രപദച്യുതനാകിലുമുൾച്ചലി-
പ്പെന്ന്യേ വിജനത്തിൽ വാണ വൈരോചനൻ
ശ്രീപുനർല്ലാഭപ്രഹൃഷ്ടനാം ശക്രൻെറ
സാപഹാസാക്ഷേപവാക്കുകൾ കേൾക്കയാൽ,
ഉന്നമ്രശാന്തിസുധാകണം പോലൊരു
മന്ദസ്മിതമിട്ടു ചൊല്ലിനാനിങ്ങിനെ:—

"ഇന്ദ്രവിഭൂതികൾ നില്ക്കട്ടെ, പോകട്ടെ,-
യന്നുമിന്നും സഖേ, മാബലിതന്നെ ഞാൻ:
വെള്ളിപ്പതയെപ്പുരത്തും തരംഗങ്ങൾ
തള്ളിയേറട്ടേ, തിരിയ്ക്കട്ടെയഞ്ജസാ;
ശ്രദ്ധിച്ചിടുന്നില്ല രണ്ടിലും, സിന്ധുവിൻ
സത്താഗുണവെണ്മ താവും മണൽപ്പുറം.
വന്ന മലവെള്ളമൊക്കെയൊലിച്ചുപോ-
മെന്നതുകൊണ്ടു പുഴയ്ക്കെന്തു ഹാനിയാം?
നേരേമറിച്ചു,തു പുഞ്ചിരിക്കൊള്ളുന്നു
പാരം തെളിവാർന്നു തൂമണൽത്തിട്ടിനാൽ!

Digitized By Kerala Sahitya Akademi

മൽപ്രസാദത്തിനായ് നൃത്തം മതിത്തീട-
മപ്സരസ്ത്രീകറംതൻ പൊൻകാൽച്ചിലമ്പൊലി
മത്തമരാളകളാരവം പോലെയേ
നിത്യം ശ്രവിച്ചിരുന്നുള്ള കണ്ണുങ്ങറം മേ.
കാററാകമൂഞ്ഞാലിലാടിക്കളിസ്സുന്ന
കാശമലർക്കലയെന്നതിലേറെയായ്
ഉല്ലസിപ്പിച്ചിരുന്നില്ലെൻമനസ്സിനെ-
യുല്ലോളിതമായ പള്ളിവെൺചാമരം.
പാലൊളിക്കൊററക്കടയോ, മദക്ഷിയ്ക്ക,
മൂലോകസാമ്രാജ്യമൈതാനവാഴ്ചയിൽ
മൌലിയ്ക്കുമേൽദ്ദിവി തെല്ലിട ചാഞ്ചല്യ-
മേലാതെ നിന്നൊരു വെൺമേഘമണ്ഡലം!

അസ്സുരവേളയെനിയ്ക്കു കഴിഞ്ഞുപോയ്:
വിശ്വത്തിലാരുള്ള കാലവിലംഘിയായ്?
ഇപ്പൊഴോ, ശ്രീതന്നിരിപ്പിടമാകിന
പൊൽപ്പൂ മുടിഞ്ഞുപോം ഹേമന്തമായി മേ-

വമ്പു ചൊല്ലായ്കിജ്ജയത്താൽ മതി മാ-
ന്നെ;ൻഭുജപ്രൌഢിയ്ക്കു സാക്ഷികളല്ലയോ,
'തമ്പുരാൻ മാബലി' മേവിന ദിക്കിനും
കമ്പിട്ടുപോന്ന ഭവാദൃക്ശിരസ്സുകറം?

കാലത്തിനെപ്പോറംക്കറുക്കുന്നുവോ മുഖ-
മീലോകമപ്പോളിരുട്ടിൽപ്പതിയ്ക്കയായ്.

Digitized By Kerala Sahitya Akademi

കാലമെപ്പോളൊന്നു പുഞ്ചിരിക്കൊണ്ടിട്ടു,-
മീ ലോകമപ്പോൾത്തെളിഞ്ഞുലസിയ്ക്കുയായ്-
മീതെ വർത്തിച്ചവർ താഴെയാം കാൽക്ഷണാൽ,
മീതെയാം കാൽക്ഷണാൽ താഴെ വർത്തിച്ചവർ:
നമ്മളെക്കൊണ്ടൊക്കെയിട്ടു തെരുതെരെ-
യമ്മാനമാടുന്നു കാലംതിരുവടി.

ഇന്ദ്രൻെറ വേഷത്തിനെന്നെ റിയോഗിച്ചി-
തിന്നലെ സ്വേച്ഛയാലി,ന്നു ഭവാനെയും;
നാളെയെന്നെത്താൻ വിളിച്ചുവെന്നാസ്സരാം,
കാലാഖ്യനാമിക്കളിയോഗനായകൻ

ഞാനും ഭവാനും കണക്കെ നൂറായിരം
വാനരേന്ദ്രന്മാരുണക്കിലയ്ക്കൊപ്പമേ
പാറിപ്പറന്നുകഴിഞ്ഞിരിയ്ക്കുന്നു, കെ-
ല്ലേറം കൃതാന്തൻെറ നേരിയൊരൂത്തിനാൽ-

കാലമതിൻെറ കനത്തകരംകൊണ്ടു
ലീലയാലൊന്നു പിടിച്ചുകലുക്കിയാൽ
പാടേ പതറിക്കൊഴിഞ്ഞുപോം, ബ്രഹ്മാണ്ഡ-
പാദപപ്പൂക്കളാം താരങ്ങൾ കൂടിയും!

പോരുമീ വിഭ്രാന്തി: മോദവും ഖേദവും
വൈരോചനിയ്ക്കില്ല ലബ്ധനഷ്ടങ്ങളിൽ;
കാലം തരുന്നു, തിരിച്ചെടുക്കുന്നു, തൻ-
ബാലരാം നമ്മെക്കളിപ്പിച്ചുകൊണ്ടഹോ..

Digitized By Kerala Sahitya Akademi

ബുദ്ധിമാന്മാക്കിത്ര മഞ്ഞളിയ്ക്കില്ല ക-
ണ്ണ,സ്ഥിരവൃത്തിയാം ലക്ഷ്മിതൻ മിന്നലിൽ:
എത്രനേരം നിലക്കൊള്ളമൊരേടത്തി-
ല,ബ്ധിത്തിരകൾതൻ കൂടെപ്പിറപ്പവൾ!

കാലജിതനെ സ്വജിതനെന്നെണ്ണായ്ക;
മൌലി നോവിയ്ക്കായ്ക ഗർവിൻചുമടിനാൽ.
ലോലനാകാതേ ഭുജിച്ചകൊണ്ടാല്ല,മീ
നാലഞ്ചു നാളെയ്ക്കു കൈവന്ന ലക്ഷ്മിയെ."

ഭാരതീയൻെറയല്ലാത്ത മുഖത്തോട്ട
ചേരാത്തതാമിശ്ശ്രമോ ഷ്ണീതൻ ഗൌരവാൽ
താന്നുപോയ് ദേവേശ്വരന്നു, മദൌദ്ധത്യ-
മാർന്നിരുന്ന ശിരസ്സത്തംസഭാസുരം,
ഐന്ദ്രമാമപ്പെരും ചെങ്കോലിനാൽത്തന്നെ-
യൂന്നുകൊടുക്കിലും പൊങ്ങാതെയാംവിധം.

---

Digitized By Kerala Sahitya Akademi

# 24. ഇരട്ടിപ്പടി

(കേക)

നെട്ടതാമൊരു ഭിത്തി-
    പ്പഴുതിലൂടേ കേറി-
ക്കടന്നു, സുകൃത്രിമ-
    പ്പാറമേൽത്തല്ലിച്ചിന്നി,
വെണ്ണക്കൽവിരിതോട്ടി-
    ലൊഴുകും യമുനതൻ
തണ്ണീരിൽ ഞെറികളെ-
    ച്ചമച്ച ചെറുകാററാൽ
ളൂരിതോഷ്ഠാവാമാഗ്രാ-
    രാജധാനിയിലൊരു
ചാരുവാം മണിമച്ചിൽ
    ബ്ഭാസുരാസനസ്ഥനായ്
സാമോദം ചതുരംഗ-
    ക്കളിയിലേർപ്പെട്ടാൻ പ-
ണ്ടാ, മുഗൾസമ്രാട്ടായ
    ഷാജഹാനൊരു നാളിൽ;

Digitized By Kerala Sahitya Akademi

ഖണ്ഡിതസപത്നനാ-
　　മവിടെയ്ക്കന്നിപ്പോരിൽ,-
പ്പണ്ഡിതജനനാഥ-
　　കവിയാണെതിരാളി.

തുല്യമാം ചത്വരത്തിൽ
　　മാണിക്യമരകത-
ക്കള്ളികളറുപത്തി-
　　നാലൊത്ത പലകമേൽ
വെള്ളി-പൊന്നുകളായ
　　ചൂതുകൾ ചേരിതിരി-
ഞ്ഞുല്ലസിച്ചിതീ, യോദ്ധൃ-
　　യുഗ്മത്തിൻ നടുവിലായ്::

തേരാനവാജിഭടന്മ-
　　മീരണ്ടു, കാലാളെട്ടെ-
ട്ടോ,രോന്നേ നൃപാമാത്യർ —
　　കോപ്പു രണ്ടാൾക്കും സമം;
പോരു കൂട്ടതല്ലുള്ളാൾ-
　　ക്കൊട്ടുവിൽജ്ജയം നേടാം;
പോരിതിലിടമില്ല
　　ചതിയ്ക്കോ കളവിന്നോ.

ഭാരതവർഷച്ചെങ്കോ-
　　ലേന്തിയ തൃക്കയ്യോടു
നാരായം വഹിച്ച കൈ-
　　പൊരുതുന്നതു കാണ്മാൻ

Digitized By Kerala Sahitya Akademi

ചാരത്തുണ്ട,രമന-
　　യാളുകളേതാനും പേർ
നാരദവ്രതം പൂണ്ടു
　　നില്ക്കുന്നു നിഭൃതമായ്.

ചിന്തിച്ചു, പാർത്താനോരോ
　　കരുവും നീക്കുന്നതു,
മുന്തിയ ജിഗീഷയാൽ-
　　സ്സമ്രാട്ടും സദസ്യനും,
ഇന്ത്യയിലേ,താദൃശ-
　　ക്രീഡകളിലേ മുസ്ലീം-
ഹിന്ദുമത്സരമെന്ന-
　　തന്നുണ്ടായിരുന്നുള്ള.

പള്ളിയിൽ മഹേശനും
　　ക്ഷേത്രത്തിലല്ലാഹും ഹാ,
പള്ളികൊണ്ടിരുന്നതു
　　പാഴ്പഴം കഥയായ്പ്പോയ്;
ഗീതയിൽക്കുറാൻ വായി-
　　ച്ചവർതൻ മക്കളിതാ,
ദ്വൈതഭാഷ്യത്തെത്തീർപ്പൂ
　　മതമേ, മദമോ നീ!

കൊണ്ടാട്ടും കളിയ്ക്കിട-
　　യ്ക്കി,ടം കൈവിരലുകൾ
കൊണ്ടു വാർന്നെറ്റിത്തട്ടൊ-
　　ന്നുഴിഞ്ഞു വസുധേശൻ

തങ്ങലർത്തൂക്കൺചൂതിൽ-
 നിന്നെടുക്കാതെ, 'വെള്ളം
കൊണ്ടുവാ കുടിപ്പാനെ'-
 ന്നരുൾ ചെയ്തതോടൊപ്പം,
കാർമുടിനിചോളം പിൻ-
 ഞാന്ന മൌലിയിലൊന്നും
ത്തുമാറിടത്തോ രണ്ടു-
 മീ മൂന്നു പൊൻകുംഭത്താൽ
കാമനെ ത്രിലോകാഭി
 ഷിക്തനാക്കുവോൾ പോലൊ,-
രോമലാം മുസ്ലീംവേല-
 ക്കാരി വന്നെത്തിശ്ശീഘ്രം

ത്തത്തങ്കചഷകത്തിൽ-
 പ്പകന്നു കൊടുക്കയായ്
നൽത്തണ്ണീർ, തലയിൽനി-
 ന്നെടുത്ത കലശത്താൽ,
പൊൽത്തളിരുടലിനാൽ
 സ്വാമി തൻ സഖാവിൻെറ-
യുദ്ദീപ്തമിഴികളി-
 ലഴകിൻ പീയൂഷവും!

പൊൽക്കുടം പേറ്റും മൂർദ്ധ്നി
 വെച്ചവൾ തിരിയ്ക്കവേ,
തൽക്കാന്തിസരഃകല-
 ഹംസമായ്ത്തീന്ന കവി

Digitized By Kerala Sahitya Akademi

ഇമ്പമോടൊരു പദ്യം
തീർത്തു കൂകിനാനേവം
തമ്പുരാൻെറയോ താര-
മ്പൻെറയോ നിയോഗത്താൽ:

* 'ഇയം സുസ്തനീമസ്തകന്യസ്തകുംഭാ
കുസുംഭാരുണം ചാരു ചേലം വസാനാ
സമസ്തസ്യ ലോകസ്യ ചേതഃപ്രവൃത്തിം
ഗൃഹീത്വാ ഘടേ ന്യസ്യ യാന്തീവ ഭാതി.'

ശ്ലോകാർത്ഥമുടൻ പേഷ്യൻ
ഭാഷയിൽക്കഥിച്ചതു
പോകുന്ന പോക്കിൽക്കേട്ടി-
ട്ടക്കലാരസികത്തി
പാടലമുഖം തിരി-
ച്ചൊ,രു നീഠക്കൺകോണിട്ടു
ശ്രദ്ധമായ്,കൃതജ്ഞത
കാട്ടിനാൾ കവീന്ദ്രങ്കൽ—

---

* തലയിലൊരു കുടം ചുമന്ന ചാരു-
സ്തനിയിവൾ, ചെന്നിറമാന്ന പട്ടുടുത്തോൾ
സകലരുടെയുമുൾക്കരുന്നു നുള്ളി-
ക്കുടമിതിലിട്ടു ഗമിപ്പിതെന്നു തോന്നും.

Digitized By Kerala Sahitya Akademi

ഓരാതെയെങ്ങോനിന്നു
　　വീണുകിട്ടിയ ശൌനാ-
സീരരത്നമായ്ത്തീൎന്നു
　　കവിഹൃത്തിന്നാ നോട്ടം;
പാരിൻെറ നാഥൻ പ്രീത്യാ
　　നല്കിയ മഹാൎഘമാം
പാരിതോഷികം പുന-
　　രിരട്ടിപ്പടിയായി!

———

Digitized By Kerala Sahitya Akademi

# 25. പാംസുസ്നാനം

"ഹാ, കണ്ടതിൽക്കണ്ടതിലീശ്വരത്വം
കല്പിച്ചു കല്പിച്ചു നടന്നൊ,രൂക്കം
നിരീശ്വരത്വത്തിലടിഞ്ഞുവീണു,
നിരസ്തവിശ്വാസരറേബിയക്കാർ!

കുറുമ്പു മാറാത്ത കുറൈഷിവർഗ്ഗ-
ക്കോതിക്കൊടുത്തേൻ പലവട്ടവും ഞാൻ:
"ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല-
ല്ലു,ള്ളാവു സർവ്വാതിഗശക്തനേകൻ.'

ഇവർക്കിരുട്ടേ പ്രിയമിത്രം:-മൂതി-
ക്കെടുക്കയായ്, കൈത്തിരി കൊണ്ടുചെന്നാൽ;
മിന്നാമിനുങ്ങിൻ ചെറുതാം വെളിച്ചം
പോലും സഹിക്കാത്ത തമസ്സിതേതോ!

കലാവിശേഷം കൊലയിബ്ബലോഗ്ര-
ർക്കി;-ത്തൂഢശന്മാക്കെരികള്ളിളംപാൽ;
പിശാചർ വംശേശ്വരരിക്കുഭക്ത-
ർക്കി,-തിൽക്കവിഞ്ഞെന്തവിവേകമുള്ളൂ?

Digitized By Kerala Sahitya Akademi

കഷ്ടാവമാനങ്ങളിൽ വീഴ്ത്തിടുന്നു
കാമാതിരേകാൽക്കുലനാരിമാരെ;
ആരാധ്യമാരാമവരമ്മപെങ്ങ-
ന്മാരെന്നു കാണ്മാനിവർ കൺമിഴിയ്ക്കാ!

മൃഗോപമന്മാർ പെരുമക്കൃഷിയ്ക്കു
ന്നകങ്ങൾ വെപ്പൂ, നരർതൻ കഴുത്തിൽ,
സഗർഭ്യരെച്ചെന്നടിമക്കുടുക്കി-
ട്ടങ്ങോട്ടുമിങ്ങോട്ടുമിഴച്ചിടുന്നു!

സൌധങ്ങൾതോറും സമസൃഷ്ടദുഃഖ-
ക്കണ്ണീരുകൊണ്ടേ പനിനീരൊഴുക്കി,
അനേകദുർവൃത്തികളെപ്പുണർന്നു
രമിയ്ക്കുയാണി,സ്സുഖലോലുപന്മാർ!

അശക്തമാമെന്നുടെ ഹസ്തമെങ്ങീ?—
യധഃസ്ഥിതോദ്ധാരണകൃത്യമെങ്ങോ?
ചളിയ്ക്കകത്താഴുമൊരാനയെപ്പോയ്-
പ്പിടിച്ചുകേററാൻ കുഴിയാനതാനോ!

കരുത്തനമ്മാമനു,മാത്മനാഥ
കദീജയും കീർത്ത്യവശേഷരായ്പ്പോയ്;
ഞാനേകനെ;-ൻ ചുററുമൊരെട്ടുപത്ത-
ല്ലെ,ൻചോരയിൽത്തൃഷ്ണ വളർന്ന ഖഡ്ഗം!”

ഇതൊക്കെയാവാം നിനവാ,യിരത്തി-
മുന്നൂറുകൊല്ലത്തിനു മുമ്പൊരിയ്ക്കൽ,

Digitized By Kerala Sahitya Akademi

മെക്കായിലെക്കൈവഴിയൊന്നിലൂടേ
നടന്നുപോകും നബിതൻ മനസ്സിൽ.

"കില്ലില്ല, ഞാനെന്നുടെ ചോരകൊണ്ടു-
മിദ്ധർമ്മസസ്യത്തെ നനച്ചുനോക്കും:
ആ മാതൃകാകഷ്ടകനായ ക്രിസ്തു-
വാവ്വണ്ണമല്ലോ ഭുവി ചെയ്തു കാട്ടീ.

അധൈര്യമേ, നിൻകെടുമഞ്ഞു വീഴാ-
യ്കു,ഹമ്മദിൻ സജ്ജ്വരമായ നെഞ്ചിൽ:
ചന്ദ്രാക്കരെക്കൈകളിൽ വെച്ചുതന്നാൽ-
പ്പോലും നിറുത്തില്ല,വനി പ്രയത്നം!"

ഇത്തീപ്പു പേത്തും മുറുകീ, മഹാൻെറ
പാഴ്ച്ചൊല്ലു തീണ്ടാത്ത ശുഭാധരത്തിൽ
ഓരോ പരിക്ലേശവുമീദൃശന്മാ-
ക്കൈച്ചെഗ്ഗ്തിയ്ക്കുള്ള ചവുട്ടുകല്ലാം.

പെട്ടെന്നു പാശ്വങ്ങളിൽനിന്നു ഹാ, ഹാ,—
മൺ കോരിയിട്ടാർ ചില മുഷ്കരന്മാർ,
കൃതജ്ഞരെങ്കിൽ,ക്കനകാഭിഷേകം
ചെയ്യേണ്ടതാമിഗ്ഗുരുവിൻ ശിരസ്സിൽ.

രജസ്തമോദോഷമകററി നാട്ടിൽ-
സ്സത്ത്വം പരത്തുന്നൊരു സത്യവാനെ,
9*

Digitized By Kerala Sahitya Akademi

രജസ്സു വർഷിച്ചു നിറം കെടുത്താ-
നൊരുങ്ങിപോൽ, മർത്ത്യകുലേ പിറന്നോർ!

മറെറന്തു, മന്നിൽ നിഴൽ പൂകി ചന്ദ്രൻ
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;
മിഥ്യാപവാദത്തിൽ മറഞ്ഞു സത്യ;-
മവിദ്യതൻ മൂടലിലായ് വിബോധം!

വിജ്ഞാനഗർഭം തിരുമൌലി തൊട്ടു,
സന്മാർഗ്ഗസഞ്ചാരിപദംവരെയ്ക്കും
പാംസൂൽക്കരം പററിയ ശുദ്ധിമാനെ-
പ്പാത്തങ്ങു തെമ്മാടികൾ കൂക്കിയാർത്തു:

“അയ്യയ്യ, മൺകൊണ്ടഭിഷിക്തനായി-
ക്കഴിഞ്ഞുവല്ലോ, മതസാർവ്വഭൌമൻ;
മുഴക്കുവിൻ ഹേ ജയശബ്ദമെങ്ങും:
വാഴട്ടെ,യിസ്ലാം തിരുമേനി നീണാൾ!

അന്നീ നരസ്നേഹി നമസ്കരിച്ചു
കിടന്നപോതി,ത്തിരുവങ്കഴത്തിൽ
ഒരൊട്ടകത്തിൻ കുടർമാല ചാർത്തി-
പ്പാനേ ലഭിച്ചുള്ളു നമുക്കു ഭാഗ്യം!

മതോന്നതം, മറെറാരു യേശുവാമീ
മതാധിരാജൻെറയുമുത്തമാംഗം
ശ്രീമൾക്കിരീടാർപ്പണയോഗ്യമല്ലോ;
കർത്തവ്യകർമ്മങ്ങളിൽ മന്ദർ നമ്മൾ!”

Digitized By Kerala Sahitya Akademi

ഈദ്ധൂളികൊണ്ടോ കളിയാക്കൽകൊണ്ടോ
മുഖാഭ മങ്ങാതെയഭംഗസത്ത്വൻ,
മണ്ണിൽക്കളിച്ചോരു ഗജം കണക്കേ
മന്ദം നടന്നാത്മഗൃഹത്തിലെത്തി.

ആമൂർദ്ധപാദം പൊടിമൺ പുരണ്ട
പിതാവിനെക്കണ്ടതിവെമ്പലോടേ
താൻതാൻ കളിപ്പിപ്പതിനായ് മുതിർന്നു
തണ്ണീർക്കുടംകൊണ്ടു,ഴലാണ്ട പുത്രി:

പിടിച്ചിരുത്തി,ച്ചളി പോക്കുവാനായ്-
പ്പകന്ന കുംഭോദകമോടുകൂടി,
താതന്റെ ഗാത്രങ്ങളിലാപതിച്ചു
കുമാരിയാറ്റംതൻ ചുടുകണ്ണുനീരും.

മാലാന്നു കേഴും മകളെത്തലോടി-
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ:-
"നിന്നച്ഛനെക്കാത്തരുളാതിരിയ്ക്കി-
ല്ലുള്ളാവു; പാഴിൽക്കരയായ്ക കുഞ്ഞേ!"

Digitized By Kerala Sahitya Akademi

## 26. മിഥ്യാഭിമാനം

(പാന)

അദ്ദിനാന്തത്തിലൊററക്കയർകൊണ്ടു്
ബദ്ധകണ്ഠങ്ങളെട്ടുപത്താളുകൾ,
ഒത്തൊരേവരിയായി നടകൊണ്ടൂ
യുദ്ധയാത്രയിൽക്കാലാൾകൾപോലവേ;

ഉണ്ടവയ്ക്കു പിറകേ, മുടിക്കോലും-
കൊണ്ടൊരു ക്രൂററനായ സുബേദാരും;
കണ്ടുനിന്നു സഹർഷം, നിരത്തിൻെറ
രണ്ടു വക്കിലും ബാലവിദ്യാർത്ഥികൾ.

വൃദ്ധസൂര്യൻെറ തൃക്കരശില്പമാം
ചിത്രമേഘവ്രജത്തിൽനിന്നഞ്ജസാ
പൃത്ഥ്വിയിൽ വീണുപോയ കഷ്ണങ്ങളോ,
രക്തശുഭ്രാസിതങ്ങളീ മേഷങ്ങൾ!

ചഞ്ചലമായ ചുണ്ടാൽ വഴിയ്ക്കുള്ള
പിഞ്ചിലകളോടോരോന്നു മന്ത്രിച്ചും,
കിഞ്ചന കുളമ്പൊച്ചയുമുൾച്ചേരു-
മഞ്ചിതങ്ങളാം 'മേമേ' സ്വരങ്ങളാൽ.

Digitized By Kerala Sahitya Akademi

അധ്വപാശ്വേ പതഞ്ഞൊഴുകും ജല-
മൊത്ത തോടിനെ പുഞ്ചിരിക്കൊള്ളിച്ചും,
പിന്നിൽ നേതാവുമായിഗ്ഗമിച്ചിതാ,
വഹ്നിവാഹനവംശ്യരാം പ്രാണികൾ.

ആലയിൽക്കൊണ്ടുചെന്നാക്കി, വേണ്ടതു-
പോലെ തീനേകി രക്ഷിയ്ക്കുവാനല്ല,
നാളെയല്ലെങ്കിലിന്നുതന്നേ ഗള-
നാളിയിൽക്കത്തി പായിപ്പതിന്നല്ലോ

കൊണ്ടുപോവതിക്കൊച്ചുമൃഗങ്ങളെ,
രണ്ടു കാലിൽ നടക്കുന്നൊരു മൃഗം.
ജീവിതാന്തത്തിലെയ്ക്കാണു തങ്ങളീ-
പ്പോവതെന്നിടർക്കൊണ്ടീല പാവങ്ങൾ;
ഭാവഭേദമൊരല്പവുമില്ലവ-
യ്ക്കാം, വു നീയെത്ര ശാന്തിദ, യജ്ഞതേ!

ജീവനെ വിററു ജീവനെപ്പോററലോ
മൈ വിഴുങ്ങി മൈ വീപ്പിയ്ക്കയോ ചിരാൽ
ത്യക്തമായീല ബുദ്ധൻെറ നാടാലും:
സുസ്ഥിരം തന്നെ, ഹിംസതൻ പ്രാഭവം!

മാംസവില്പനക്കാരൻെറ മുററത്തിൻ
മാതിരികളെക്കാട്ടുവാൻ വേണ്ടിയോ,
ചോര വാന്നൊലിയ്ക്കുന്നതാക്കീ തദാ
വാരുണാശയെ,ക്കാലവിചേഷ്ടിതം!

Digitized By Kerala Sahitya Akademi

മിണ്ടുവാനറിയാത്ത ജന്തുക്കളെ -
ക്കൊണ്ടുപോകുന്നു മർത്ത്യൻ കശാപ്പിനായ്;
മർത്ത്യനും ഹാ, തെളിയ്ക്കപ്പെടുന്നിതു,
മൃത്യുവിൻ ചന്തയിങ്കലെയ്ക്കനഹം!

വെട്ടു കിട്ടുമ്പോൾ വീഴുകയെന്നല്ലാ-
തൊട്ടുമോപ്പീലിതിങ്ങിരുകൂട്ടരും!
മിഥ്യ നിന്നഭിമാനം: മൃഗത്തെക്കാൾ
ബുദ്ധിയേറിയോനാണോ, മനുഷ്യ, നീ?

Digitized By Kerala Sahitya Akademi

## 27. ഇന്നത്തെ നിഘണ്ടുവിൽ

(കാകളി)

സംഹാരശക്തിയാൽ ഞെട്ടിവിറപ്പിച്ച
സിംഹത്തെയൂർജ്ജിതരാട്ടിയോടിയ്ക്കവേ,
ധാർഷ്ട്യാൽത്തലപൊക്കി 'മേമേ' വിളിയ്ക്കയായ്
മേട്ടിൽപ്പതുങ്ങിക്കിടക്കുന്ന കാട്ടാടുകൾ;

പാമ്പിനെദ്ധീരർ പണിപ്പെട്ടുകററവേ
വീമ്പെടുത്താക്കാൻ തുടങ്ങി മേക്കാച്ചികൾ!
ഒന്നര നൂററാണ്ടുകാലം വിദേശ്യാജ്ഞ
സന്നതരായ്ച്ചുമ്മിനിന്ന സാമന്തരേ,

ഇന്നലെയോളവുമെങ്ങായിരുന്നു ചൊ-
ല്ലി,ന്നിങ്ങൾതൻ തനിസ്വാതന്ത്ര്യഘോഷണം?
ശീമപ്പണിത്തരച്ചങ്ങലക്കെട്ടിൽ നി-
ന്നീ മാന്യരെയെവർ വേറപെടുത്തിയോ

അത്തീവ്രയത്നരിവർക്കിന്നവജ്ഞാഹ്ര-
രെ;-ത്ര ചിത്രം, നിൻചരിത്രം കൃതഘ്നതേ!
ഇമ്മഹാഭാഗർതൻ ദിവ്യരക്തോജ്ജ്വല-
പ്പൊന്മോതിരമിട്ട കൈകൾക്കനാരതം

Digitized By Kerala Sahitya Akademi

അമ്മാറുകോയ്മതൻ കാൽതലോടാം, തൊഴാം;-
മമ്മയെപ്പൂജിയ്ക്ക പോരായ്മയാണപോൽ!
ക്ഷോണിയെത്താങ്ങും ഫണീന്ദ്രൻെറ വംശജ-
രാണപോൽ, പുല്ലിൽപ്പതിഞ്ഞ ഞാഞ്ഞൂളുകൾ,

താരങ്ങൾതൻ തറവാട്ടുകാരാണപോൽ,
പാറിപ്പറക്കുന്ന മിന്നാമിനുങ്ങുകൾ!
മേലിലിക്കീഴുന്നർ പൂർണ്ണാധികാരർപോൽ
മൌലിയിൽ സ്വേച്ഛാധിപത്യം വഹിയ്ക്കുവാൻ,

നാലുഭാഗത്തിലും മാമൂൽനടാൻ, ദീന-
പാലനവ്യഗ്രരെപ്പാഴ്ത്തുറുങ്കിലിടാൻ,
ബാലവൃദ്ധാദ്യരെപ്പോലും കരിക്കഴി-
വേലയ്ക്കു നിർത്താൻ, പടയ്ക്കുമയയ്ക്കുവാൻ,

വേലികെട്ടിനും നികുതി പതിയ്ക്കുവാൻ,
വെയിലിനും കാററിനും ചുങ്കം ചുമത്തുവാൻ!
നാട്ടാരുടെയല്ല, 'നാടെൻെറയാണെ'ന്ന
നാട്യത്തൊട്ടും തെളിയുന്ന രാജത്വമേ,

തൃക്കിരീടത്തിൻ കടുത്ത കനം ഞെക്കി
ഞെക്കിഞെരിച്ചിതോ, നിൻതലച്ചോറിനെ?
പാവനത്യാഗരാം നേതാക്കൾ പാടുപെ-
ട്ടേവർക്കുവേണ്ടിയോ നേടീ വിമുക്തിയെ

ആ നാല്പതു കോടിയാളുകളിൽപ്പെട്ടും,
ഹേ നാടുവാഴിപ്രഭുക്കളേ, നിങ്ങളും.

Digitized By Kerala Sahitya Akademi

പൂതപ്രഭാവരാം പുത്രർതൻ ചെയ്തിയാൽ
മാതൃഭൂവിന്നു ലഭിച്ച വിഭൂതിയെ
പ്രീതിപൂണ്ടൊപ്പം ഭുജിയ്ക്കാം; ദുരാശയാൽ
വീതിച്ചെടുക്കാൻ വഴക്കടിയ്ക്കായ്ക നാം.

ആലംബമെന്തു പഴഞ്ചരാം നിങ്ങൾക്കു,
മേലാളിമാരായ് നിവന്നുനില്പാനിനി:
മാലോകർ തന്ന ചെങ്കോലവരെത്തരം
പോലിട്ടടിച്ചിട്ടൊടിഞ്ഞുപോയില്ലയോ?

ശാസ്ത്രജ്ഞർ പൂർവ്വം പ്രതിഷ്ഠിച്ച ഭൂപർതൻ
ഗോത്രജരെങ്കിലി,സ്സിംഹാസനങ്ങളിൽ
പേർത്തുമനങ്ങാതിരുന്നുകൊൾവിൻ സുഖം
ക്ഷേത്രപീഠങ്ങളിലീശ്വരർ പോലവേ.

'പ്രത്യക്ഷദൈവതം രാജേ'തിഭാഷിതം
പ്രത്യക്ഷരം ശരിയായിരിയ്ക്കാം, പുരാ;
അദ്ദശ നേർമറിച്ചായ്പ്പോയ്: മനുഷ്യത്വ-
മർദ്ദകൻ മന്നനി,ന്നേത്തെ നിഘണ്ടുവിൽ!

## 28 പെററമ്മേ, പ്രസീദ!

ഇരിമ്പുരുളച്ചക്രങ്ങളാക്കും
കരിങ്കല്ലുകൾ ഷണ്ണങ്ങൾ
നിറയ്ക്കപ്പെട്ടുള്ളൊരു
വണ്ടിയാ നിരത്തിന്മേൽ,
രണ്ടു കാളകളുടെ —
വീഴ്പ്പു നിന്നിട്ടില്ലാത്ത
രണ്ടസ്ഥികൂടത്തിൻെറ —
പിന്നിലായ് നീന്തീ മന്ദം.

അസ്സാധുമൃഗങ്ങൾതൻ
വായിൽനിന്നാ,ത്മാവിങ്കൽ —
ദുസ്സഹമോളംതല്ലും
ഗ്ലാനിതൻ പതകളും,
അശ്രാന്തവൈവണ്യങ്ങ —
ളായ കണ്ണുകളിൽനി —
ന്നശ്രുതോയവുമൊലി —
ച്ചിരുന്നു, ശാന്തം പാപം:

Digitized By Kerala Sahitya Akademi

പൊങ്ങിയും താന്നും കുന്നും
നിവന്നും ചെരിവാന്നു-
മങ്ങിനെയിഴഞ്ഞുപോം
മൂടിയില്ലാത്താ വണ്ടി,
തന്നുടെ ധുരീണർതൻ
ജീവിതയാത്രാമാഗ്ഗ-
ത്തിന്നുള്ള വൈഷമ്യത്തെ-
ഘോഷിച്ചു ചക്രധ്വാനാൽ.

ആ മലവെള്ളച്ചാൽപോ-
ലുള്ള പാതയിലങ്ങി-
ങ്ങാമയെപ്പോലേ പൊന്തി-
ക്കിടന്ന പാറത്തുണ്ടം,
വണ്ടിവട്ടിരിമ്പുചു-
റവദ്ഗാഢമുരസുക-
കൊണ്ടതിക്രോധാലെന്ന-
പോലവേ തീ പാളിച്ചു.

അരിശംകൊണ്ടെന്നുള്ള,
പാന്ഥർതൻ പാദങ്ങളെ-
പ്പുരുനോവേകി മുറി-
പ്പെടുത്തും കാക്കശ്യമേ?
ഇങ്ങാക്കു ദയ നിങ്കൽ-
ച്ചുട്ടയൊന്നിടുവിപ്പാ-
നി? -ങ്ങിനെയരഞ്ഞര-
ഞ്ഞമ്പണം മാപാപി നീ!

Digitized By Kerala Sahitya Akademi

നാലു കാളകൾവേണം,
കൽവണ്ടിയിതു നീക്കാൻ;
സ്ഥൂലമാം പശിയാലും
ക്ലാന്തമീപ്പശുയുഗ്മം;
കാലത്തേ തുടന്നു-
മാവാമിപ്പണി;-ഹാ, ഹാ,
കാലിടന്നൊരു കാലി
വീഴ്കതാൻ പെർത്തു മാർഗ്ഗേ!

ഭുവിലേയ്ക്കുടൻ ചാടി-
യിറങ്ങി, നുകത്തണ്ടിൻ
മേൽവശത്തിരുന്നോ,രോ
ധൂമ്രനൂൽച്ചുരുളിനെ
വായ്‌വീടിത്തലപ്പിൽനിന്ന,-
പ്പൊഴേ തുറക്കാൻപോം
രാവിരുൾക്കടയിലെ-
യ്ക്കയയ്ക്കും വണ്ടിക്കാരൻ:

തൻതലപ്പാവാം കീറ-
മുണ്ടഴിച്ചരക്കെട്ടിൽ-
ബ്ബന്ധിച്ചു, ഹിംസയ്ക്കായി-
ക്കച്ചകെട്ടിയ കയ്യൻ
വീണിടത്തിട്ടാ മിണ്ടാ-
പ്രാണിയെ മുടിങ്കോലാൽ—
ക്കാണുകിമ്മട്ടായ്പ്പോയ്, നിൻ -
ഗോരക്ഷ കൃഷിനാടേ!

Digitized By Kerala Sahitya Akademi

തല്ലിയും ചവുട്ടിയും
കുത്തിയും കടിച്ചുമ-
ക്കള്ളമൂരിയെയവൻ
കൊല്ലാതെ കൊല്ലുംനേരം
കിളിർന്നു തെളിബാഷ്പം
തച്ചിലാഖണ്ഡങ്ങൾക്കും,
തളന്ന രവിരശ്മി
പരിഞ്ഞ വെള്ളകളിൽ!

ആരുടെ നെടുയതാ-
മാ പ്രഹത്താവിൻമെയ്യിൽ-
ച്ചോരയൊട്ടോടിച്ചിതോ,
മാംസമൊട്ടൊട്ടിച്ചിതോ,
അക്കാളക്കിഴവൻെറ-
യല്പശേഷമാം രക്തം
നിഗ്ഗളിച്ചാ,യാൾ തൻ കോൽ
കൃതഘ്നച്ചെങ്കോലാക്കി!

ആരക്തമൊരു ചാല-
ക്കറുമ്പനെരുതിൻെറ
വാരിമേലുണ്ടായ്വന്നു
മുടിങ്കോൽപ്രഹരത്താൽ;
ആരിതിൻ ഛായാഗ്രാഹി:
പശ്ചിമദിക്കിൽക്കാണായ്,
വാരിമേൽസ്സന്ധ്യാരാഗ-
രേഖ ചേന്നൊരു മേഘം!

Digitized By Kerala Sahitya Akademi

പണ്ടൊരു പശുക്കിടാ-
    വുഴന്നു വലഞ്ഞതു
കണ്ടിട്ടു കണ്ണീർവാർത്ത
    വിൺപയ്യിന്നിതു കണ്ടാൽ
ചോരതാനൊലിയ്ക്കില്ലേ
    കണ്ണിൽനിന്നു?-ഹാ ജീവ-
കാരുണ്യപ്പെരുമാൾതൻ
    പെററമ്മേ, പ്രസീദ നീ!

Digitized By Kerala Sahitya Akademi

## 29. നിർവാണമണ്ഡലം

വിശ്രാന്തി നല്കാൻ പരന്നുകിടപ്പോരു
പച്ചത്തടാകമിപ്പൈംപുല്ലിടം:
അല്പാല്പമോളം തുളുമ്പീടുമാറിതി-
ലുൾപ്പൂക്കൾ നീന്തുന്നുണ്ടേറ്റിത്തെന്നൽ;

അപ്പുകൾതൻ പരിവേലവപുഷ്ടങ്ങ-
ളിപ്പച്ചപ്പൊയ്കയിൽ വെൺനുരകൾ.
തത്തവണ്ണത്തിലുണ്ടിന്നിലത്തെങ്ങുമേ
ഗൂഢാനുകമ്പതൻ കന്ദളങ്ങൾ;

താരും തളിരുമായ്പ്പാർശ്വച്ചെടികളിൽ-
പ്പാറുന്നു സ്നേഹവുമാഹ്ലാദവും.
ക്ഷോണിതൻ പച്ചവില്ലീസ്സുവിരിപ്പിതിൽ
വീണുരുണ്ടീടുവാൻ തോന്നുന്നു മേ;

കന്നിനെ മേയ്ക്കുന്ന കുഞ്ഞുങ്ങളെങ്ങാനും
കണ്ടി,താ, ഭ്രാന്തനെന്നാർപ്പിട്ടേയ്ക്കാം!
എങ്കിലെന്താനന്ദത്തള്ളൽ തടുക്കാമോ?
ശങ്കിച്ചതായതുകൊണ്ടല്ല ഞാൻ:

Digitized By Kerala Sahitya Akademi

നോവോ ചതവോ പിണഞ്ഞാലോ, പെട്ടെന്നി—
പ്പൂവിളംപുല്ലിനെൻഗാത്രസ്പർശാൽ!

നല്ല മരകതക്കല്ല് പതിച്ചേട-
ത്തല്ലോ സുവിശ്രമം കൊൾവതു ഞാൻ;
എന്മുകൾഭാഗത്തോ, വെൺകുടപോലവേ
രമ്യമാമംബരമണ്ഡലവും.

നാലു വിനാഴിക മുമ്പുവരെയ്ക്കും ഞാൻ
കാലു കഴഞ്ഞൊരു യാത്രക്കാരൻ
ഇപ്പൊഴോ, വാഴ്കയായ് സൈ്വരമകൃത്രിമ-
ശില്പാഢ്യമാമൊരു കൊട്ടാരത്തിൽ.
ചുട്ട പാഴ്നെററിയ്ക്കു വേപ്പൊപ്പാൻ വീരാളി-
പ്പട്ടുഞെറിഞ്ഞുകൊടുപ്പൂ ദൈവം!

എന്നുടെ സംകല്പച്ചെംകോലിൻ കാന്തികൾ
മിന്നുന്നു പശ്ചിമവ്യോമാന്തത്തിൽ.
കൊള്ളാ,മൊരേതരം ചായത്തിരശ്ശീല-
യല്ലോ, പിടിപ്പൂ കിഴക്കും മേക്കും;
തൂവെണ്മ താവും പകല്ക്കു,മിരുണ്ടുള്ള
രാവിനും രംഗപ്രവേശം ചെയ്വാൻ.
വണ്ണത്തെ നോക്കി മേല്ക്കീഴകൾ കല്പിപ്പാൻ
കണ്ണു നടത്തുന്നു നമ്മൾ നീളെ;
നമ്മൾ തന്നമ്മയ്ക്കോ—വിശപ്രകൃതിയ്ക്കോ—
സമ്മതമല്ലപോലീ വിഭാഗം!

Digitized By Kerala Sahitya Akademi

ചന്ദ്രികക്കളത്തിനും പള്ളിവെൺചാമര-
മുണ്ടിങ്ങു,പാന്ഥോദ്യൽക്കാശപ്പൂവാൽ;
രാജചിഹ്നാഢ്യംതാൻ, നീ മൂടിവെയ്ക്കിലും
ഹേ ജലാധാരമേ, നിൻനൈർമ്മല്യം!

പുഞ്ചിരിയിട്ടുകൊൾകുല്ലാസം പൂണ്ടുകൊൾ-
കെഞ്ചിത്തവൃത്തിപോലാമ്പൽപ്പൂവേ:
നിന്നഴകായ നറും പാൽക്കുഴമ്പിനെ
മിന്നുന്ന കണ്ണാൽ നുകർന്നിടാനും

നിശ്ശബ്ദമാമേതോ ദിവ്യമാം ഭാഷയിൽ
നിന്നോടു നർമ്മങ്ങൾ ചൊല്ലുവാനും
ഇമ്മുഹൂർത്തത്തിലേ വന്നെത്തും മേൽഭാഗ-
ത്തുന്മുഖം നീ നോക്കുമാ നക്ഷത്രം.

കാലദേവൻറെ ശുദ്ധാന്തഃപുരത്തിൽനി-
ന്നീ ലോകത്തോട്ടുനാൾ സഞ്ചരിപ്പാൻ
കാലേ പുറപ്പെട്ട ശാരദലക്ഷ്മിതൻ
പീലിക്കുടാരമാം ശൈലാരണ്യം,

പോക്കുവെയിലിനാൽപ്പൊൻകസവിട്ടതു
നോക്കതാ, കാണ്മൂ കിഴക്കകലേ;
ഹന്ത, പടിഞ്ഞാറുഭാഗത്തു, സായമാം
സന്ധ്യതൻ ചെമ്പനിനീർപ്പൂന്തോട്ടം;



Digitized By Kerala Sahitya Akademi

തെല്ലകനുത്തരഭാഗത്തു, സഹ്യന്റെ—
തെക്കൻ ഹിമവാന്റെ— ഗംഗ പേരാർ;
തെക്കുവശത്തോ, വിചിത്രങ്ങളാം ചില
നല്ലൂററിക്കാടുകൾ പുഷ്പിതങ്ങൾ—

ആരോ മനംവെച്ചു നിർമ്മിച്ചപടുത്തട-
ത്തായി നിരത്തിയ പൂച്ചെണ്ടുകൾ—
എങ്ങോട്ടു നോക്കേണ,മെങ്ങോട്ടു നോക്കേണ്ടാ,
നിങ്ങൾ പാവങ്ങളെൻ നേത്രങ്ങളേ?
സർവ്വതസ്സുന്ദരം സന്ദർശനീയമീ
നിർവാണമണ്ഡലം നിസ്സപത്നം!

Digitized By Kerala Sahitya Akademi

## 30. "പാടുക പാടുക"

(പാന)

പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ: - നിർവൃതിക്കൊള്ളട്ടെയിജ്ജനം.
പച്ചയാമിലച്ചാർത്തിനാൽ വാനിനെ
സ്വച്ഛതയ്ക്കായ്ത്തുടപ്പാൻ തുനിഞ്ഞ നീ,
വേലിയാം പൈതൽ കെട്ടിപ്പിടിച്ചുള്ള
കാലുമായെ,ൻ പറമ്പിൻെറ കോണിതിൽ,
പൊക്കമൊന്നൊരു ഗാരുത്മതോപല-
ത്തൂക്കൊടിമരംപോലെ വിളങ്ങുന്നു.
പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ, നിർവൃതിക്കൊള്ളട്ടെയിജ്ജനം.

സ്പഷ്ടിതന്നരിമാവുകൊണ്ടുള്ളൊരു
ചുട്ടി നെററിമേൽ മിന്നുമെൻ പയ്യിതാ—
വായിൽനിന്നു പകുതി ചവച്ചതാം
വാരിളംപുല്ലു ഞാന്ന മുഖം പൊക്കി,
നിശ്ചലം ചെവി കൂർമ്പിച്ചു, നിന്നിൽനി-
ന്നുച്ചലിച്ച കുഴലൂത്തു കേൾക്കുവാൻ.

Digitized By Kerala Sahitya Akademi

പണ്ടു പാവനവൃന്ദാവനംതന്നിൽ-
ക്കൊണ്ടൽവർണ്ണൻെറയോടക്കുഴൽവിളി—
ഉദൃഭോംകാരപുഷ്പമധുദ്രവ,-
മുത്തമപ്രേമസംഗീതസന്ദേശം—
ആവതോളം നുകന്നിരുന്നോരാണീ-
ദ്ദേവിതൻ മുതുമുത്തശ്ശിമാർ പലർ!

അത്മചിന്ത നില്ക്കട്ടെ: നിൻഗീതത്തിൻ
ശബ്ദഭംഗിയാൽത്തന്നെയാകൃഷ്ടയായ്
പാർശ്വസംസ്ഥയാം വംശലതയിതാ,
ചായ്ച്ചുകൊള്ളുന്നു തൻതല നിന്മാറിൽ.
വെള്ളിനേരൊളിപ്പൂക്കറാംകൊണ്ടൊട്ടു
വെള്ളരിയേന്തി നില്ക്കുന്നു തുമ്പകറാം;
കത്തിച്ച തിരികൊണ്ടു നീരാജന-
കൃത്യവും തവ ചെയ്യു മുക്കുററികറ.
ഹന്ത, നീ തലയാട്ടിക്കൊറാംകാ,ട്ടിക്കൊറാം-
കെ,ന്തിതിൽപ്പരം കിട്ടേണ്ടു സൌഭാഗ്യം!

വൈണിക, സഖേ, നിന്നുള്ള പൊള്ളയെ-
ന്നാണു കേറാംവി;യതോർത്തല്ല ചൊൽവു ഞാൻ:
ഇജ്ജയശ്രീസമാശ്ലേഷണാഹ്ലാദ-
മുജ്ജ്വലാഹന്തനാക്കരുതങ്ങയെ;

Digitized By Kerala Sahitya Akademi

എങ്ങൊരൊച്ച തേ; ദൃശ്യനല്ലാത്തൊരു
സംഗഹീനനിവർണ്ണമൂർപ്പൂകാഷ്ഠിൽ?
പാട്ടു പാടുക, പാടുക, കീചക-
ശ്രേഷ്ഠ, നിർവൃതിക്കൊള്ളട്ടെയിജ്ജനം.

Digitized By Kerala Sahitya Akademi

## 31. പുതുമഴപ്പാററകൾ

'ഇത്തിരി തീ കത്തിയ്ക്കൂ,
　　കത്തിയ്ക്കൂ മുററത്തെ'ന്നാൻ
സത്വരം പാഴ്പ്പാററകൾ
　　ചുഴന്ന ഗൃഹനാഥൻ.
ത്വഗ്രോഗമേതോ ക്ഷണാൽ
　　പിടിപെട്ടതുപോലായ്
തൽഗൃഹപ്പുറംചുമർ,
　　പാററകൾ പൊതികയാൽ.

പാത്തട്ടിൽനിന്നേഴെട്ടു
　　ചാണോളമുയരത്തും
പാററകളിടതിങ്ങി
　　വലകെട്ടിയപോലെ.
ഗരുഡൻ പറക്കുന്ന
　　വാനിൻെറ ചുവട്ടിൽത്താൻ
ചിറകാൽത്തത്തിപ്പാറി-
　　ക്കളിച്ചാരക്കീടങ്ങൾ.

Digitized By Kerala Sahitya Akademi

മഴനീർ മോന്തിക്കൊണ്ട
മന്നിൻെറയുഠംത്തട്ടിങ്കൽ-
ത്തഴയ്ക്കും മത്ത്യദ്രോഹ-
വാഞ്ഛരതന്തുഷ്ടാവുകഠം
ചിറകുംവെച്ചു പുറ-
ത്തേയ്ക്കു പോന്നവയാവാം,
പറക്കമിച്ചേട്ടുക-
ളെന്നയാളുൽപ്രേക്ഷിച്ചു.

ആരിൽനിന്നസുഖമാ,
പ്രാണിയെത്തിയ്യിൽച്ചുട്ടോ
നീരിൽമുക്കിയോ കൊൽവാൻ
പോന്ന മാനുഷ,ധീമൻ,
ഈച്ചകഠം, കൊതുകുകഠം,
പാററകഠംപോലും മേന്മ-
വായ്ച്ച നിന്നുടൽക്കാഹാ,
ചിറകുള്ളസ്വാസ്ഥ്യങ്ങഠം!

കത്തുന്നിതന്തിച്ചെന്തീ,-
യസ്താദ്രിച്ചെരുവിലും
പുത്തനാം മഴമൂലം
പാററകഠം പുറപ്പെട്ടോ!
എന്തൊന്നു നിനച്ചിട്ടാ-
യിരിയ്ക്കാം പൊങ്ങിക്കത്തും
ചെന്തിയ്യിലണവതീ
പ്രാണികഠം തെരുതെരെ?

Digitized By Kerala Sahitya Akademi

തരമൊത്തൊരു തങ്ക-
ഗ്ഗോളമാണിതെന്നായി-
ട്ടുരകൊണ്ടിടാൻ മർത്ത്യ-
ബുദ്ധിയില്ലിവയ്ക്കല്ലോ!
ആയിരക്കണക്കായി,
മാനുഷൻ ജ്വലിപ്പിച്ച
തീയിൽ വീണെരികയായ്
സാധുക്കളിജ്ജന്തുക്കൾ.

"ഇന്നലെ നിശാന്തത്തിൽ-
ത്തപ്തയാം ക്ഷിതിയെപ്പേ-
ർത്തനവപ്രേമാശ്രുവിൽ-
ക്കുളിപ്പിച്ചവനേ, നീ
ഇന്നന്തിയ്ക്കുവളുടെ
ചൈതന്യങ്ങൾ, പതംഗങ്ങൾ
കത്തിച്ച തീയ്യിൽച്ചാക-
മൊഴുതെന്തനങ്ങാത്തൂ?"

എന്നു വല്ലതും ചോദി-
ച്ചിരിയ്ക്കാം, മാകാശത്തേ
നിന്നു കാറോടു ചില
മങ്ങിയ നക്ഷത്രങ്ങൾ!
അത്ഭുതസ്തിമിതനായ്-
ദ്ദർശിച്ചാനിളംചന്ദ്ര-
നഗ്നിയിൽ മൈ ഹോമിയ്ക്കും
ശലഭങ്ങൾതൻ യജ്ഞം!

Digitized By Kerala Sahitya Akademi

ഉജ്ജ്വലത്തിയ്യിൻചാരേ
വെച്ചോരു തണ്ണീർക്കിണ്ണ-
മിച്ചെറുശരീരികൾ-
ക്കൊരു വമ്പുഴയല്ലീ?
ചില പാററകൾ ചെന്നാ
വൈതരണിയിൽ വീണി-
ട്ടിളമീനുകൾപോലേ
കാൽക്ഷണം നീന്തിത്താന്നു.

തീയ്ക്കുടുത്തവയുടെ
കൊഴിഞ്ഞ ചിറകുകൾ
നായ്ക്കുംതൻ നാക്കിന്നിമ്പം
ചേർത്ത വററലുകളായ്.
ബാക്കിയുണ്ടവയുടേ-
തായിട്ടിപ്പൊഴുതിങ്ങു.
മൂക്കിനെപ്പീഡിപ്പിയ്ക്കു-
മൊരു ദുർഗ്ഗന്ധമാത്രം.

എങ്ങെങ്ങോ പറക്കലും,
ചിറകു മുളയ്ക്കലു,-
മങ്ങിങ്ങു പറക്കലും,
തിയ്യിൽ വെന്തടിയലും—
ഒക്കെയും കഴിഞ്ഞുപോയ്
കാൽമണിക്കുറിന്നുള്ളി-
ലക്കൊച്ചുസഹോദര-
ക്കസ്വസ്ഥ ശാന്തിശ്ശാന്തിഃ!

Digitized By Kerala Sahitya Akademi

അത്രയും കുറിയതാ-
ണ,വയ്ക്കു നിയതിയാൽ-
നിർദ്ദിഷ്ടമായുള്ളൊരു
ജീവിതയാത്രാമാർഗ്ഗം;
പതിരുപോലുള്ള പാ-
ഴ്ച്ചിറകാൽപ്പാറിപ്പറ-
ന്നതിനെപ്പിന്നിട്ടല്ലോ
കാണിനേരത്താലവർ.

മേലെയോ 'ശതായുസ്സാം'
മനുഷ്യനിവയെക്കാൾ?
കാലമാം കടലിൻ കൊ-
ച്ചലകൾ, ശതാബ്ദങ്ങൾ!
ഒട്ടനാളഹംഭാവ-
ച്ചിറകാൽപ്പാറിത്തുള്ളും;
പെട്ടെന്നു മൃതിത്തിയ്യിൽ
വീണു വെന്തടിഞ്ഞീടും;
അല്പജീവികൾ നാമും
മർത്ത്യരേ, പ്രകൃതിതൻ
തൃപ്പുതുമഴയ്ക്കുണ്ടാ-
യ്വന്ന പാററകളത്രേ!

Digitized By Kerala Sahitya Akademi

## 32. ബുഭുക്ഷ

(മഞ്ജരി)

എന്നൊട്ടുമാവേ, നിൻതാഴത്തെക്കൊമ്പുക-
ളന്യൂനവാസന്തച്ചൂടിനാലേ
എന്താസ്വദിയ്ക്കുവാനാണീ നിലത്തേയ്ക്കു
ചെന്തളിർനാവുകൾ നീട്ടി നില്പൂ!

മീതേ ശുകാഭമാം പത്രൗഘം; താഴത്തോ,
ചൂതമേ, പാടലപല്ലവൗഘം;
നേക്കിറയത്തു ചെമ്പട്ടുമറശ്ശീല
തൂക്കിയ പച്ചപ്പൂമേടയായ് നീ.

വന്നു വസന്ത,മൂട്ടപ്പിയ്ക്കയും ചെയ്തു
സുന്ദരച്ചെങ്കുരുന്നാട നിന്നെ;
എന്നാലിതൊന്നുമറിഞ്ഞീല, മാകന്ദ-
വൃന്ദപ്രിയങ്ങൾ പികങ്ങളെന്നോ?

വ്യർത്ഥമിസ്സമ്പത്തു: കാണ്മീല, കേൾക്കുന്നീ-
ല,ത്രഭവാങ്കലൊരാൺകുയിലും
പല്ലവമെങ്ങാനും കൊത്തിത്തിന്നുന്നതോ,
പഞ്ചമരാഗത്തിൽപ്പാടുന്നതോ.

Digitized By Kerala Sahitya Akademi

"നാനാവിധങ്ങളാം തീക്ഷ്ണാപശബ്ദങ്ങൾ
നാൾതോറുമേറുന്നു നാട്ടിലെങ്ങും;
നാമിനി മൌനമേ കൊൾകെ"ന്നുറച്ചിതോ,
കോമളകണ്ഠരാം കോകിലങ്ങൾ!

ആകട്ടെ, കോകിലത്തിന്നു നിൻ പല്ലവ-
മാസ്വാദ്യമല്ലാതായ്ത്തീന്നിരിയ്ക്കാം;
കോകിലംപോലെ കറുപ്പാണൊരാടിതാ,
പൈ കലന്നോടിയെത്തുന്നു നിങ്കൽ.

മണ്ടിവരുമിതിൻ ചുണ്ടു തെരുതെരെ-
യുണ്ടു, നിതാന്തം ചലിച്ചീടുന്നു:
ഹന്ത, വിശപ്പാം പിശാചിനെയോടിപ്പാൻ
മന്ത്രം ജപിയ്ക്കുകയായിരിയ്ക്കാം!

ആടിന ചെങ്കുരുന്നോരോന്നും ചുംബിച്ചി-
താടിന്റെ പൊങ്ങിയ്ക്കുമാനനത്തെ;
ചൂതത്തിൻ ശാഖയസ്സാധുവിൻ വക്ത്രത്തിൽ
സ്വാദുപ്രവാളത്തെയപ്പിയ്ക്കയായ്,
ഏതോ തുടുത്തോരു നല്പ്പലഹാരത്തെ-
പ്പൈതലിൻ വായിലൊരമ്മപോലെ.

എന്തൊന്നോ ശ്യാമപത്രാഭച്ചുവട്ടിലൊ-
രന്തിച്ചുകപ്പായ്സ്സമുല്ലസിച്ചു,
അക്കുരുന്നൊക്കെ ക്രമേണ വിഴുങ്ങിനാ-
നിക്കറുത്താടായ രാവിൻ മുഖം.

Digitized By Kerala Sahitya Akademi

പിന്നെയും മേൽവശത്തുള്ള ദളങ്ങളെ-
ത്തിന്നുവാനിച്ഛപൂണ്ടീ നാല്ക്കാലി
മുങ്കാലു രണ്ടുമെടുത്തൊരു ചില്ലമേൽ-
സ്സംഘടിപ്പിച്ചു നിവന്നു നിന്നാൻ.

കണ്ടു,പരിസ്ഥമാം ഭോജ്യം ഭുജിയ്ക്കുവാൻ
രണ്ടു കാലിന്മേൽ നിന്നീടുമാടേ,
ഭൂയിഷ്ഠഭക്ഷ്യകസക്തിയാൽത്തുല്യർതാൻ
നീയു,മിരുകാലിയായ ഞാനും.

ഏന്തും പശിയെശ്ശമിപ്പിച്ചുപോരുന്ന
ശാന്തമൃഗമേ, നിൻനേർക്കു ചാടാൻ
തക്കം പാർത്തുണ്ടൊ,രു ചെന്നായ വന്നിപ്പോൾ
നില്ക്കുന്നു നിൻചാരത്തെന്നിരിയ്ക്കിൽ—

അയ്യോ, വരാതിരിയ്ക്കട്ടെയദൃഷ്ടശ!—
നിയ്യതു കഷ്ടിച്ചറിഞ്ഞുവെന്നാം;
എന്നാൽ, മനീഷിയാം മാനുഷൻ കാണാകി-
ല്ലെ,ന്നും കെടാത്ത ബുഭുക്ഷമൂലം,
നിർദ്ദയദംഷ്ട്രാഭയാനകവക്ത്രനാം
മൃത്യുവിൻ സന്തതസാന്നിധ്യത്തെ!

———

## 33. പൂർണ്ണവിശ്രമസൌഖ്യം

എപ്പൊഴെന്നില്ലെ,ങ്ങെന്നി-
ല്ലെ,ങ്ങിനെയെന്നില്ലുടൽ-
ക്കപ്പൽ മുങ്ങലും, പാന്ഥർ
ചാകലും പ്രപഞ്ചത്തിൽ!
ജീവിതം ഭേസിപ്പിന്നിൽ-
ത്തെളിയ്ക്കപ്പെടുകയാം
പാവങ്ങൾ, മരണത്തിൻ
പൊതിക്കന്നുകൾ നമ്മൾ!

ആശാനാം കൃതിപ്പൂണ്ണം-
മാണ്ടുപോൽ കാലാംഭസ്സിൽ;
ആശകളലിഞ്ഞുപോയ്
മാദ്ദശക്ക്തോടൊപ്പം:
വേണാട്ടിന്നൊരു പൌര-
ശ്രേഷ്ഠനും, ഭഗ്നരാമ-
ക്ഷോണിയ്ക്കു നവോല്ലേഖ-
നായൊരു കവീന്ദ്രനും,

Digitized By Kerala Sahitya Akademi

ഈഴവക്കൊരു മഹാ-
നേതാവും— ഹതവിധി
പാഴാക്കിവിട്ടാനെല്ലാ-
മൊരടിയ്ക്കുന്നേ വേണ്ടു!

ഏറെനാറം നിലനില്ക്കും
സമ്പത്തു ചുരുങ്ങിയ
കൈരളീമാതാവെ—ന്തൊ-
ന്നോതേണ്ടു സഖാവേ, ഞാൻ—
കവനലക്ഷ്മിയ്ക്കൊരു
കനകകമലമാം
ഭവദാസ്യത്തെത്തന്നെ
നോക്കിക്കൊണ്ടിരിയ്ക്കുവേ,

അദ്ദിവ്യകുസുമത്തെ-
യാശ്രു നീർപ്പിശാചിൻ ക-
യ്യത്യഗാധമാമിരുറം-
പ്പാതാളത്തിലെയ്ക്കാഴ്ത്തീ!
കോട്ടയത്തൊരു സഭ-
യ്ക്കധ്യക്ഷനാവാനത്രേ
നാട്ടിൽനിന്നമ്മേ, പോന്നു
ശ്രീമാനാം കുമാരൻ തേ;

ആ യാത്ര മടങ്ങാത്ത-
തായി നിൻ ദൌർഭാഗ്യത്താൽ—
കായലിൻ തിരയന്നു
മൃത്യുവിൻ കയറായീ!

Digitized By Kerala Sahitya Akademi

'അച്ഛനിങ്ങെന്താണമ്മേ,
തിരിച്ചുവരാത്തതെ'-
ന്നച്ചെറുമുഖങ്ങൾതൻ
ചോദ്യങ്ങൾ തുടരവേ,
ആവതൻ പിതൃതൃഷ്ണ-
യ്ക്കെന്തിനാൽ ശമം നല്കം
തവ ഗേഹിനി ധീമൻ,
തപ്തമാം കണ്ണീരാലോ!

ആശാനാം ഭവാൻ ഞങ്ങൾ-
ക്കുലകിൻ ക്ഷണികത്വം
പേശലകാവ്യങ്ങളാൽ
പല്പാടോതിത്തന്നു;
എങ്കിലും ത്വദകാല-
നിര്യാണമിസ്സുള്ളോക്കു
സങ്കടതമസ്സിനാ-
ലന്ധത പെടുത്തുന്നു.

താവകകവിതയീ-
പ്രകൃതി 'നളിനി'യിൽ-
ക്കാർവണ്ടിൻപിടപോലേ
'ലീല'യാ തത്തിപ്പാറി;
'ഗ്രാമവൃക്ഷത്തിൽക്കുയി-
ലാ'യ് നിന്നു കൂകിസ്സരി-
ദ്ഗ്രാമത്തിന്നെന്നെന്നേയ്ക്കും
വാസന്തോത്സവമേകീ!

Digitized By Kerala Sahitya Akademi

ആത്രയുമകൃത്രിമാ-
ലംകാരവൈചിത്ര്യത്താൽ-
ച്ചിത്തത്തെയാവർജ്ജിയ്ക്കും
തൽപ്രൌഢകവിതയെ
പൃഷ്ടകൌതുകനാംഗ്ല-
രാജേന്ദ്രപുത്രൻ പേർത്തും
പട്ടകം ധരിപ്പിച്ചു,
ചാർത്തിച്ചു പൊൻകാപ്പുംപോൽ.
പാതാളംവഴിയ്ക്കുദ്ധ്യ-
ലോകമേ പൂകീ ഭവാൻ:
താദൃശവിശിഷ്ടന്മാർ
താഴ്മയാലുയരുവോർ.
നില്ക്കുകെൻ വിലാപമേ:
നിൻെറ തീക്ഷ്ണത മുള്ള-
വെയ്യോലാ പരേതനാം
സുഹൃത്തിൻ സന്മാർഗ്ഗത്തിൽ.
ജീവിതപ്രവാഹത്തിൽ
യാത്രചെയ്തനായാസ-
മാ വിശാലതയിൽപ്പോയ്
ലയിച്ചാനദ്ദേഹം, ഹാ;
സിദ്ധിയ്ക്ക തദാത്മാവി-
ന്നാദിമപ്രകൃതിതൻ
പൊൽത്തിരുമടിത്തട്ടിൽ-
പ്പൂർണ്ണവിശ്രമസൌഖ്യം!



Digitized By Kerala Sahitya Akademi

## 34. ബഹിഷ്കൃതമായ അന്തർജ്ജനം

"മിത്ഥ്യാപവാദോത്താപം
പ്രേരിപ്പിയ്ക്കില്ല, മാതൃ-
ഹത്യയിൽനിന്നന്നെന്നെ-
പ്പിന്മാററി പാപഭയം.
മാനുഷിയൊരുവൾ ഞാൻ;
സ്വജനം ത്യജിച്ചാലും,
സ്ഥാനമൊന്നെനിയ്ക്കു-
ണ്ടീശന്റെ ഭുവനത്തിൽ.

ആ മറക്കുട തല്ലി-
പ്പൊളിച്ചുകളഞ്ഞൊരു
നാൾമുതൽ നേരെതന്നെ
കാണ്മതുണ്ടുലകം ഞാൻ;
പാണന്റെ പനയോല-
ക്കൈത്തൊഴിലിനിമേൽ **മേ**
പാരമേശ്വരശില്പം
കാണാവാൻ തടവാകാ!

Digitized By Kerala Sahitya Akademi

നിത്യമൊരോലമറ
　　പോരുമേ രക്ഷിപ്പാൻ പോ-
ലി, ത്രയും വിലകെട്ട
　　ചരക്കോ പാതിവ്രത്യം!
ആരെയും കാണാമെനി-
　　യ്ക്കൊ, ന്നെയും കാണാമാക്കും;
പാരിലെയൊരാളായ് ഞാൻ
　　സ്വഗൃഹബഹിഷ്കാരാൽ.

ഹാ, മത്സോദരിമാർതൻ
　　കഥയെന്ത, സ്സാധ്വികൾ
സോമസൂര്യരെപ്പോലും
　　ശരിക്കു കണ്ടിട്ടുണ്ടോ?
ആകാശതലം മീതേ
　　പരന്നുകിടപ്പുള്ള-
താക്കതാനറിയാമ-
　　പ്പഞ്ജരക്കിളികളിത്?

തുള്ളു വാലാട്ടമിട-
　　മുലകം പൂച്ചകൂട്ടി-
ക്കി, ല്ലത്തിൻ പടിഞ്ഞാററി
　　നമ്പൂരിമടവാക്കും!
പ്രകൃതിയുടെ വക്ത്രാ-
　　വരണത്തെയുമൊട്ടൊ-
ട്ടകററീടുന്നു കാല-
　　ഭഗവാൻറെ ഹസ്തം;

Digitized By Kerala Sahitya Akademi

നമ്മളോ, നരരിൽനി-
 ന്നൊളിഞ്ഞുനില്പാൻ ചുഴെ-
ക്കന്മറ കനപ്പിപ്പു
 വീപ്പുമുട്ടിപ്പോംവണ്ണം.
ലോകദൃഷ്ടിയിൽനിന്നു
 മൂളുവാനെ,ന്താണാവോ
ഹ്രീകരമായിട്ടൊന്നു
 ചെയ്തതിക്കുലസ്ത്രീകരം!

മുപ്പതുവയസ്സാന്ന
 പെങ്ങളെക്കൊടുപ്പാനാ-
ണല്പവിത്തനാ വിപ്രൻ
 വേട്ടവെച്ചതീയെന്നെ;
ഇപ്പൊഴോ,മിളദ്ദാര-
 ത്രയനാമദ്ദേഹത്തി-
ന്നപ്രയാസമായ് നേടാം
 ത്രിവർഗ്ഗത്തിനെയെന്നായ്!

വാദ്ധകാക്രാന്തൻ കാന്തൻ;
 തരുണി നവോഢ ഞാൻ:-
ക്കുത്തനോക്കെൻനേക്കെയ്ത്തു
 നാലുകണ്ണുകരം മേന്മേൽ:
രണ്ടാളിൽപ്പകുത്താലും,
 തെല്ലനുരാഗം ബാക്കി-
യുണ്ടാവാം കണവന്നെ-
 ന്നായ്മാർ കണക്കിട്ടു!

Digitized By Kerala Sahitya Akademi

വല്ലിയാൽബ് ഭർത്താവിനെ-
ബ്ബന്ധിപ്പാൻ ശചീമന്ത്രം
വല്ലതുമറിയാമോ
വൈദികസ്ത്രീകൾക്കിപ്പോൾ?
രണ്ടാളും 'തലയണ-
മന്ത്ര'മേ പ്രയോഗിച്ചു-
കൊണ്ടിതു സപത്നീവി-
ധ്വംസത്തിൽ യോജിപ്പോടേ.

തിങ്ങളാറേഴാൽസ്സിദ്ധ-
മവർക്ക ജപയജ്ഞം,—
മങ്ങഞ്ചാംപുരയ്ക്കുള്ളിൽ-
ക്കിടപ്പായ് മൂന്നാംവേളി;
സ്മാർത്തവൈദ്യന്മരെത്തി
വിശുദ്ധ്യൌഷധവുമായ്-
പ്പേർത്തദോഷരിൽനിന്നു
ദോഷത്തെ വമിപ്പിപ്പാൻ!

വന്നുപോയ് ദിനപക്ഷ-
മാസങ്ങൾ; ചുററിപ്പററി-
നിന്നതില്ലവയെൻെറ
ചാരിത്രഭംഗം കേൾപ്പാൻ.
ഭൂതകാലത്തിൽച്ചെന്നു
ലയിച്ചു, വർഷം മൂന്നു,-
പ്പാഴ്തിരശ്ശീലപ്പിന്നിൻ
ചോദ്യങ്ങളാകാശത്തും,

Digitized By Kerala Sahitya Akademi

'സാധന'ത്തിൻെറ നെടു-
വീർപ്പുകൾ വായുവിലും,
നാഥൻെറ മുതൽ മറവു-
മന്യർതൻ പെട്ടിയിലും!
വേശ്യയെ വാഴ്ത്തുണ്ടാക്ക-
മപ്പുരസ്കാരത്തിനി-
ന്നീ—ശ്വരാ, പൊറുത്തരുൾ-
കീയൊരു വാക്പാപം മേ!—

വിടുതി ലഭിയ്ക്കുവാൻ
മറെറാരു വഴി കാണാ-
ഞ്ഞൊടുവിൽബ്ഭൃത്യങ്കലെൻ
ജാരത്വമാരോപിച്ചേൻ.
സ്മാർത്തന്റെ കൃതാർത്ഥത്വം,
ജ്യേഷ്ഠത്തിമാർക്കു മന-
സ്സ്വാസ്ഥ്യ,മെൻഭർത്താവിന്നു
ദാരിദ്ര്യനിവാരണം,

എനിയ്ക്കോ മനുഷ്യർതൻ-
സ്വാതന്ത്ര്യം—പലഗുണം
ജനിച്ചുവല്ലോ, ദോഷ്ഷോ-
ന്നന്നു ഞാൻ പറകയാൽ.
നന്മയെപ്പെറും തിന്മ
ഹേയകോടിയിൽപ്പെടാ:
നെന്മണിവളച്ചേയ്ക്കു
വയലിൽച്ചളിവേണം.

Digitized By Kerala Sahitya Akademi

പന്നഗദഷ്ടമിതെ-
നുള്ള ശ്ശങ്ക പിടി-
ച്ചെന്നുടെ സമുദായം—
കേരളദ്വിജവർഗ്ഗം—
സത്യത്തിനെറമ്പുമേ
കടിച്ചിട്ടില്ലാത്തെത്ര-
യെത്രയംഗങ്ങളെ മുറി-
ച്ചെറിഞ്ഞിട്ടില്ലീവണ്ണം?

സംത്യാഗഭയം വേണ്ടാ
നിനക്കു നമ്പൂതിരി-
യ്ക്കന്തഃപുരത്തെക്കാളും
മധുരം മാമൂലേ, നീ!
എന്തുഷസ്സണഞ്ഞാലു,-
മെതക്കനുദിച്ചാലു-
മന്ധവിശ്വാസതമ-
സ്സൊഴിയാ ഞങ്ങൾക്കെന്നോ!

മങ്കമാർകളെക്കൊണ്ടു
കണ്ണുനീർവീഴ്ത്തിയ്ക്കുന്നി-
തെൻകൂട്ടർ, നിഴലിനെ-
ക്കഴകിക്കളയാനായ്!
ഞാനൊരു സാധാരണ-
നാരിയായ് മാറിയതിൽ—
ദ്ദീനത വേണ്ടാ നിങ്ങൾ-
ക്കെൻെറ സോദരിമാരേ;

ഹന്ത, മേ പുറത്താക്ക-
    പ്പെട്ട ജീവിതത്തിന്മേൽ-
സ്സന്തതം തട്ടുന്നുണ്ടു
    നൽക്കാററും വെളിച്ചവും.
പര്യാപ്തവിഭവ ഞാൻ
    സ്വപ്രയത്നത്താൽ; പോരാ,
പത്നീത്വമാണിപ്പെണ്ണു-
    ങ്ങറംക്കൊരു ധനമത്തെങ്കിൽ;

ഭർത്താവുമിയ്യുള്ളോറംക്കു-
    ണ്ടിങ്ങു—നൽച്ചക്ര: -മിതു
ഭദ്രശബ്ദത്താലെങ്ങൽ-
    ത്തുകുന്നു പ്രിയവാക്യം;
വെൺനൂൽത്തുമ്പുകളാലേ
    പുഞ്ചിരിക്കൊണ്ടീടുന്നു;
മന്ദിയാതെനിയ്ക്കുണ്ണ-
    മുടപ്പുമുതകുന്നു.

എന്റെ സൌഭാഗ്യമിഹ
    കൺചുവപ്പിപ്പീലാക്കു,-
മെന്റെയിച്ചെറുഗൃഹം
    സംശാന്തമസപത്നം!
ജ്യേഷ്ഠത്തിമാരേ, തൊഴാം:
    നിങ്ങറംകാരണമല്ലോ,
ശ്രേഷ്ഠർതന്നാദർശത്തെ
    നുല്ലുവാൻ മുതിന്നു ഞാൻ;

Digitized By Kerala Sahitya Akademi

നാട്ടിനായ്ത്തൊഴിൽചെയ്വാൻ
ലാഘവം വന്നു, 'ഭ്രഷ്ടാ'-
ലോട്ടുകങ്കണമൂരി-
ക്കളഞ്ഞ കൈരണ്ടിന്നും!
അംബ, ഭാരതഭൂവേ,
ഭക്തിചക്രത്താൽ ഞങ്ങൾ
നിർമ്മിച്ചുപോരും നൂൽത-
ന്നിഴയോരോന്നും ഹാ ഹാ,

വിവിധാതങ്കക്ലേശ-
വിക്ലബീഭൂതൌജസ്സാ-
മിവിടെയ്ക്കോരോ ജീവ-
സിരയായ്ച്ചമയാവൂ!"

# 35. ലോകാസ്സമസ്താഃ സുഖിനോ ഭവന്തു!

കല്യൻ, ത്രിഭാഷാകൃതബുദ്ധി കുണ്ടൂർ-
ക്കവീന്ദ്രനദ്ദേഹവുമന്തരിച്ചു!
കടുത്തൊരാപത്തിതിലെത്രയേറെ
ക്ലാന്തിപ്പെട്ടാ കൈരളിതൻ മുഖാബ്ജം?

അങ്ങുന്നനാഡംബരശീലനെന്തി-
ന്നുടുപ്പു മാററാൻ സഹസാ മറന്നു?
അത്രയ്ക്കു മങ്ങിപ്പഴകിക്കഴിഞ്ഞി-
ട്ടില്ലായിരുന്നു തവ വസ്ത്രമല്ലോ.

ചെന്നു വയസ്സിന്നെഴുപത്തിയഞ്ചെ-
ന്നാലും, യുവത്വം വിലസീ ഭവാനിൽ:
അടുത്തവർക്കൊക്കെയകന്നു പോവാൻ
തോന്നില്ലയല്ലോ തവ സത്സ്വഭാവാൽ.

കാലത്തു തൻകാഴ്ചകൾ കൊണ്ടുവെച്ചാൻ
വാർദ്ധക്യവും നേർക്കവിടുത്തെ മുന്നിൽ;
അവറ്റിൽനിന്നിത്തിരി തൂവെള്ളപ്പൂ
കൈക്കൊണ്ടതുള്ളൂ സ്പൃഹണാവഹാതൻ

Digitized By Kerala Sahitya Akademi

അനഘകാവ്യങ്ങളെ മാതൃഭാഷ-
യ്ക്കൎപ്പിച്ച കൈ വാതവിധൂതമായ് പോൽ!
അതിങ്കൽനിന്നാപ്പരിചുററ തൂവ്വ-
ലത്യന്തവിഭ്രഷ്ടവുമായിപോലും—

എല്ലാം കഴിഞ്ഞു, ചിലനാളിനുള്ളി;-
ലെത്രയ്ക്കധന്യം മലയാളമേ, നീ:
അതാ, യമൻ വന്നു കരം പിടിച്ചു
കൊണ്ടങ്ങുപോയ് നിൻമഹിമോൽക്കരത്തെ!

കൊച്ചുണ്ണിഭൂപൻ, കവിമൌലി കുഞ്ഞി-
ക്കുട്ടക്ഷിതീശൻ, നടുവട്ടിജേന്ദ്രൻ,
പുകഴ്ന്ന 'രാജാവൊ',ടുവീ മഹാന്മാർ
പോയ്ത്താഴ്ത്തെങ്ങ,ങ്ങു ഗതൻ ഭവാനും.

ആ ശ്രേഷ്ഠരാം സ്നേഹിതരോടു ചേരാ-
നൌൽസുക്യമാണ്ടിന്നെ മറന്നു താങ്കൾ;
പൊറുക്കുമെന്മട്ടു ഭവദ്വിയോഗ-
ക്ലേശത്തെ ഞാനാമെളിയോരു മിത്രം?

ഹാ, ഞങ്ങൾ നേരിട്ടൊരു നാല്പതാണ്ടിൻ
മുമ്പാദ്യമായ്ക്കണ്ട ദിനംമുതല്ക്കേ —
മദ്ഭാഗ്യമേ, വെല്ലയി, വെല്ല — വള്ള-
ത്തോളക്കവിപ്പൂൺപിനു കണ്ണിലുണ്ണി.

മുന്നേ ഭവാനല്പി, കനിഞ്ഞു — 'വള്ള-
ത്തോളെ'ന്നു വെട്ടിച്ചെറുതാക്കിയെൻപേർ,

Digitized By Kerala Sahitya Akademi

'പേരിൻെറ നീളത്തിലനാസ്ഥനാകെ'-
ന്നെന്നെപ്പഠിപ്പിപ്പതിനെന്നപോലെ.

അഹോ, ഭവാനാലുപദിഷ്ടമാധ്യ-
നഭിഷ്ടുതൻ, ലാളിതനാദൃതൻ ഞാൻ:
ഭവാന്നു ശിഷ്യൻ, ഗുരു, ഭാഗിനേയൻ,
സഖാവുമായേനിവനേകകാലേ.

ഞാൻ വേണ,മന്നന്നവിടുന്നു തീർത്ത
കാവ്യങ്ങൾ 'നോക്കിപ്പിഴതീക്കുവാൻ' പോൽ;
ഇയ്യജ്ഞനെങ്ങ,ക്കൃതിമുഖ്യനെങ്ങു?
ഹാ സ്നേഹമേ, ഗൌരവകല്പനം തേ!

ഇന്നാവതോളം ചതുരംഗകേളി,
നാളെ പ്രകാമം കവിതാവിനോദം,
പിറേറന്നു മുറവും വെടിചൊല്ലലേവം
രാവെത്ര പോക്കീ ഗതനിദ്രർ ഞങ്ങൾ!

ഇങ്ങേതുഷസ്സാലുമുദിയ്ക്കുകില്ലാ-
സ്സുഖാഭിരാമങ്ങൾ സുവാസരങ്ങൾ;
പഴംകിനാവാലയവിട്ടുകൊണ്ടു
കിടന്നുകൊൾകെൻ കെട്ടചിത്തമേ, നീ!

പ്രശാന്തരൂപൻ സുഗഭീരഭാവൻ
സ്വാത്മാഭിമാനൻ വിനയാവനമ്രൻ
കൃശായതാംഗൻ ബലദാർഢ്യവാന-
പ്പുമാനസാധാരണനായിരുന്നു!

Digitized By Kerala Sahitya Akademi

പാലാട്ടുകോമൻെറ പടപ്പയററ,-
മപ്പാക്കനാർതൻെറ പൊരുൾപ്പരപ്പും
വരച്ചവല്ലോ മലയാണ്മയാൽത്താൻ
വിൺചൊല്ലുമായ് വേഴ്ച തഴച്ച വമ്പൻ!

പുരാണഗീതോപനിഷന്നിഷേവാ-
തീർത്ഥാംബുനിർദ്ധൗത,മജാതപങ്കം,
ലോകോപകാരത്തിനുഴിഞ്ഞുവെച്ചു-
ളെളാന്നായിരുന്നു ഹഹ, ജീവിതം തേ.

ഇതായിരുന്നു, തവ നേർച്ച നിത്യം:
'ലോകാസ്സമസ്താ,സ്സുഖിനോ ഭവന്തു;'
അതേററുപാടാം ഗുരുവര്യ, ഞാനും:
'ലോകാസ്സമസ്താസ്സുഖിനോ ഭവന്തു!'

Digitized By Kerala Sahitya Akademi

## 36. ഒരു കീറത്തലയണ

പെരുതഴലു,പധാനമേ നിനക്കീ-
യുരുതരവ്യഥ പിണഞ്ഞുകാരണയാൽ മേ:
ഒരു തല വഴിപോലെ താങ്ങുവാൻ നീ
വിരുതിയലുന്നവനായിരുന്നുവല്ലോ!

ചളി തടവി വിവർണ്ണമിന്നു വില്ലീ-
സ്സൊളിനിര വീശിയിരുന്ന നിൻശരീരം;
വെളിവിലിഹ മുതിർന്ന കാല 'ജാല-
ക്കളി'യുടെ ചാതുരി നമ്മളെന്തു കണ്ടു?

തൊടുവതിനിരുകൈ തുടച്ചുവേണം
തുടുതുടെ മിന്നിയിരുന്ന നിന്നെ മുന്നം;
കെടുതി കലരുമിപ്പൊഴോ, തദംഗ-
ത്തൊടു പെരുമാറുകിൽ വേണ്ടതാണതെന്നായ്;

ലളിതമുഴുമുഴുപ്പു,റപ്പു, വർണ്ണ-
ത്തെളിവിവ തിങ്ങിയിരുന്ന താവകാംഗം,
ചുളി പെരുകി,യതാതിടത്തു കീറി-
പ്പൊളിയുകകാരണമെത്ര ശോച്യമായി!

Digitized By Kerala Sahitya Akademi

പുരുമലിനിമ പൂണ്ട നിൻ പിളപ്പിൽ-
ത്തുരുത്തുരെയൂറ്റിയ പഞ്ഞിയുണ്ടു കാണ്മൂ,
ഒരു വികൃതവധൂടിതൻ കചത്തിൽ-
ത്തിരുകിയ കുന്ദസുമോൽക്കരം കണക്കേ.

വിലപെറുമുപധാനമേ, പുരാ നിൻ-
നില ദൃഢമെത്ര മികച്ചതായിരുന്നു:
ലലനകൾമണിയാമൊരോമലാൾതൻ-
മലരൊളിമെത്തയിലല്ലി നീ വസിച്ചു!

ചിരമവളുടെ വെൺകിടക്കയിന്മേൽ-
പ്പുരമഴക്കുലമണിഞ്ഞു നീ വിളങ്ങി,
ശരദമലസരിത്തുതന്നിൽ നൈശാ-
കരരുചി പൂണ്ട മണപ്പുറം കണക്കേ.

നിയതമൊരു നിരപ്പുകേടു നിന്മേ-
ലിയലുകിലാ,യവൾ നിങ്കൽ മെല്ലെ മെല്ലേ;
സ്വയമിരവിലുറങ്ങുവാൻ കിടത്തും
പ്രിയശിശുവിൻ തുടയിങ്കലമ്മ പോലേ,

സുലളിതമൃദുവായ കൈത്തലത്താൽ-
പ്പലവുരു തല്ലിടുമപ്പൊഴൊക്കയും നീ
മലർനിര വിതറുമ്പൊഴാസ്വദിച്ചോ-
രലഘുസുഖം ലഘുവായ്ഗ്ഗണിച്ചിരിക്കും! (യുഗ്മകം)

ധവനധരരസം കൊതിക്കെ, ലജ്ജാ-
വിവശിതയായ നവോഢതൻ മുഖാബ്ജം,

Digitized By Kerala Sahitya Akademi

അവനധികമസൂയ ചേൎത്തനേകം
തവണ ഭവാങ്കലഹോ, പതിഞ്ഞതില്ലേ?

നിജമൃദുലശിരസ്സു നിങ്കൽ വെച്ചാ-
വിജനവിലാസഗൃഹക്കിടയ്ക്കയിന്മേൽ
രജനികളിൽ മുറയ്ക്ക തമ്മിലോരോ
ഭുജലതയാൽത്തഴുകിസ്സുഖം ശയിയ്ക്കേ,

പരമസുഭഗരാം നവീനജായാ-
വരരവർതൻ വദനത്തിൽനിന്നു മന്ദം
കരളിൽ വിരിയുമുത്തമാനുരാഗോ-
ത്തരളമലർക്കുലതൻ മധൂളിപോലെ,

പല പരിചിലുതിൎന്ന നമ്മലാപം
തലയണകറംക്കണിരത്നമായ നീ താൻ
സുലഭരുചി നുകൎന്നശേഷമേ, തൽ-
സ്ഥലപവമാനനുമാൎന്നുള്ളവല്ലോ!

(വിശേഷകം)

ഉലകിടമെരിയും നിദാഘരാവിൽ-
പ്പലകുറി, പട്ടുകിടയ്ക്ക തൊട്ടിടാതെ,
അലസമവർ നിലത്തുതാൻ കിടക്കും-
നിലയിലുമങ്ങയെ വേർപിരിഞ്ഞതില്ല!

ഹരിണമിഴി ദിനാന്തമജ്ജനാർദ്ര-
പ്പുരികുഴൽ നിന്നിലഴിച്ചു ചിന്നിടുമ്പോറം,

Digitized By Kerala Sahitya Akademi

കരിമുകിൽ ചിതറും ശരന്നഭസ്സിൻ
പരിചു വഹിച്ചു, സിതാംശുകാസ്തൃതൻ നീ.

തരുണികൾമണിതൻെറ താരണിഞ്ഞു-
ള്ളിരുളെതിർമഞ്ജുളകന്തളത്തൊടേവം
പെരുത്തു ദിനമിണങ്ങി വാഴ്കയാൽ, ന-
ല്ലൊരുമണമിന്നുമിരിപ്പതുണ്ടു നിങ്കൽ.

അതിസുഖമയമാ മനോജ്ഞമാർഗ്ഗം
ഗതിയറിയാതെ ഭവാൻ കടന്നുപോന്നു;
അതിനെയിഹ വൃഥാ തിരിഞ്ഞുനോക്കി-
ക്കൊതിയൊടു നീ നെടുവീർപ്പിടുന്നതുണ്ടാം!

ബത, ബത, തവ മുൻവശത്തിദാനീം
വിതതമരുക്ഷിതിയൊന്നു കാൺകയാൽ നീ
ഗതസരണിയിലെസ്സുഖത്തെയെല്ലാം
ശതഗുണമായ് വില കൂട്ടിയോർപ്പതുണ്ടാം!

തവ പുനര,ഥവാ, പ്രപഞ്ചപാന്ഥ-
ക്കവസിതിയിൽപ്പെടുമല്ലലേറെക്കൂടാ:
ദിവസമനു പരോപകാരധർമ്മ-
പ്രവണതയാൽപ്പരിപൂതജീവിതൻ നീ!

പകലിരവു പലക്കു സൌഖ്യമേകി,
സ്വകതനു ജീർണ്ണവിവർണ്ണമാകിലെന്തോ?
മികവെഴുമൊരു കർമ്മയോഗിതൻമ-
ട്ട,കമവികാരമഖണ്ഡനിർമ്മലം തേ.

12*

Digitized By Kerala Sahitya Akademi

അരചന്റെയുടല്ലുമിങ്ങവസ്ഥാ-
ന്തരമിതുതാനൊട്ടുവെന്നു കണ്ടു താൻതാൻ
ചിരമഹഹ, ചിരിയ്ക്കയോ ശുഭാന്തഃ-
കരണ, വെളിയ്ക്കു തുറിച്ച പഞ്ഞിയാൽ നീ!

പരാർത്ഥത്തിന്നല്ലോ തവ പിറവി; സാ-
ധിച്ചിതതു നീ;
ചിരാസംഗാൽ വന്നീലിതിൽ മതി നിന-
ക്കെങ്കിലു,ടനേ
ജരാക്രാന്തം തൻപാർപ്പിടമിതു വെടി-
ഞ്ഞിട്ടു തവ സു-
സ്ഥിരാത്മാവെത്തട്ടേ പതിയൊരു പുര-
ത്തിൽപ്പരസുഖം!

## 37. നമ്മുടെ ഗുരുദേവൻ

(കേക)

വിശ്വഭാരതിയ്ക്കേററു
　　വൈധവ്യമവിഷഹ്യ;-
മശ്ശാന്തിനികേതന-
　　മശാന്തിയ്ക്കടിപ്പെട്ടു;
ഉത്തരായണം താപോ-
　　ത്തരമായ് നിന്നാഥത്വാൽ:
ത്യക്തമായല്ലോ, ഗുരു-
　　ദേവനാലിഹവാസം!

ദേവേന്ദ്രമഹർഷിതൻ
　　ദീപ്രമാം പ്രതിബിംബം,
ശ്രീവാണീശ്വരിമാർതൻ
　　ശ്രേഷ്ഠപൂരുഷരൂപം,
ഭാവനാമഹിമാവിൻ
　　മർത്ത്യാവതാരം — ഹാ ഹാ,
ഭുവിതിൻ കാവല്ക്കാരൻ
　　ദീർഘനിദ്രയിൽ വീണു!

Digitized By Kerala Sahitya Akademi

ഇച്ഛിച്ചപോന്ന നിത്യ-
 മേതിനെദ്ദർശിപ്പാനാ,
വിശദദർശികളായ
 നേത്രങ്ങൾ വിശാലങ്ങൾ,
സ്വാതന്ത്ര്യമതി മാതൃ-
 ഭൂമിയെസ്സമീപിച്ച
പോതിലെന്ത്,വ പെട്ടെ-
 ന്നടഞ്ഞതെന്നെയ്യുമായ്!

'ദീനബന്ധു'വാമാൻഡ്രൂ-
 സ്സാത്മസ്നേഹിതനല്ലോ;
താനെത്ര കാലം താങ്ങും
 തദ്വിയോഗാതങ്കത്തെ?
നൂന,മദ്ദേഹം മുമ്പേ
 പോയി മേവിന പുണ്യ-
സ്ഥാനമേ പൂകിക്കൊണ്ടാ-
 നിപ്പൊഴിസ്സുകൃതിയും!

ശ്രീമഹാകവി ടാഗോർ,
 ഗാന്ധിജി, ജവഹർലാ-
ലീ മൂവ്വരല്ലോ, നാട്ടി-
 നഗ്ര്യരാം നേതാക്കന്മാർ;
ഒന്നാമൻ മൃതനായ്പ്പോയ്,
 മൂന്നാമൻ തുറുങ്കിലാ-
ണെ,ന്നിനി രണ്ടാമന്നൊ-
 രിത്തിരി സുവിശ്രമം?

Digitized By Kerala Sahitya Akademi

‘എണ്പത്തു വയസ്സോള-
മിങ്ങിരുന്നാതേ മമ
ഡംഭമാണെ’ന്നാനല്ലോ
ഗാന്ധിജിയോടു ഭവാൻ;
അങ്ങയ്ക്കു സുദീർഘമായ’-
പ്പോകില്ല,മവശരാം
ഞങ്ങൾക്കു തുലോം ഹ്രസ്വ-
മിത്തപ്ദീയായുഷ്ക്കാലം!

‘വാല്മീകിവേദവ്യാസ-
കാളിദാസാദ്യന്മാരു-
ണ്ടീ മഹാകവീന്ദ്രങ്കൽ-
പ്പക്കിന്നുമുയിർക്കൊൾവൂ.’
ഇപ്പടിയ്ക്കഭിമാനി-
ച്ചിരുന്നു പൂർവ്വർക്കൊപ്പം,
മുപ്പതുമാറും കോടി-
പ്പേർകളീയൃഷിനാട്ടിൽ.

പണ്ടത്തെ വിജ്ഞാനത്തെ-
യിന്നത്തെ വിചിന്തയിൽ-
ക്കൊണ്ടിണക്കിയ ടാഗോർ-
സൂരിതൻ സൂക്തിസ്തോമം,
തണ്ടലർ പനിനീർപ്പൂ-
വെന്നിവ കൂട്ടിച്ചേർത്ത
ചെണ്ടുപോലുദ്ഭാസിപ്പൂ
സാഹിതീകരാഗ്രത്തിൽ.

Digitized By Kerala Sahitya Akademi

പുളകംകൊള്ളിച്ചാത്മ-
ജ്ഞാനത്തെജ്ജ്വലിപ്പിയ്ക്കും.
ലളിതഗഭീരമാം
തദ്ഗാഥാസാഹസ്രത്തെ
കുതുകാലൊരേമട്ടിൽ-
ക്കൈക്കൊണ്ടു മാനിയ്ക്കുന്നു,
കുടിലും കൊട്ടാരവും,
വയലും വൻപൂങ്കാവും.

രാമമോഹനാധ്വ-
സൂദനചന്ദ്രാദ്യന്മാ-
രോമനിച്ചയത്തിയ
വംഗീയസാഹിത്യത്തെ,
ത്തുമണം പാടേ വീശു-
മാറിത്ര പുഷ്പിപ്പിച്ച-
തീ,മഹാൻ തോട്ടക്കാരൻ
നല്കിയ വളമല്ലോ.

ഏതേതു വിഷയത്തിൽ-
ക്കേളിയാടീലാ, സർവ്വ-
ചേതോഹാരിണിയാം
തൽകവിതാവിലാസിനി?
ഏതേതു മഹാഭാഷ-
യേറപ്പാടീല്യൽകൃഷ്ട-
നൂതനാശയങ്ങളാം
തദ്ഗീതശതങ്ങളെ?

Digitized By Kerala Sahitya Akademi

ഭാരതീയരെ വീണ്ടും
ഭാരതീയരാക്കാനും,
പാരിടമൊട്ടുക്കൊററ-
ത്തറവാടെന്നാക്കാനും,
കൂരിരുളകററാനും,
വെളിച്ചമിയററാനു-
മാരിത്ര ചെയ്തു യത്ന-
മാരിത്ര നേടി ജയം?

നിസ്തുലൌജസ്സാമെത്ര
കാവ്യത്തെ വരച്ചീല-
ഞ്ഞെത്ര ചിത്രത്തെച്ചേലി-
ലെഴുതീലത്രത്തൂവൽ?
മങ്ങുകില്ലൊരുനാളും,
മായുകില്ലതു രണ്ടു-
മിങ്ങിനെ വിളങ്ങുമേ
ലോകഭിത്തിയിലെന്നും!

വേണാവിൻ തുളകളിൽ-
ത്തള്ളുമൈശതൊൻ മാതൃ-
ക്ഷോണിതൻ തൃക്കാലൊമ്മ-
ട്ടെ,മ്മട്ടു തിരുമ്മീലാ?
അധ്യാത്മരഹസ്യത്തെ-
പ്പാടാനു,മധർമ്മത്തോ-
ടത്രയ്ക്കു ഗർജ്ജിപ്പാനും
ത്രാണിയുള്ളൊന്നക്കണ്ടോം!

Digitized By Kerala Sahitya Akademi

വിശ്വത്തിൻ കലകളും
സംസ്കാരങ്ങളുമെല്ലാം
വിശ്വഭാരതിയിൽ വ-
ന്നങ്ങയെസ്സംസേവിച്ചു;
അങ്ങൊരാൾ കലാകാര-
നങ്ങൊരാളഭ്യുദയത്താ-
വ്വങ്ങൊരാൾ ധർമ്മാചാര്യ-
നെങ്ങൾക്കും വിധേശ്യക്കും!

രണ്ടോളമാണ്ടിൻ മുന്ന-
മങ്ങിടം പ്രഥമമായ്-
ക്കണ്ടു വന്ദിപ്പാൻ ചെന്നോ-
രല്പനാമെന്നെ പ്രാജ്ഞൻ,
പണ്ടേ ഞാനൊരു സുഹൃ-
ത്തെന്നു തോന്നുമാറല്ലോ
കൊണ്ടാടി; മററന്ത്യത്ര
സർവ്വം തൽസൌഹാർദ്ദം!

ആരവ നോററന്നാർജ്ജിച്ച
തത്സമാഗമഭാഗ്യ-
മാദ്യപ്പുമവസാന-
ത്തേതുമായ്ത്തീന്നല്ലോ മേ—
വാർത്തപോകായ്കെൻകണ്ണേ,
ചുടുനീർ: വൈക്ലബ്യത്തിൻ
വാർത്തയേ സഹിയ്ക്കില്ല,
വശിയാമൃഷിപുത്രൻ!

Digitized By Kerala Sahitya Akademi

വിശ്വസൌഭ്രാത്രം ചൊല്ലി-
ത്തന്നു നമ്മൾക്കുധന്യൻ
വിശ്വാസവിഹീനരാം
നമ്മളോ, തമ്മിൽത്തല്ലി;
ബന്ധുവദ്ദ്രോഹം തേടി
മോചനമൊന്നേ; നാമോ
ബന്ധശൃംഖല വീണ്ടും
മുറുക്കി ധീമാന്ദ്യത്താൽ.

ഈ വൈപരീത്യം ശിഷ്യർ
മാററായ്ക്കയാലോ, തൻെറ
ജീവിതമവസാനി-
പ്പിച്ചിതഗ്ഗുരുദേവൻ?
ഹേ വിശാലാത്മൻ, പശ്ചാ-
ത്താപവിഹ്വലർ ഞങ്ങ-
ളാ,വതും പൊരുത്തരുൾ-
കെങ്ങൾതന്നവിവേകം!

തുറന്നു മിഴി ഞങ്ങൾ-
ക്ക:-ങ്ങു സഹസ്സഹം ചൂണ്ടു-
വിരലാൽക്കാട്ടിപ്പോന്ന
നേർവഴികളിലൂടെ
പരമോദ്ദിഷ്ടസ്ഥാന-
ത്തെത്തുകിതാ, നടകൊൾവൂ,
മരണം വന്നാൽപ്പോലും
പിന്മടങ്ങാതേ ഞങ്ങൾ.

———

Digitized By Kerala Sahitya Akademi

## 38. ബധിരവിലാപം

ഗദകമ്പളിതമെൻെറ കണ്ണുയുഗ്മം
വദനവിഭൂഷണമാത്രമായ്ച്ചമഞ്ഞു;
കദനമിതൊഴിവാക്കകംബികേ; നിൻ
പദസരസീരുഹദാസനല്ലയോ ഞാൻ?

അഴലിതു വരുവാനൊരജ്ഞനാം ഞാൻ
പിഴ പലതും ബത, ചെയ്തുപോയിരിക്കാം;
അഴകിലവ പൊറുത്തുകൊൾക നീ; തൃ-
ക്കഴലിണയേ മമ താങ്ങലുള്ള തായേ!

ശ്രുതിയുടെ പൊരുളെന്ന പുണ്യലോക-
ശ്രുതിപുലരും തവ സേവ ചെയ്യുമീ ഞാൻ
ശ്രുതിവിരഹിതനാകിലും,ൽക്കടാപ-
ശ്രുതി പുതുതായവിടെയ്ക്കു പറയമല്ലോ!

വിവിധതരനിരർത്ഥശബ്ദജാലം
ചെവിയിൽ നിറച്ചിതരശ്രവം മുടക്കി,
അവിരതമഴലേകിടുന്നു മേ, ദു-
ഷ്ടവിനിരപോലനിവാര്യമീ വികാരം..

Digitized By Kerala Sahitya Akademi

ഇവനു ബത, മരുൽപ്രകോപമൂലം
ശ്രവണവിഘാതമിതെന്നു വൈദ്യപക്ഷം;
തവ വരുതിയിലുൾപ്പെടാതൊരുത്തൻ
ഭുവനമഹേശി, മരുൽഗണത്തിലുണ്ടോ?

മരുദശനവിഭൂഷണാഢ്യമെയ്യായ്,
മരുദുപസേവിതയായ നിന്നെ നിത്യം
കരുതിവരുമെനിയ്ക്കുമദ്രികന്യേ,
മരുദഭിപീഡ പിണഞ്ഞതെത്ര കഷ്ടം!

*പവനജനി മഹാഗദാഢ്യ,നിയ്ക്കു-
ള്ളവനഴൽമാഗധനോടു മല്ലിടുന്നു;
ധ്രുവമിഹ വിജയം ലഭിച്ചുകൊൾവാൻ
ഭവതി തുണയ്ക്കണമച്യുതസഹോദരേ!

പലതുമിഹ ചികിത്സ ചെയ്തുനോക്കീ;
ഫലമതിനില്ലിവനേറിടുന്നു രോഗം;
നലമൊടുടനെനിയ്ക്കു നിൻ കടാക്ഷാ-
ഞ്ചലപരമൌഷധമേകിടേണമമ്മേ!

'വരുമിവനിനി നാളെ രാവിലെയ്ക്കൊ-
ട്ടൊരു സുഖ'മെന്നിരവിൽക്കിടന്നുറങ്ങും;

---

* ഭീമപക്ഷത്തിൽ പവനജനി=വായുപുത്രൻ. മഹാഗദാഢ്യൻ=വലിയ ഗദയുള്ളവൻ എന്നു രണ്ടു പദം.

Digitized By Kerala Sahitya Akademi

അരുണതനുലതേ, പുലച്ച്നേരം
പെരുതു മനസ്സിടിവാൻതുണന്നെണീക്കും.

ഇതുവിധമൊരു മൂന്നുനാലു നാള-
ല്ല,തുലവിഷാദമൊരാണ്ടിലേറെയായ് ഞാൻ
മുതുദുരിതനിമിത്തമാത്തരക്ഷാ-
ചതുരതരേ, നെറികെട്ടുഴന്നിടുന്നു!

കവിയശസി ദുരാശ പൂണ്ടു പൊട്ട-
ക്കവിത പൊഴിച്ചു മഹാജനത്തിനീ ഞാൻ
ചെവിരുജ തടവിച്ച പാപമാവാ-
മവനിയനാം മമ കണ്ണുരോഗഹേതു.

കരളിനു കലുഷസ്വഭാവമേകും
പരജനദുർവ്വചനങ്ങൾ കേട്ടിടായ്വാൻ,
പരമിതുപകരിക്കുമെന്നുവെച്ചോ
ഹരദയിതേ. ഹരിയാത്തതെൻഗദം നീ?

ഗൃഹജനനി, മുദാ കിടാങ്ങൾ കൊഞ്ചും
സുഹസിതമഞ്ജിമ ചൊഞ്ചൽ കേൾപ്പതോളം
ഇഹ സുഖകരമെന്തു വേറെയുള്ളു?
വിഹതമെനിക്കതു ഹന്ത ദുഷ്കൃതത്താൽ!

പ്രണയികളൊടുകൂടി നമ്മസംഭാ-
ഷണപരമോത്സവവും സമാപ്തമായ്മേ;
ഘൃണവമയി, ജഗൽബഹിഷ്കൃതൻ ദു-
ർഗ്ഗുണനിധി ഞാനിനിയെന്തിനിങ്ങിരിപ്പൂ!

Digitized By Kerala Sahitya Akademi

വെടിപറയുവതിന്നു കൂട്ടുകാരെ-
ജ്ഝടിതി തിരഞ്ഞുപിടിച്ചിരുന്നൊരെന്നെ,
കുടിലവിധി ജനങ്ങളോടു ചേരാൻ
മടിപെരുതുള്ളവനാക്കി വിട്ടിതിപ്പോൾ.

പരിചിതർ പഥി കണ്ടുമുട്ടി മന്ദ-
ട്ടരിമയിൽ വല്ലതുമോതുവാൻ തുടന്നാൽ,
'ദുരിതമിതറിവാമിവക്കു'മെന്നോ-
ത്തെരിയുമകത്തഴലൊത്തു ലജ്ജയും മേ.

കവികൾ മമ സഖാക്കളൊത്തുകൂടി-
ക്കവിതകൾ ചൊല്ലിയെഴും സദസ്സു പുക്കാൽ,
ചെവിയടവുടയോരെനിക്കു തള്ളി-
ക്കവിയുമഴൽക്കതിരെങ്ങു കാവ്യലോലേ?

പുലരുമളവിളങ്കളസ്വനത്താ,-
ലുലകിനധീശ്വരി, ഹന്ത, നിന്മഹത്വം,
പല പറവകൾ പാടിടുന്ന പാട്ടാൽ
ഫലമിനിയില്ലിവനെന്നു വന്നുവല്ലോ!

വനരുചി വളരും വസന്തകാല-
ത്തനഘതരസ്വരമാന്ന കോകിലങ്ങൾ,
മനതളിർ കുളിരുംപടിയ്ക്കു കൂകം
നിനദമെനിയ്ക്കിനിയോത്തിരിയ്ക്കുമാത്രം!

ലളിതതനു, ഭവൽകരസ്ഥമാം പൈ-
ങ്കിളിയുടെ കൂട്ടർ തെളിഞ്ഞു കൊഞ്ചിടുമ്പോൾ,

Digitized By Kerala Sahitya Akademi

ഗളിതസുകൃതനാമിവൻെറ കണ്ണ-
ങ്ങളിലത്തു ത്തുമധു ത്തുകിടാതെയായി!

ഭവസഹചരി, ഭക്തരാത്തരാഗം
ഭവദപദാനശതങ്ങൾ പാടിടുമ്പോൾ,
ഇവനിനിയതു കേട്ടു മോദബാഷ്പ-
സ്രവമൊടു കോൾമയിർപൂണ്ടു നില്പതെന്നോ?

സ്ഫുടമുഷസി ഖഗൾക്കളണച്ചുനല്ലും
പടഹസമം കടലിൻെറ കോളിരമ്പം,
കടലരികിൽ വസിക്കിലും ശ്രവിപ്പാൻ
തടവിവനേററിതു; ഹന്ത, കാലദോഷം!

ചൊടിചെടുമസുരൾക്കു കാളി, നീളെ-
ത്തടിവിറ നല്കിന താവകാട്ടഹാസം
ഝടിതി കരളിലോർമ്മയാകുമാറു-
ള്ളിടിരവവും ചെവി പൂകിടാതെയായ് മേ.

വിവിധമുലകിലുള്ള ശബ്ദമൊന്നും
ചെവിയിണതന്നിലണഞ്ഞിടായ്കയാൽ മേ
അവിരതമലസതമാന്നകക്കാ-
മ്പവിരളനിദ്രയിലാണ്ടപോലെയായി!

നവനവപരിതാപഹേതുവാമെൻ-
ശ്രവണവിപത്തവിടുന്നു തീർത്തിടായ്കിൽ
ശിവമഹിഷി, മനം മയങ്ങി മാഴ്കു-
ന്നിവൻറെ ജന്മമിതെത്ര പാഴിലാകും!

Digitized By Kerala Sahitya Akademi

ക്ലമമൊഴിവതിനൊന്നുകിൽ പ്രപഞ്ച-
ഭ്രമമിതു തീൎത്തരേണ,മല്ലയെങ്കിൽ,
മമ ചെവിരുജ മാററവാൻ ഭിഷക്ക-
ത്തമദയിതേ, ദയ ചെയ്യണം ക്ഷണം നീ.

ജവമൊടു വിജയപ്രഭാവമേകും
തവ പദസേവനമാചരിച്ചൊടുക്കം,
ശിവശിവ, ഹതകണ്ണനാകിലും, ഞാൻ
ഭവഭവനേശി; ത്രിലോമപാത്രനായി!

* ഇവനറിയരുതംബ, മേലിലെന്നോ,
തവ കണവൻെറ കചങ്ങൾതൻ ഗുണത്തെ?
അവയൊടു ചിലവേള ചേൎച്ചകോലും
ഭവരുണാംഘ്രി ഭജിച്ചതിങ്ങിതിന്നോ?

പലപൊഴുതുമുമേ, ഗുണോത്തരശ്രീ-
വിലസിന നിൻപദമോടിണങ്ങിയാലും,
അലമപഗുണമായിതോ ഹരൻതൻ
തലമുടിയെന്നിവനോൎത്തുപോം ചിലപ്പോൾ!

നിരവധിത, വിഭുത,യെന്നിവററിൽ-
പ്പരമചിദാത്മികയായ നിൻെറ സാമ്യം
ചിരമുടയ നഭസ്സു നിൻകിടക്കി-
ത്തരമൊരു നിൎഗ്ഗുണമട്ടമാന്നിരിയ്ക്കാം!

---

* ശിവൻ വ്യോമകേശനെന്നും, ആകാശം ശബ്ദഗുണകമെ ന്നും പ്രസിദ്ധം. ചിലവേള=പ്രണയകലഹസമയങ്ങളിൽ.

Digitized By Kerala Sahitya Akademi

അനുപധി ഗുണഹാനി വാനിനേകി
തന്തരമാം തവ മദ്ധ്യമെന്നു, പണ്ടേ
അനുപമകവിവര്യവാക്കു കേൾപ്പു-
ണ്ട,നുഭവസിദ്ധമെനിക്കതിപ്പൊഴാര്യേ!

ഭവദനഘചരിത്രഗാനമാനോ-
രിവനൊര'പശ്രുതി'യെന്ന കേട്ട പററി;
ധ്രുവമുടനവതാളവും പിണഞ്ഞു;
തവ മതമിപ്പടിയോ നടേശജായേ!

ദുരുപദശമഗദാത്തനാമെനിക്കു-
ള്ളരുതരസങ്കടമാരൊടോതിടേണ്ടു?
ചിരുതെഴമവിടുന്നൊഴിഞ്ഞിവന്നി-
ല്ലൊരു പരദേവത; പാഹി പാഹി നാഥേ!

ഉലകിതു സുഖദുഃഖമിശ്രമെന്നായ്-
പ്പലരുമുരപ്പതസത്യമല്ലയെങ്കിൽ,
ചില സുഖശകലങ്ങൾ വല്ലപോതും
കലരുവതിന്നവകാശമില്ലയോ മേ?

ഹരി മുതലൊരു പേർവരെയ്ക്കുമുള്ളോ-
ക്കരിയ സുഖം വിഭജിച്ചു നല്കിടുമ്പോൾ,
ദുരിതഭരിതനാമിവൻെറ കാര്യം
ഗിരിശകുടുംബിനി, നീ മറന്നിരിക്കാം!

പെരുവഴി പിഴയാത്ത ലോകയാത്ര-
യ്ക്കൊരുവിധവും വിരുതില്ലെനിക്കു പണ്ടേ;

Digitized By Kerala Sahitya Akademi

കരു പുനരപി കുനിലാന്നവൻ പോ-
ലൊ,രു ചെവിപൊട്ടനായി ഞാനിദാനീം!

തരമടിയന ലൌകികത്തൊഴിൽക്കെൻ-
പരമശിവേ, കുറവായിവന്നുവല്ലോ;
ചിരമിനി വിജനത്തിൽ വാണു നിൻതൃ-
ച്ചരണനിഷേവണമൊന്നുതന്നെ പോരും.

വിലപിതമിദമെന്തിനി?-ജ്ഞനർത്ഥം
പലതിനിയും വരുമെങ്കിൽ വന്നിടട്ടേ;
അലഘുസുഖകരം മഹേശി, നിങ്കാ-
ലലരിവനപ്പൊഴുതേറെയോക്കുമല്ലോ!

കദനമഖിലവും കളഞ്ഞിടും ത്വ-
ൽപ്പദഭജനത്തിനാസ്ഥ നല്കമെങ്കിൽ,
ഗദഹരർ പറയുംവിധം ശിവേ മൽ-
ഗദമിതു പാവനമെന്നുതാനുറയ്ക്കാം.

സ്വയമഹ ചെവിപോലെ മററു നാലി-
ന്ദ്രിയവുമിവന്നു വിനഷ്ടമാകിലാട്ടേ;
ഭയശമകരി, ചിത്തമങ്ങയിൽത്താൻ
നിയതമുറയ്ക്കു,ണ,മെങ്കിൽ ഞാൻ കൃതാർത്ഥൻ.

പുരമഥനപുരന്ധ്രി; പുണ്യലക്ഷ്മീ-
പുരടമണിപ്പുരയായ്,പ്പുരാണമായി,



Digitized By Kerala Sahitya Akademi

പരസുഖമയമായ നിൻസ്വരൂപം
കരളിലിരിപ്പവനല്ലലെന്തു പിന്നെ?

ഇവനുടലിതു നിത്യമെന്നുറച്ചീ
ശ്രവണഗദക്ഷതി നേർന്നിടുന്നു കഷ്ടം;
ഭവതി കനിയുകിൽശ്ശമിയ്ക്കുമല്ലോ
ഭവദയിതേ, ഭവമൃത്യുബാധപോലും!

വിരവിലിവനെ നീ മൃഡാനി, വീണ്ടും
നരകനടുക്കുഴിയിങ്കൽ വീഴ്ത്തിയാലും,
സുരവരപുരിയിൽക്കരേറ്റിയാലും
ചരണയുഗം തവ കൈവിടാ ദൃഢം ഞാൻ.

മലർശരവൈജയന്തി, മഞ്ഞി-
ന്മലയുടെ മഞ്ജുളമംഗളക്കുരുന്നേ,
മലയജമഹനീയമന്ദഹാസാ-
മലവദനേ, ജയ മാമകാംബേ!

ചലദുരസിജഭാരതാരഹാരേ,
തിലകരുചിദചിദ്ഗുണാന്ദനാംശുപൂരേ,
ജലജശരവിരോധിഭാഗ്യധാരേ,
വിലസുക മേ ഹൃദി വിശ്വവൃക്ഷവേരേ!

തിലവിതതിയിലെണ്ണയെന്നതിന്മ-
ട്ടുലകിതിലൊക്കയുമുള്ളിലും പുറത്തും
വിലസുകിലുമസംഗയായ നിന്നെ-
പ്പലവഴിയായ്ത്തിരയുന്നു പണ്ഡിതന്മാർ.

Digitized By Kerala Sahitya Akademi

അരനിമിഷമഖണ്ഡശക്തിയാം നിൻ
വിരഹമതേല്ക്കുകിലപ്പൊഴിപ്രപഞ്ചം
പരവശമൊരു ചേഷ്ടയും പെടാതേ
ഹര, ഹര, ചിത്രഗതാഭമാകമല്ലോ.

കുലശിഖരികുമാരികേ, നിനക്കീ-
യുലകു കളിപ്പുരതന്നെയാണശേഷം:
പലപൊഴുതിതു തീർത്തു, കാത്തൊടുക്കം
വിലയമണച്ചു രസിച്ചിടുന്നു നീ താൻ.

അധനതയണയുന്നു വൻപണക്കാ-
ർക്ക,ധമനൊരുത്തമനായ്ച്ചമഞ്ഞിടുന്നു;
വിധമഖിലമനുക്ഷണം പകർന്നീ-
വിധമിഹ കാണ്മതുമംബ, നിൻ പ്രയോഗം!

അഹിതപരനനാമയാഢ്യനായും,
വിഹിതഹിതൻ വിവിധാർത്തിപാത്രമായും,
മഹിയിൽ മരുവിടുന്നു; ഹാ, ശിവേ, നിൻ
മഹിതതരം മറിമായമാരറിഞ്ഞു?

അലഘുതരവിലാസശീലയാം നീ
സുലളിതരൂപിണി, നന്ദഗോപകന്യേ,
നലമൊടു ഭവമായ പമ്പരത്തെ-
പ്പലവിധമിട്ടു തിരിച്ചിടുന്നു നിത്യം.

ബത, ബഹുവിധകർമ്മബദ്ധരായ-
ച്യുതഗിരിശാദികളും പ്രപഞ്ചദുഃഖം

Digitized By Kerala Sahitya Akademi

സതതമനുഭവിച്ചിടുന്നു; പിന്നീ-
ടിതരശരീരികളെന്തു ഹാ, നാഥേ!

അഗദത വരുവാനു,മാത്മബോധം
വിഗളിതവിഭ്രമമുത്ഭവിച്ചുവാനും,
നിഗമശതനിലീനയായ നിങ്കൽ-
ബ്ഭഗവതി, ഭക്തിഭരം ഭവിയ്ക്കണം മേ.

നവനിധിപതിയാം വെറും ദരിദ്രൻ,
കവനവിദഗ്ദ്ധത മൂകനും കിടയ്ക്കും;
ഭവതിയിലൊരു ഭക്തിലേശമാന്നാ-
ലവനഖിലേഷ്ടവുമംബികേ, കരസ്ഥം!

ഇടരൊടുമൊരു ഭിക്ഷുപോലവേ പ-
ണ്ടടവികൾ ചുററിന രാമ,നാദിമായേ,
കടലിനു ചിറയിട്ടു പെന്നു വൈരി-
പ്പടകളെ വെന്നതു നിൻപ്രസാദലേശം.

നിരവധിമദമത്സരാദിയാദോ-
നിരകൾ നിറഞ്ഞ ഭവാബ്ധിയെക്കടപ്പാൻ
നിരയഭയനിഹന്ത്രി, യാനപാത്രം
നിരഘഭവൽപദഭക്തിമാത്രമത്രേ.

ഭയഭരകരബന്ധമാം ഭവാഖ്യ-
ക്കയറിനു വാൾ ഭവദംഘ്രിഭക്തിയല്ലോ;
ഉയരെ വിലസിടുന്ന മുക്തിസൌധം
കയറുവതിന്നിതുതന്നെ തക്ക കോണി.

Digitized By Kerala Sahitya Akademi

നിരവധികസുഖൈകഹേതുവാകും
സ്ഥിരതരഭക്തി വിശേഷമാക്കു നിന്നിൽ,
ഹരസഹചരി, നാകലോകവും ദു-
ന്നരകവുമാ നരമുഖ്യനൊന്നുപോലെ!

മമ ജനനി, മനത്തടത്തിൽ നട്ടോ-
രമലഭവൽപദഭക്തികല്പവല്ലി
സുമധുരഫലമേന്തുമാറപാസ്ത-
ക്ലമമിഹ തൂകുക സൽകൃപാമൃതം നീ.

അഖിലശുഭദയാം വിരക്തിയാകും
സഖി പരിചര്യ്യകളം ചെയ്തതേററജസ്രം
സുഖിതയൊടിററ ഭക്തിയായ പൊയ്ത്താർ-
മുഖിയൊടുമൊത്തു രമിപ്പനംബികേ, ഞാൻ!

കർമ്മജ്ഞാനസമാഖ്യയോഗയുഗള-
ത്തെക്കാളനായാസമായ്-
ശ്ശർമ്മം ചേർപ്പതു ഭക്തിയോഗവിധിയാ-
ണെന്നാണു, വിദ്വജ്ജനം
മർമ്മം കണ്ടുരചെയ്തതൊ;— ട്ടലിവൊടെൻ-
വിശ്വേശ്വരി, നിശ്ശേഷദു-
ഷ്കർമ്മക്കാടിനൊരഗ്നിയാമതടിയ-
ന്നായത്തമാക്കേണമേ!

## 39. അത്യാഹിതം

(കേക)

കണ്ണീരിലൊഴുകിപ്പോ-
കാത്തൊരു ദുഃഖമിതി,-
പ്പുണ്ണിനു മരുന്നില്ലീ,-
യല്ലിനില്ലുഷഃകാലം:
ഹാ, കൈകളിതാ നീട്ടി
സംഹാരരുദ്രൻ സൈ്വരം
ലോകൈകമാന്യൻേറയും
ദേഹഭസ്മത്തിന്നായി!

ത്യാഗമേ ബാല്യംതൊട്ടു
ശീലിച്ചു ശീലിച്ചാത്മ-
ത്യാഗവും ചെയ്താനിന്ത്യ-
യ്ക്കേകനേതാവദ്ധീരൻ;
ആഗതമത്യാഹിതം!
കാമവർജ്ജിതകർമ്മ-
യോഗമേ, തവ സ്ഥിതി
ഗീതയിൽമാത്രമിനി!

Digitized By Kerala Sahitya Akademi

സ്വാതന്ത്ര്യലാഭോപായ-
ചിന്തയാൽ വിയർക്കവേ
മാതാവിൻ മൃദുനെററി
മാർജ്ജിതതിലകമായ്;
പെട്ടെന്നു സൌമംഗല്യ-
മുദ്രയോടയ്യോ, വേറ-
പെട്ട തൻതിരുമുഖ-
ത്തെങ്ങിനെ നോക്കും നമ്മൾ?

കല്ലോലം കൊടുംകാററ-
ത്തിരമ്പിമറിയുന്നു;
കപ്പലോ കടലിൻെറ
നേർനടുക്കുഴലുന്നു;
കർണ്ണധാരരിൽ മുഖ്യ-
നിദ്രശാന്തരത്തിൽത്താൻ
കണ്ണടയ്ക്കണമെന്നോ
കല്പിച്ചു ഹതവിധി!

സ്നേഹരാജസൂയാനു-
ഷ്ഠാനത്താൽ സുകൃതിയ-
ദ്ദേഹമീ നാട്ടാർക്കെല്ലാം
രാജരാജനായ് വാണു;
ഹേ ബാലഗംഗാധര-
തിലക, സ്വാമിൻ, ചിരാ-
ലാബാലവൃദ്ധം ലോക-
രങ്ങയ്ക്കു വശംവദർ!

Digitized By Kerala Sahitya Akademi

പൊൽത്തിരുമുടിചൂടാ-
 പ്പെരുമാളങ്ങനന്ത്യ-
മെത്തയാക്കിയ ചിത-
ത്തട്ടിലാളിന തിയ്യം,
തപശ്ചിയോഗോത്താപത്താൽ
വേകുമപ്പൊത്തല്ലൊരു
പുത്തനാം ഫുല്ലാശോക-
കുഞ്ജമായത്രേ തോന്നീ!

കേസരി ചതിക്കൂട്ടിൽ-
പ്പെട്ടുപോകിലു,മൊരു
കേസരിതാനെന്നായു്-
കേസരി ഭവാൻ കാട്ടി:
അത്തുറുങ്കിലും തവ
ജ്ഞാനമാം തങ്കപ്പക്ഷി
വിസ്തൃതാകാശത്തിൽപ്പോ-
ലവിഘ്നം വിഹരിച്ചു.

ഇന്ത്യതൻ മുക്തിയ്ക്കുള്ള-
നൽപ്പക്ക ബന്ധാഗാരം
മന്ത്രദർശിയാമൊരു
യോഗിതൻ ഗുഹയായീ!
ധർമ്മരക്ഷണോദ്യോഗ-
ദുഃഖമേ തവ സുഖ!—
ധർമ്മയ്ക്കായ് മരിയ്ക്കൽതാൻ
ജീവിതം തവ വിഭോ!

Digitized By Kerala Sahitya Akademi

ആതങ്കലേശം കൂടാ-
താനന്ദഭരിതനാ-
യാഷ്ഗാഥകൾ പാടി-
ക്കൊണ്ടു തന്തിരുമേനി,
ആലയോദ്യാനത്തിലേ-
യ്ക്കുന്നപോലത്രേ, പുന-
രാഗതിയില്ലാത്തേതോ
ദിക്കിലേയ്ക്കെഴുന്നള്ളീ!

അല്ലെങ്കില, വിട്ടത്തെ
നാട്ടിലെസ്സാമാന്യത-
മന്തകപാശം കളി-
പ്പൊന്നുഴിഞ്ഞാലായ്ക്കാണ്മോർ!
സൽഗുരോ, ഭവാനുടെ-
യന്തിമശ്വാസത്തിൽനി-
ന്നുൽഗമിച്ചതും ദിവ്യ-
സൂക്തിസൌരഭമല്ലോ;

വീർപ്പിടും മാതാവിനെ-
യപ്പോക്കിൽബ്ഭവാൻ ചൊല്ലി-
ക്കേൾപ്പിച്ച 'യദാ യദാ-
ഹീ'ത്യാദിഗീതാപദ്യം
ഞങ്ങളെസ്സമാശ്വസ്ത-
രാക്കട്ടെ! കൃതാത്മാവാ-
മങ്ങയ്ക്കു സുനിർവ്വാണ! —
മങ്ങയ്ക്കു സുനിർവ്വാണം!

———

Digitized By Kerala Sahitya Akademi

# 40. മഗ്ദലനമറിയം

## II

താഴത്തേയ്ക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളേ, നിങ്ങൾ നിശ്ചലമായ്?
നിങ്ങൾതൻ കൂട്ടത്തിൽനിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ?

ഉവ്വി,താ, നക്ഷത്രംതന്നെയാം രൂപമൊ-
ന്നുർവ്വിയിലിപ്പുരവീഥിയിങ്കൽ,
അല്ലെങ്കിൽ മറ്റൊരു കൊച്ചുനിലാവിതാ,
മുല്ലപ്പൂപോലുള്ള തൂനിലാവിൽ!

ആരോ മനോഹരസർവ്വാംഗിയാമിവ-
ളാ,രോമലാൾക്കിത്ര വെമ്പലെന്തോ?
നീളെയുത്തുംഗമാം മാർത്തട്ടുലയുന്നു
തോളണിത്തൂവെള്ളച്ചേലയ്ക്കുള്ളിൽ.

കെട്ടഴിഞ്ഞോമനപ്പൃഷ്ഠഭാഗത്തേയും
പൃഷ്ഠനിതംബപ്പരപ്പിനേയും
മൂടിക്കിടക്കുന്നു, മുഗ്ദ്ധമാം കാർകുഴൽ
നീട്ടറ്റ നീലത്തഴയ്ക്കു തുല്യം;

Digitized By Kerala Sahitya Akademi

ഇക്കുരിരുൾച്ചുരുൾ തൊട്ടുഴിയുന്നിതോ
തൃക്കരംകൊണ്ടിരുൾ പോക്കും ചന്ദ്രൻ!

ഭവ്യപരിമളമൊന്നിതാ പൂത്തൊരു
ദിവ്യലതയിൽനിന്നെന്നപോലെ,
സുന്ദരിതങ്കൽനിന്നേററിടചേരുന്നു
ചന്ദനശീതളചന്ദ്രികയിൽ.

സ്ഫാടികപാത്രമൊന്നുണ്ടു വിളങ്ങുന്നു
പാടലമായ തൽപാണിയിങ്കൽ;
ഏറിയ ഭംഗ്യാ വിരിഞ്ഞ ചെന്താമര-
ത്താരിലൊരോമനമരാളംപോലെ.

ഏകയായേണാക്ഷി കാമുകസന്നിധി
പൂകുവാൻ പോവുകയായിരിയ്ക്കാം;
തൻപള്ളിവാളേന്തി പ്രച്ഛന്നമൂർത്തിയായ്
മുമ്പിൽ നടക്കുന്നുമുണ്ടാം പ്രേമം;
ഉല്ലസിയ്ക്കട്ടേ യഥേഷ്ടമായ് മന്മഥൻ
അല്ല,ഭിസാരികയല്ലിത്തന്വി:
ശങ്കയോ ഭീതിയോ തീണ്ടിയിട്ടില്ലല്ലോ,
തങ്കപ്പൂപോലുള്ള തന്മുഖത്തെ.
അല്ലായ്കിലീയഭിസാരികയ്ക്കാ വക
വല്ലായ്മകൾക്കില്ല ബന്ധമൊന്നും:
ഏവരുമാരെയഭിസരിയ്ക്കേണ്ണ,മ-
ദ്ദേവനെത്തേടിഗ്ഗമിപ്പോളിവൾ.

Digitized By Kerala Sahitya Akademi

കാമിനീമൌലേ, സമാശ്വസിച്ചാലും നീ,
കാമിതമെന്തിനിക്കൈവരേണ്ടൂ?
മിന്നി വിടർന്ന നിൻ മീനൊളിക്കണ്ണിനു
മുന്നിലായ് പുണ്യമാം സങ്കേതം തേ!

ശ്രീമോൻെറ വീട്ടിൽത്തുറന്നുകിടക്കുന്ന
പൂമുഖവാതിലപ്പൃഷ്ഠരാക്ഷി
ആകെ രോമാഞ്ചിതഗാത്രിയായ്ദ്ദർശിച്ചാൾ,
നാകത്തിൻ ഭാസുരദ്വാരംപോലെ.

വേഗം നിലച്ചു ഗതിയ്ക്കുവൾക്കാനന്ദ-
സാഗരയാം നദിയ്ക്കെന്നപോലെ.

ആകൃഷ്ടയായിതോ വീണ്ടും മുറ്റത്തിലൊ-
രാകല്പപാശത്താൽ മുന്നോട്ടവൾ,
ഏറെനാൾ,വേർപെട്ടിരുന്നിട്ട കട്ടിതൻ
ചാരത്തെയ്ക്കെത്തുന്നൊരമ്മപോലെ.
പേർത്തുമൽകണ്ഠിതയായ്ച്ചമഞ്ഞോ,രോരോ
കാൽത്തളിർവെപ്പിനാലഞ്ചുമാറും
വെൺകല്പടകൾ പിന്നിട്ടുകൊണ്ടഗ്ഗ്രഹ-
ത്തിങ്കലെയ്ക്കേറിനാൾ തിങ്കൾമുഖി.

പിന്നിലേയ്ക്കുന്തിയോ സിന്ധുവിൻ കല്ലോലം
തന്നിലണയും തരംഗിണിയെ!
വാതില്ക്കൽശ്ശങ്കിച്ചു നില്ക്കേണ്ടാ മുഗ്ദ്ധേ, നീ;
സ്വാതന്ത്ര്യമോടകത്തേയ്ക്കു ചെല്ലാം.
കെട്ട മാർഗ്ഗത്തിൽ നടന്ന നിൻ കാൽച്ചളി
മൃഷ്ടമായല്ലോ നിൻ കണ്ണീരാൽത്താൻ!

Digitized By Kerala Sahitya Akademi

## III

ദാരിദ്ര്യശുഷ്കമാം പാഴ്കുടിലൊന്നിലാ-
ണീ രുചിരാംഗി ജനിച്ചതത്രേ:
പാറപ്പുറത്തൊരു ഭംഗിയേറും പനി-
നീരലരുണ്ടായിതെങ്ങിനേയോ!

വാരുററ ശ്ലമണം വ്യാപിയ്ക്കുമാററു
താരുണ്യലക്ഷ്മി ചേൻല്ലസിയ്ക്കേ,
ആരും തിരിഞ്ഞുനോക്കാതിരുന്നാക്കുടിൽ
പൂരുഷന്മാൎക്കൊക്കെപ്പുമേടയായ്!

സ്വാൎത്ഥൈകതൽപരന്മാരവർ കാമത്തിൻ
പൂൎത്തിയ്ക്കാപ്പൃഷ്ടത്തെച്ചേററിൽ വീഴ്ത്തി;
തേവിടിപ്പെണ്ണാക്കിത്തീൎത്താരവരൊ,രു
പാവമാം കൊച്ചുസഹോദരിയെ:
സ്വച്ഛമാം ലോകസരസ്സിന്നടിത്തട്ടി-
ലിച്ചേർ നിറപ്പതു മാനുഷൻതാൻ!

സൎഗ്ഗകൎത്താവിവൾക്കാവോളമേകിനാൻ
സ്വൎഗ്ഗലോകത്തിലെസ്സൌന്ദൎയ്യത്തെ;
എന്നാലസ്സൽഗ്ഗുണംതന്നെയിത്തന്വിയെ-
ദ്ദുൎന്നരകാന്തത്തിൽത്തള്ളിവിട്ടു.

ആദിഘട്ടങ്ങളിലീ വിടാരാധനം
നീതിയല്ലെന്ന നിഷേധശബ്ദം

Digitized By Kerala Sahitya Akademi

ചേതസ്സിൽനിന്നുദിച്ചേശിയിരുന്നു, പൊൻ -
കൈതപ്പൂമെയ്യാളാംതൻ കണ്ണൂത്തിങ്കൾ;
കാലക്രമാലതു കാമുകസ്തോത്രോക്തി -
ജാലനിർഘോഷത്തിലാണ്ടു പോയ്പോയ്!

ദാരിദ്ര്യപീഡയാൽ വാടുമൊരുത്തിതൻ
ചാരിത്രഭ്രംഷയൊന്നെത്രവേഗം
വിശ്ലേഷിപ്പെടുകയില്ലാ, വശ്യക്കാരുടെ
വിഖ്യാതി മേൽക്കുമേൽ വന്നു വീഴ്കേ!

കാർമുകിൽവേണിതൻ ചുറവുമേ കാണായി
കാമുകരപ്പിരിശ്ശുമാമാടകം,
തന്മെയ്യാം കാഞ്ചനവല്ലരിമേൽനിന്നു
ചെമ്മേ പൊഴിയുന്ന പൂക്കളെംപോലെ.

മന്മഥശില്പത്താൽദ്ദീപ്തമിവളുടെ
മയ്ക്കണ്ണൻമുനയാലുള്ളോരോ നോട്ടം
ന്തുവന്നുറിന്ദ്രനീലാപ്യുരതാത്തില്യ -
മേറേ വിലപ്പെട്ടതായിരുന്നു!

ലോകത്തിനൊക്കെയും പാല്പൂഴമ്പായ്ത്തോന്നു -
മേകമാം പുഞ്ചിരിത്തെല്ലിനാൽത്താൻ,
ലോലായതാക്ഷിതൻ പുൽമാടം പെട്ടെന്നു
കൈലാസംപോലുള്ള മാളികയായ്!

ഒന്നല്ല പത്തല്ല ചില്ലീലതാഞ്ചല -
മൊന്നനങ്ങുന്നതും കാത്തുനില്പോർ;

Digitized By Kerala Sahitya Akademi

കുംഭിസഞ്ചാരിണിയ്ക്കേന്തിതിലപ്പുറം:
കുംഭിനീനാഥരും കുംഭദാസർ.

കൊററിനുഴക്കരി കാണാതിരുന്നവൾ
കൊററക്കുട ചൂടും റാണിയായി:
ഹന്ത, സൌന്ദര്യമേ, നാരിതൻ മെയ്ചേന്നാ-
ലെന്തെന്തു സൌഭാഗ്യം സാധിയ്ക്കാ നീ?

Digitized By Kerala Sahitya Akademi

## IV

ഏവമസ്സമ്പത്തിൻ സ്വപ്നോപധാനത്തിൽ-
ക്കാൽവെച്ചുറങ്ങുമിക്കാമിനിയെ
മെല്ലവേ മെയ്തൊട്ടുണർത്തി യദൃച്ഛയാ,
നല്ല കാലത്തിന്റെ നിശ്വാസങ്ങൾ:

പൂന്തേനിൻ തുള്ളിപോലെങ്ങുനിന്നോ കുളിർ-
പ്പൈന്തെന്നലെത്തിച്ചൊരായുഷ്യസൂക്തം
കണ്ണു മിഴിപ്പിച്ചു ചുറ്റുമേ നോക്കിച്ചു
കണ്ണാന്തവിശ്രാന്തലോചനയെ.

ക്രിസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശമാം
നിസ്തുലകോമളവേണുഗാനം
ഏതോ സ്വനഗ്രാഹിയന്ത്രത്തിൽനിന്നാവിർ-
ഭൂതമായ്ത്തൻചെവി പൂകിയാറേ,
വൃന്ദാവനത്തിലെ മാൻപേടപോലെ നി-
ഷ്പന്ദമായ് നിന്നു മുഹൂർത്തമിവൾ:

രക്ഷസ്വ ചാരിത്രമെന്നൊരാറക്ഷരം
നക്ഷത്രംപോലതാ, തത്ര മിന്നി!
സാരം ഗ്രഹിച്ചിവൾ തൻ ജീവിതാധ്യായ-
മോരോന്നും വായിച്ചുനോക്കുകയായ്;

ചാരിത്രമെന്നൊരു വാക്കതിൽക്കണ്ടീല
നാരിപ്പൂന്തയ്യാ, നടുങ്ങിപ്പോയി!

Digitized By Kerala Sahitya Akademi

പാതാളക്കണ്ടിൽനിന്നമ്മണിപ്രാസാദ-
മേതൊന്നിലൂടെയാരൂഢയായ് താൻ,
ആക്രോണി മാഹേന്ദ്രനീലനിബദ്ധമ-
ല്ലൊ,ക്കെക്കരിംചളിക്കട്ടകളാൽ
കെട്ടിപ്പടുത്തതാണെന്നുള്ള വാസ്തവം
കട്ടിനീമൌലിയ്ക്കു ബോധപ്പെട്ടു.

ശാരദപൌർണ്ണമീചന്ദ്രബിംബത്തോടു
കേറിക്കയെത്ത തൻ കേളീസൌധം
ബന്ധുരഗാത്രിയ്ക്കു ഭീഷണമായ്ത്തീർന്നി-
ത,ന്ധതാമിസ്രപ്രദേശംപോലെ.

തത്ര പലേടം തുറന്നു കിടക്കുന്ന
ചിത്രശില്പങ്ങളാം വാതിലുകൾ
തന്വിതൻ കണ്ണിനു, തിന്നും നരകങ്ങൾ
മുന്നിൽ പിളത്തിയ വായ്കളായി!

അന്നത്തിൻ തൂവൽ നിറച്ചണിക്കട്ടിലിൽ
മിന്നുന്ന പട്ടുകിടക്കയെല്ലാം
കൂർത്തുമൂർത്തീടിന കാരിരുമ്പാണികൾ
തൂർത്തുതറച്ചുള്ളൊന്നായിത്തോന്നീ.

മെച്ചമിയന്ന പൊൻപഞ്ജരംതന്നിലെ-
പ്പച്ചമണിക്കിളിപ്പെൺകൊടിയാൾ,



Digitized By Kerala Sahitya Akademi

'കൊച്ചുമോ കൊച്ചുമോ, ന്യൂവരാററ'നെ-
ന്നാച്ചരിയ്ക്കുന്ന കളാലാപമോ,
ഉഷ്ണതരക്ഷവസ്സിൻ തീക്ഷ്ണാട്ടഹാസത്തെ-
യിക്കണ്ണുതതിങ്കലടിച്ചുകേററീ!

സ്ഫാടികവിസ്തൃതവാതായനങ്ങളിൽ
മോടിയ്ക്കു തൂക്കിയ നീരാളങ്ങൾ,
ഭ്രാന്തമിളിന്ദമാം പ്രാന്തമലർത്തോപ്പിൽ-
ത്തേൻതുള്ളി ചിന്നിച്ച തെന്നലോട്ടേ
നേക്കിളകീടിന ദീർഘഞെറികളാൽ
'നോക്കിക്കോ' എന്നിവളോടു ചൊല്ലീ.

പൊൻപിടിത്താലവൃന്തങ്ങളാൽ വീശാനോ
ചെറവടത്തണ്ടാർ തലോടുവാനോ
മററു ശുശ്രൂഷകളാദരാൽച്ചെയ്യാനോ
ചുററും തൻ വേലക്കാർ വന്നു നില്ക്കേ,
ചൂടു പരത്തുന്ന ചെറാപ്പിശാചുക്കൾ
ചൂഴററപോലിവൾ ചൂളുകയായ്.

വന്മരുഭൂവൊന്നായന്നു പരന്നിതു
തന്മനോരാജ്യത്തിൽ നാലുപാടും;
പച്ചയായൊന്നുമില്ലങ്ങു പ്പുറവാകെ-
യുച്ചവെയിലേററെരിഞ്ഞുജ്ജ്വലിച്ചു.

രാജയോഗ്യങ്ങളാം ഭോഗ്യങ്ങളൊക്കെയും
യോജിച്ച കാഞ്ചനകപ്പലേററി,

Digitized By Kerala Sahitya Akademi

പോക്കണംകെട്ട പൈശാചികയിവളെയ-
ത്തീക്കടൽമധ്യത്തിൽക്കൊണ്ടുതള്ളി!

ആളിന തിയ്യിൽനിന്നുത്ഥിതരായ് ചില
കാളായസാംഗന്മാർ കൈകൾ നീട്ടി,
ആഞ്ഞുപിടിച്ചു പല്ലുനായിത്തൻ നേർക്കു
പാഞ്ഞെത്തുതായുമിവൾക്കു തോന്നി.

മാറിയൊഴിഞ്ഞെങ്ങു പോകേണ്ടു? സങ്കട-
മാരോടു ചൊല്ലേണ്ടു തമ്പുരാനേ?
ഏറ്റം പൊറുതി കാണാതിവളങ്ങൊരു
പൈതലെപ്പോലെ വാവിട്ടു കേണു:
കേഴുക, കേഴുക, മാന്യേ, മറിയമേ:
'കേഴവോർക്കാശ്വാസമേകുമീശൻ!

ധീരസംഹസ്രത്തെ ലീലയാ കേഴിച്ചു
നീരലർക്കണ്ണിണ ഭൂക്കും ബാഷ്പം,
ഏതോ വിശിഷ്ടമാം തീർത്ഥനീർപോലെയി-
പ്പാതകഭീതയെപ്പൂതയാക്കി.

ആശ്ശു മറ്റെല്ലാം മറന്നിവൾക്കാശയം
യേശുമഹേശനിൽച്ചെന്നുപറ്റി:
'ഭാരാർത്തിതർക്കെല്ലാമത്താണി ഞാ'നെന്നു
നേരായ്ക്കുറിച്ചു കൃപാലുവെന്ന്യേ
ആർ പരമാശ്രയം പർവ്വതം പോലുള്ള
പാപം ചുമക്കുമിവൾക്കു പാരിൽ?

Digitized By Kerala Sahitya Akademi

ഏവം മലീമസചര്യയിൽനിന്നിവൾ
ദേവവിശ്വാസത്തിലെത്തിച്ചേർന്നു,
കൂരിരുട്ടേറിയ രാവും ക്രമത്താലേ
സൂരൻെറ തേജസ്സിൽപ്പോയ് ലയിച്ചു!

താനന്നു നേടിയ വിത്താമൊട്ടുക്കുടൻ
ദീനജനങ്ങൾക്കായപ്പിച്ചിവൾ
താപസംഹാരത്തിനീശനെദ്ധ്യാനിച്ചു
താപസവൃത്തിയിൽ വാഴ്ചയായി.

പില്ലാടുമൊട്ടുനാളെയ്യു, വിടന്മാർതൻ
സസ്പൃഹവീക്ഷിത,മിപ്പൂമെയ്യിൽ
വന്നേററു നോവിച്ചിരുന്നു കഠോരമാം-
വണ്ണം, കവിണക്കല്ലേറുപോലെ.

ഇന്നലെ നാം കണ്ട തേവിടിപ്പെണ്ണല്ലി-
തി,ന്നിവൾ ചാരിത്രചാരുമൂത്തി;
ഒററനാൾകൊണ്ടൊക്കെ മാറിമറിഞ്ഞിവൾ
മറെറാരു ജന്മം ജനിച്ചപോലായ്!
മത്ത്യനെക്കീഴ്പ്പോട്ടു തള്ളുന്നതായാൾതാൻ
മററാരുമല്ല കരേററുന്നതും.

Digitized By Kerala Sahitya Akademi

# 41. അച്ഛനും മകളും

"ഗുരുപാദരെക്കണ്ടു
        വന്ദിപ്പാനവസര-
മറിഞ്ഞു വരിക, പോയ്
        വത്സ, നീ നീ ശുനശ്ശേഫ;
ഞാനിങ്ങീയശോകത്തിൻ
        തണലിൽനില്ക്കാ"മെന്നോ-
രാനകമന്ദ്രസ്നിഗ്ദ്ധ-
        സ്വരമാകിയ സൂക്തം,

പോക്കുവെയിലേശിസ്സ്വർണ്ണ-
        മുരുക്കിയൊഴിച്ചതു-
പോലവേ മിന്നും ഹേമ-
        കൂടശൈലത്തിൻ പാർശ്വേ,
കശ്യപാശ്രമക്കാട്ടി-
        ലൊരിടത്തപരാഹ്ന-
നിശ്ശബ്ദസ്ഥിതി ഭഞ്ജി-
        ച്ചുദിച്ചു പണ്ടേകദാ.

Digitized By Kerala Sahitya Akademi

നതനാ സുശിഷ്യനെ-
യയച്ചാത്തപസ്സ്യിയാ-
മതിഥിയശോകത്തിൻ
തണൽപൃക്കപ്പോഴെയ്ക്കും,
"ഞാൻ കാട്ടിത്തരാമേ മു-
ത്തച്ഛനെ"യെന്നങ്ങൊരു
തേൻകൊഞ്ചൽ തൂകിപ്പാഞ്ഞു
ചെന്നാനങ്ങൊരു ബാലൻ.

ഇത്തങ്കക്കിടാവാര,-
ക്കശ്യപഭഗവാനെ
മുത്തച്ഛനെന്നു വിളി-
ച്ചീടുവാൻ, ജയന്തനോ?
വാനോർകോനുടെ പുത്ര-
ണിത്രയല്ലല്ലോ പ്രായം;
മാനുഷപ്രഭാവമാ-
ണിവനിൽക്കാണുന്നതും.

ആരിതെന്നാരായാന-
ല്ല,വനെച്ചിക്കെന്നു തൻ-
മാറത്തൊന്നണപ്പാനാ-
ണിച്ഛിച്ചതൃഷിപ്രൌഢൻ.
സാഹസക്കാരൻ പൈത-
ലാ വിമുക്തനെ വീണ്ടു-
മൈഹികത്തിലെയ്ക്കത്താ,
വലിച്ചതാഴ്ത്തീ ക്ഷണാൽ:

Digitized By Kerala Sahitya Akademi

കുനിഞ്ഞു വാരിയെടു-
ത്തുണ്ണിയെപ്പുണ്യാകാരൻ
കനിഞ്ഞു കെട്ടിപ്പുണർന്നാൻ
പെരിയ ബാഹുക്കളാൽ;
ലസിച്ചു മാൻതോലേറാ-
പ്പിട്ട തന്മാറിൽപ്പൊങ്ങു-
ന്നത്യസിതാകാരോദ്ദേശ-
ത്താതിരത്താരം പോലെ.

തോളം വരെ ഞാന്നു കുറു-
കുന്തളം ലീലായാസ-
ത്തുവിയർപ്പിങ്കൽപ്പതി-
ഞ്ഞിരുന്നതൊരു കയ്യാൽ
സാവധാനമായി മാടി-
നീക്കിയക്കുഞ്ഞിൻ കവിളം-
പ്പൂവോടു ചേർത്താൻ, താടി
നീണ്ട തന്മുഖം ധന്യൻ.

നേത്രരഞ്ജകമായി-
ത്തിളങ്ങീ തമ്മിൽച്ചേർന്നാ-
ക്ഷാത്രതേജസ്സിൻകുമ്പം
ബ്രാഹ്മതേജസ്സിൻകാമ്പും.
അപരിചിതത്തോളി-
ലാശങ്കം തല ചായ്ച്ചാ-
നറിയപ്പെടാത്തോതോ
ചേച്ചിയാൽപ്പോലെ ബാലൻ.

Digitized By Kerala Sahitya Akademi

മറെറാരു മുത്തച്ഛൻെറ
ലാളനമനുഭവ-
പ്പെട്ടതായിട്ടോ തോന്നീ
ഹൃഷ്ടനാമവന്നപ്പോൾ!
അഥവാ ബാലക്കുണ്ടോ
സ്വാചരവ്യത്യാസങ്ങൾ?
മൃദുവാം കയ്യേതിന്നും
തലോടാമപ്പൂക്കളെ.

ഞാനൊന്നു ചോദിയ്ക്കട്ടെ
സാദരം മഹാമുനേ:
ധ്യാനത്തിലുൾച്ചേരുന്നാ-
സ്സച്ചിദാനന്ദം താനോ,
മാനിച്ചീയിളംപൂമെ
പ്പുല്ലലിലുളവായൊ-
രാനന്ദമിതോ ഭവാ-
ന്നധികം സഗാസ്വാദ്യം!

മീലിതാക്ഷനായ് മുനി
ബാലസംശ്ലേഷസുഖാൽ;
ബാലനോ, കിഞ്ചിദ്ദ്രുര-
ഗാക്ഷനായ്,ച്ചിരിക്കുട്ടി
'അമ്മേ, ഞാനിതാ,'എന്നു
വിളിച്ചുചൊന്നാൻ; പെട്ടെ-
ന്നമ്മണിനാദം കേട്ട-
ങ്ങണഞ്ഞാളൊരു തന്വി:

Digitized By Kerala Sahitya Akademi

മുഷിഞ്ഞ വസ്ത്രങ്ങളും,
മെടഞ്ഞ വാർക്കുന്തലും,
മെലിഞ്ഞ ലാവണ്യൈക-
ഭൂഷമാമുടലുമായ്,
അത്തലിൻ സ്വരൂപം പോ-
ലാ വന്ന യുവതിയെ
സ്നിഗ്ദ്ധമാം നയനത്താൽ-
ദ്ദർശിച്ച നിമിഷത്തിൽ

'മേനകേ, നിനക്കെന്തീ
മാററ'മെന്നേവം ചോദി-
പ്പാനാവാം മുതിർന്നു
മുനിതൻ തിരുമുഖം!
പിന്നീടിങ്ങനെയത്രേ
ചോദിച്ചു:— "സ്ഫുടസ്ഫുടാട്-
ച്ഛിന്നനാമിക്കുഞ്ഞിന്റെ-
യമ്മയാം നീയാർ വത്സേ?"

അമ്മകനിതിനിട-
യ്ക്കു, 'യ്യു്യ്യു, ചായം തേച്ച
മൺമയിലതാ, മാക്ക-
ണ്ഡേയങ്ക'ലെന്നും ചൊല്ലി
ബ്രഹ്മർഷിവക്ഷസ്സിങ്കൽ-
നിന്നൊരു ചാട്ടം ചാടി-
യമ്മതൻ പിടി വിട്ടു-
ത്തുഴറേറാടോടിപ്പോയാൻ.

Digitized By Kerala Sahitya Akademi

## II

ഉണ്ണിതന്നോട്ടം കണ്ടു
നെടുതാം വീർപ്പൊന്നിട്ടു
കണ്ണുനീരൊരുവിധ-
മടക്കിക്കണ്ണുംകൂപ്പി,

ഭക്തിയുമതിലേറെ
സ്നേഹവുമുൾക്കൊണ്ടാത്മ-
വൃത്താന്തമറിയിച്ചാ-
ളൃഷിയെസ്സുദൃത്തയാൾ:—.

"മുക്താത്മൻ, പിറന്നന്നോ
വനത്തിൽ മാതാപിതൃ-
ത്യക്ത ഞാൻ കണ്വർഷിയാ-
ലെടുത്തു പോററപ്പെട്ടോൾ,
മന്നനാം ദുഷ്യന്തനാൽ-
ഗ്ഗാന്ധർവ്വപരിണീത;-
യെന്നുടെ ജനകനോ,
വിശ്രുതൻ വിശ്വാമിത്രൻ."

"ഞാനോ!", വിസ്മിതനായ്പ്പോയ്
താപസൻ, തവ താതൻ
താനല്ലോ മുനിസുതേ,
നിന്നോടിസ്സംസ്സാരിപ്പോൻ:—.

Digitized By Kerala Sahitya Akademi

"ഹാ, ശരി, യോൎമ്മിച്ചേൻ:
നിന്നമ്മ മേനക—"തീൎന്നു-
ക്ലേശനാമവിടെയ്ക്കും
നീരുറന്നിതോ കണ്ണിൽ!

"ഞാനനുഗ്രഹീതയായ്
താതദൎശനത്താലെ"-
ന്നാനന്ദാകുലം കാല്ക്കൽ
വീണ നന്ദിനിയാളെ
സത്വരം പിടിച്ചെഴു-
ന്നേല്പിച്ചു നിറുകയിൽ-
പ്പുത്തനുറുകു ഗാഢം
മുകൎന്നാൻ മുനിവൎയ്യൻ.

തുടച്ചാനവളുടെ
കണ്ണുനീർ വലംകയ്യാൽ;-
ത്തടവിക്കൊണ്ടാൻ മന്ദം
പുറത്തു മറേറക്കയ്യാൽ;-
നൃപനാം ജാമാതാവിൻ
ക്ഷേമവുമന്വേഷിച്ചാൻ;
അപത്യവാത്സല്യമേ,
വശിയും വശഗൻ തേ!

"ഓമനേ, തവ പേരെ-
ന്നുണ്ണിതൻ പേരും ചൊല്ലു;
ഭൂമീശമഹിഷി നീ
വന്നതെന്തിനിക്കാട്ടിൽ?"

Digitized By Kerala Sahitya Akademi

ഉടനെ വീണ്ടും കംബു-
കണ്ഠിതൻ കണ്ഠത്തിൽനി-
ന്നിടറിപ്പുറപ്പെട്ടി-
തങ്ങൊരു വീണാക്വാണം:—

"പേരിട്ടാൻ ശകുന്തള-
യെന്നെനിക്കച്ഛൻ കണ്വൻ;
ധൂരിതസർവ്വദമ-
നാഭിധൻ ദൌഹിത്രൻ തേ.
അമ്മതന്നനുഗ്രഹാ-
ലിദ്ദിവ്യാശ്രമമല്ലോ,
വന്മാലിലാഴമെനി-
ക്കീറ്റില്ലമായിത്തീർന്നു!

ആശ്രമാൽ പ്രീത്യാ താത-
കണ്വനാലയയ്ക്കപ്പെ-
ട്ടാശയാ കൊട്ടാരത്തിൽ-
ച്ചെന്ന ഗർഭിണിയാം ഞാൻ—
സങ്കടം പൊറാഞ്ഞവൾ
തെല്ലിട തേങ്ങിക്കേണാൾ—
"സന്ത്യക്തയായേനല്ലോ,
സൌമ്യനാം കണവനാൽ."

പകർന്നു ഭാവം പെട്ടെ-
ന്നക്കാലരുദ്രാകാര-
ന്നു,തിർന്നു മിഴിയിൽ-
നിന്നെരിതീപ്പൊരി മേന്മേൽ;

Digitized By Kerala Sahitya Akademi

വളഞ്ഞു പുരികങ്ങൾ,
ചുളിഞ്ഞു ഫാർനെററിത്ത-
ട്ടി;-ളകീലിലായുമ-
ങ്ങ,ടങ്ങീ കാറെററമ്പാടും!

"ദുഷ്യന്തനവനാരെ-
ന്നാരോമൽക്കുമാരിയെ-
ദുസ്സഹാവമാനത്തിൽ-
ത്തള്ളിയിട്ടുയിർക്കൊൾവാൻ?
ഇക്കരമൊന്നേ പോരും
കാൽക്ഷണാൽ മനുഷ്യരെ
സ്വർഗ്ഗത്തിൽക്കരേററാനും,
നരകേ വീഴിപ്പാനും!
പൌരവൻ കേട്ടിട്ടില്ലേ
ത്രിശങ്കുഹരിശ്ചന്ദ്ര-
ന്മാരുടെയനുഭവം
കൌശികപ്രഭാവജം?
ഒരിയ്ക്കൽക്കൂടിയിതാ,
കണ്ടുകൊള്ളട്ടേ ലോകം,
ശരിയ്ക്കിഗ്ഗാധേയൻെറ
വൻതപഃപ്രതാപത്തെ!
തനിയേ വേട്ടിട്ടന്ത-
ർവ്വത്നിയാം സാധ്വസ്ത്രീയെ-
ക്കനിവററഹേതുവായ്
ത്യജിച്ച ദുരാത്മാവേ—"

Digitized By Kerala Sahitya Akademi

ബ്രഹ്മാവെ വിറപ്പിക്കത്ത്യാ
വരുത്തിച്ചാരേ നിത്തി
ബ്രഹ്മർഷിപദം ബലാൽ
വാങ്ങിയതെതൊന്നാലോ,

ആ വലംകരം, ക്രോധാൽ-
ച്ചുരുട്ടി നെഞ്ചിൽച്ചേർത്താ-
ണീ വചസ്സാരംഭിച്ചു-
തുഗ്രതപസ്വി വിശ്വാമിത്രൻ;
ആ മുഷ്ടി മുന്നോട്ടൊന്നാ-
ന്നെറിയപ്പെട്ടാൽത്തീർന്നു,
സ്വാമിവംശത്തിന്നൊട്ടു-
ക്കിടിവാളായ്പ്പോമല്ലോ.

എന്നാലാശ്ശാപാസ്ത്രത്തെ
രണ്ടുകൈകൊണ്ടും പിടി-
ച്ചു, "നിന്നെയോർത്തടങ്ങേണ-
മച്ഛനിങ്ങെ"ന്നാൾ മകൾ:—
"ഭർത്തൃനാശിനിയായി-
ത്തീരൊലാ ഭവൽപുത്രി,
നിർദ്ദയയായും തീരൊ-
ല്ലുഗ്രവൈധവ്യത്തീയാൽ;

അച്ഛനമ്മമാർ കാലേ
വെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ
ഭർത്താവുമെന്നേ വേണ്ടൂ!

Digitized By Kerala Sahitya Akademi

സുബഹിഷ്കൃതമായി-
        ക്കൊള്ളട്ടെയെൻജീവിതം;
സുതനും പുറത്തായി-
        പ്പോകൊലാ മമ ദോഷാൽ!"

പുത്രിതൻ കണ്ണീർകൊണ്ടു
        കോപാഗ്നി ശമിച്ചതി-
ലെത്രയും പ്രസന്നനാ-
        യഭിനന്ദിച്ചാനച്ഛൻ:—
"ഭദ്രം തേ, പിടിച്ചെന്നെ-
        ക്കരേററി നിൻനൈപുണ്യശീല്യം;
ഭർത്താവോടചിരേണ
        ചേർന്നാലും സപുത്ര നീ!"

Digitized By Kerala Sahitya Akademi

# 42. ഒരു കത്ത്

തിരു'ഭോജകട'ത്തിലാത്തനായ്
മരുവും രുഗ്മി വിദർഭനന്ദനൻ,
പുരുഷോത്തമപത്നി സോദരി-
യ്ക്കൊരു കത്തേവമയച്ചിതേകദാ:—

"പ്രിയസോദരി,—നിന്നെയേവമൻ-
പിയലുംമട്ടു വിളിപ്പതിന്നു ഞാൻ
ക്രിയമൂലമനർഹനാകിലും,
ദയ ചെയ്കീസ്സഹജന്റെ പേരിൽ നീ!

ഭുവനൈകപവിത്രിയാകുമാ-
ശ്ശിവതൻ സൽക്കൃപകൊണ്ടു, സാമ്പ്രതം
തവ ബന്ധുജനത്തിനൊക്കെയും,
ഭവതിക്കും, സതി, സൌഖ്യമല്ലയോ?

മഹിളാനികഷോപലങ്ങളാം
ഗൃഹിണീമാതൃവധൂപദങ്ങളെ
മഹിതസ്ഥിതിയിൽദ്ധരിച്ചുകൊ-
ണ്ടഹിതാഭാവമൊടല്ലി വാഴ്വു നീ?

Digitized By Kerala Sahitya Akademi

പുത്രവീരസുതപ്പിറപ്പിനാൽ-
ക്കതുകം ഭർത്തൃകുലത്തിനേററി, നീ,
അതുലോത്സവമായ് വസിയ്ക്കയാ-
ണിതുനാളെന്നിഹ വിശ്വസിപ്പു ഞാൻ.

ഒരുമട്ടു സുഖം നമുക്കുമെ-
ന്നൊരു സാധാരണവാക്കുരച്ചിടാം;
കരുണാവതി, വാസ്തവത്തിലീ,-
യൊരു പേർതന്നെ മറന്നിരിപ്പു ഞാൻ!

ഗുരുഭക്തിവിരുദ്ധവൃത്തിയിൽ-
പ്പെരുമാറാത്ത നിനക്കു, പണ്ടു, ഞാൻ
പെരുതപ്രിയമാചരിച്ചതോ-
ർത്തു,രുകുന്നു മമ ചിത്തമിപ്പൊഴും.

'പശുപാല'നിൽനിന്നു നിർണ്ണനം
'ശിശുപാല'കുലണച്ചുവെയ്ക്കുവാൻ
അശുഭോക്തികളെത്ര ചൊല്ലി, ഹാ
പിശുനൻ നിൻെറ മുഖത്തു നോക്കി ഞാൻ!

പടുകോമളമായ്, വിടന്ന പൂ-
വൊടു നേരാകിയ നിന്മുഖത്തഹോ,
കടുഭീഷണഭാഷണങ്ങളാൽ-
ച്ചുടുകണ്ണീർക്കണമെത്ര വീഴ്ത്തി ഞാൻ!

പലതും പരുഷങ്ങൾ ഞാൻ രുഷാ
പ്രലപിച്ചീടിലു,മപ്പൊഴൊക്കയും,
കുലകന്യകതൻ വിനീതമാം
നിലയിൽത്തന്നെയുറച്ചുനിന്നു നീ!



Digitized By Kerala Sahitya Akademi

വളവേറിയ ദുർവ്വചസ്സു ഞാൻ
വളരെച്ചൊല്ലിലു,മന്നൊരിയ്ക്കലും,
കളഭാഷിണി, നിന്മുഖത്തുനി-
ന്നുളവായീല മറുത്തൊരക്ഷരം.

ക്ഷമ, താഴ്മ, വിവേകമാദിയായ്-
സ്സമതേ, നിങ്കലെഴും ഗുണങ്ങളിൽ
കിമപി പ്രയുതാംശമെങ്കിലും
മമ തന്നീല ജഗൽപിതാവഹോ!

പഴതേ പഴി ഞാൻ പുലമ്പിടും-
പൊഴുത,സ്സൌമ്യമുഖം കുനിച്ചു, നീ
തൊഴുകയ്യൊടു നിന്ന നില്പതോ-
ത്തൊഴുകുന്നു മമ ചുട്ട കണ്ണുനീർ.

വരണോചിതമാം വയസ്സിൽ നീ
ചരണം വെച്ച ദിനംമുതല്ക്കുതാൻ,
ദുരദൃഷ്ടവശാലഹോ, സുഹൃൽ-
പരതന്ത്രൻ തവ വൈരിയായി ഞാൻ!

ദിവസംപ്രതി ശൈശവത്തിലു-
ത്സവമിങ്ങേററിയ നിന്നെ,യെപ്പൊഴും,
തവ താതനിലേറെയോമനി-
ച്ചവനാണീ പ്രണയാർദ്രനഗ്രജൻ.

മകളഗ്രജനെപ്പിരിഞ്ഞു, ത-
ന്നികടേ ചെല്ലു ചുരുക്കമാകയാൽ
അകളങ്കി പിതാവസൂയയാ-
ന്ന,കമേ തേടിയിരിയ്ക്കുമെൻെറ മേൽ!

Digitized By Kerala Sahitya Akademi

കുളിർപ്പുഞ്ചിരി തൂകിയും മുഖ-
ത്തു,ളിമട്ടാമളകങ്ങൾ ചിന്നിയും
കളിയാടി വിളുത്ത നിന്നിളം-
തളിർമെയ്യിപ്പൊഴുമോപ്പുതുണ്ടു ഞാൻ.

തളയും വളയും കിലുങ്ങുമാ-
റിളയിൽപ്പിച്ചനടന്നു, പൈതൽ നീ
വിളയാടുവതുണ്ടി,വൻെറയുൾ-
ക്കളമാം കണ്ണിനു മുമ്പിലിപ്പൊഴും.

തെളിമുത്തെതിർദന്തമണ്ഡലം
വെളിവാം പാല്പിരിയും കരച്ചിലും
കിളിനേർമൊഴിയും കലന്ന നിൻ-
നളിനാസ്യം ഹൃദി ഞാൻ മറക്കുമോ?

ക്ഷമ വിട്ടു,കലത്തുനിന്നു, വി-
ഭ്രമഹാസത്തൊടു പാഞ്ഞണഞ്ഞു നീ
സുമമോടെതിർകൊച്ചുകൈകളാൽ
മമ ജാനുക്കൾ പിടിച്ചു പുല്കവേ;

നലമോടു കുനിഞ്ഞെടുത്തു, ന-
ന്മലർമൈ മാറിലണച്ചു നിന്മുഖം
പലപാടു മുകൎന്നുപോന്നതോ-
ത്തലമിന്നും കുളിരുന്നിതെന്മനം.

കുതുകാലുടലെത്ര പുല്കിലും,
ചതുരം നിൻകളിയെത്ര കാൺകിലും,
അതുനാൾ മതിതോന്നലില്ല മേ,
പുതുതേൻകൊഞ്ചലതെത്ര കേൾക്കിലും.

Digitized By Kerala Sahitya Akademi

തവ ബല്യ,മശോകമാണ്ടിട-
യ്ക്കുവസാനിയ്ക്കുരുതൊന്നുകൂടി, ഞാൻ
ദിവസംപ്രതി നേർന്നിരുന്നു, നിൻ-
നവകൌമാരവിലാസകൌതുകാൽ!
ശരിയായ് നിറവേറി ദൈവമാ-
പ്പെരിയോരെൻകൊതിയെങ്കിലി,ന്നു ഞാൻ
അരിമപ്പെട്ടമേകദോദരി-
യ്ക്കരിയായ്ത്തീർന്നിട്ടമായിരുന്നുവോ?

തവ സോദരരഞ്ചുപേരിൽവെ-
ച്ചെ,വനേറ്റം പ്രതിപത്തി നിൻെറ മേൽ;
അവനാണൊ നിനക്കു, പിമ്പബാ-
ന്ധവനായ്ത്തീർന്നതി,— തെത്ര ദുസ്സഹം!'
സരളേ മമ, വാസ്തവത്തിൽ, നീ
വരഭർത്താവൊട്ട ചേർന്നുകാണുവാൻ
ചിരമേറിയൊരാശതന്നെയാ-
ണു,രപേറം പിഴ ചേർത്തതിത്രയും.
സുമഹത്തരസൌഹൃദത്തിനാൽ,
മമ പെങ്ങൾക്കു മണാളനാകുവാൻ
'ദമഘോഷജ'നാണു യോഗ്യനെ-
ന്ന,മലേ, ഹന്ത, നിനച്ചുപോയി ഞാൻ!'
സ്ഥിരപൌരുഷശാലി, 'ചേദി'ഭൂ-
വരനദ്ദേഹമനിന്ദിതാനചയൻ!
നിരസിയ്ക്കുവതെങ്ങി,വണ്ണമാം
വരനെക്കന്യകതൻെറ കൂറുകാർ?

Digitized By Kerala Sahitya Akademi

ഒരു സോദരിയുള്ളതിൻെറ ക-
യ്യൊരു 'ചെങ്കോലു'പിടിച്ച കയ്യുമായ്
ഒരുമിപ്പതിനദ്യമിപ്പതി,-
പ്പുരുഷന്മാരുടെ ധർമ്മമല്ലയോ?

വിരിവേറിയ ചേദിനാട്ടിനീ-
ശ്വരിയെന്നുള്ള പദം ത്യജിയ്ക്കയാൽ
ശരിയാമനുരാഗമെന്നതിൻ-
പരിമാണത്തെ വെളിപ്പെടുത്തി നീ.

സതിതന്നനുരാഗമേതു വൻ-
പ്രതിബന്ധങ്ങളെയും കടന്നുപോയ്
ക്ഷതി വിട്ടൊടുവിൽജ്ജയിയ്ക്കുമെ-
ന്നതിനീ, നിൻചരിതം നിദർശനം.

ഭവദീയവിവാഹകാലമേ-
തി?—വനിച്ചെപ്പോൾവൊരു കാലമേതുവാൻ?
ശിവനേ വിഷ്ണുവൈകസക്തിയാൽ
ദിവസപ്പോക്കറിയുന്നതില്ല നാം!

കുലനന്ദിനി, കേവലം വധൂ-
നിലവിട്ടിപ്പൊഴൊരമ്മയായി നീ;
പല പൂരുഷലക്ഷണങ്ങളാൽ,
വിലസും നിൻസുതനും ഗൃഹാർഹനായ്.

ഗതമായ് നെടുനാളിതെങ്കിലും,
നിതരാം നൂതനമായ്ജ്ജ്വലിപ്പു മേ,
സുതനു, തായി മുഷ്ക്കുകാട്ടലാൽ-
കൃതമായോരനുതാപസങ്കടം.

Digitized By Kerala Sahitya Akademi

പരമുണ്ട സമൃദ്ധിയെങ്കിലും,
കരളിൽ ശല്യമിതേററിരിയ്ക്കയാൽ
നരകാഭമെനിയ്ക്ക പാരിടം;
ഭരമായ്ത്തീർന്നിതു ജീവധാരണം.

ക്ഷതബാന്ധവനായ്; സപത്നന-
ച്യുതനായ്; ഞാൻ പ്രജകറംക്ക ഹാസ്യനായ്
ബത, നിന്നെയുപദ്രവിച്ചതിൻ-
മിതമാകും ഫലമാണിതൊക്കയും!

മനതാരെരിയുംപ്രകാരമി-
ജ്ജനമേറെപ്പിഴ ചെയ്തിരിയ്ക്കിലും,
തനതഗ്രജനെന്നു മാത്രമോ-
ർത്തു,നഘേ, മാപ്പിവനേകിടേണമേ!

അഥവാ പറയേണ്ടതില്ലിതെ;-ൻ-
കഥ തീർപ്പാൻ തുനിയുന്ന കാന്തനെ,
വ്യഥ പൂണ്ട തടുത്തു, സോദര-
പ്രഥമാനപ്രിയമന്നു കാട്ടി നീ.

നൃപപുംഗവപുത്രി, ചിത്രമെ-
ന്തു,പരാധം മമ നീ പൊറുത്തതും
അപകാരപരൻെറ പേരിലും
കൃപ ചെയ്യന്നതു സജ്ജനവ്രതം.

അയവില്ല മമാർത്തികറംക്കഹോ,
ദയയാലെൻ പിഴ നീ മറക്കിലും:
സ്വയമോർത്തുപശാന്തി ചെയ്യിലേ,
നിയതം പാതകി നിർവ്വതിപ്പെടു:

Digitized By Kerala Sahitya Akademi

തരുണീദശയെ പ്രപന്നയായ്
മരുവും മൽസുതയെ ത്വദന്തികേ
ഒരുപായനമായിവെയ്ക്കുവാൻ
കരുതുന്നേൻ കലുഷക്ഷയൈഷി ഞാൻ:

തവ പൊന്നുമകന്നുവേണ്ടി, നീ-
യിവളെസ്സാധ്വി, പരിഗ്രഹിയ്ക്കിലേ
ഭവദഗ്രജനാശംസിയ്ക്കുവാ-
നവകാശം ചെറുതിങ്ങു കൈവരൂ.

പരുഷാന്ധബലതരായ്പ്പരാക്രമം
പെരുകും ദാനവതൻശിരസ്സുകൾ,
വിരുതേറിയ ബാലനാമെവ-
ന്നരുമപ്പന്തുകളായ്ച്ചമഞ്ഞുവോ;

ഖരശംബരകണ്ഠശോണിതോൽ-
ക്കരകാശ്മീരമണിഞ്ഞു മേനിയിൽ
വരഭാസ്സ്വനദ്വിതീയനായ്
വരണംചെയ്തിതു വീരലക്ഷ്മിയെ;

പെരുതുന്നതമാക്കി മന്നിലേ-
തൊരുവൻ കൃഷ്ണകുലത്തെ നന്മയാൽ;
ഗുരുവീര്യനെവൻ ഹലായുധ-
ന്നൊരു രണ്ടാംമദമായിരിപ്പിതോ;

ഉലകിന്നൊരു നീലചന്ദ്രനായ്
വിലസുന്നേതു വിശിഷ്ടരൂപനെ
അഖർബ്ബാണനവാവതാരമായ്-
പ്പലരും വാഴ്ത്തിവരുന്നു കാണികൾ;

Digitized By Kerala Sahitya Akademi

സദനസ്മൃതകർമ്മലഭ്യമായ്,
സുദതി, ക്ഷത്രിയമാർ കൊതിപ്പതായ്
അദരോന്നതമായ വീരസൂ-
പദ,മാരാലധിരൂഢയായി നീ;

അവനെൻ പ്രിയഭാഗിനേയനെ-
ന്ന,വലേപം ഹൃദി വായ്ച്ചിടുന്നു മേ!
അവനിൽ പ്രതിപത്തി തോന്നിടാ-
ത്തവളല്ലെൻ്റെ വിനീതയാം മകൾ.

ഒരു വീരനു യോഗ്യയല്ല നിൻ-
ഗ്ഗുരുസോദര്യകുമാരിയെങ്കിലോ,
കരുതില്ലി,വളാൽഗൃഹാശ്രമം
മരുവാക്കാൻ മമ വത്സകന്നു ഞാൻ.

ദിവസംപ്രതി മാം വരിപ്പതു-
ണ്ടിവളെബ്ബന്ധുജനങ്ങളിൽച്ചിലർ;
അവരോടു മറുത്തുചൊല്ലു വ-
യ്യിവനെന്നങ്ങറിവുള്ളതല്ലയോ!

ഹിതമിങ്ങിതു താൻ സ്വയംവരാ-
ഗതനായ്, നിന്നെ മുരാരിപോലവേ,
ചിതമോടു ഹരിച്ചിടട്ടെ നിൻ-
സുതനീ 'രുഗ്മവതീ'കുമാരിയെ.

ഇതാണു രുഗ്മിയ്ക്കൊരപേക്ഷ; വിസ്തരി-
പ്പതാകിലിക്കത്തതിദീർഘമായ്‌വരും:
കൃതാഘനുണ്ടാമനുതാപവാപ്തിനെ-
ന്നിതാല്പമോർത്താൽ മതി, ബുദ്ധിയുള്ള നീ!"

Digitized By Kerala Sahitya Akademi

# വള്ളത്തോൾ സുധ

## രണ്ടാം ഭാഗം



സുന്ദരമായ രൂപവും സുന്ദരമായ ഭാവവും—അതാണ് വള്ളത്തോൾക്കവിത. രണ്ടിന്റെയും അകൃത്രിമവും അവിഭാജ്യവുമായ സമ്മേളനം ആ കാവ്യകലയ്ക്ക് അനന്യാദൃശവും അനിർവ്വാച്യവുമായ ഒരു സുഷമാവിശേഷം സംജാതമാക്കിയിരിക്കുന്നു. സ്വാനുഭൂതിയിൽനിന്ന് ഉരുത്തിരിഞ്ഞ് നൈസർഗ്ഗികമായി പൊന്തിവരുന്ന ഭാവനയ്ക്കേ അദ്ദേഹം വാഗ്രൂപം ചെ[illegible]ക്കാറുള്ളു. കേരളത്തിന്റെ സൌന്ദര്യത്തെ ഇത്ര രമണീയമായി ആവിഷ്കരിച്ചിട്ടുള്ള മറെറാരു കവി ഉണ്ടെന്നു തോന്നുന്നില്ല.

മഹാകവിയുടെ തിരഞ്ഞെടുത്ത നല്ല കവിതകളുടെ രണ്ടാംഭാഗമാണിത്.


വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി.


Digitized By Kerala Sahitya Akademi